بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡدِ

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 11    ലക്കം 10-11

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാർഷിക വരിസംഖ്യ 600

www.akhbarbadrqadian.in

പത്രാധിപർ
എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ
മുഹമ്മദ് ഇസ്മായീൽ

2026 മാർച്ച് 5-12 • ഹി.ശം 1405 അമാൻ 5-12 • ഹിജ്‌രി ഖമരി 1447 റമദാൻ 15-22



## വിശുദ്ധ ഖുർആനിൽ നിന്ന്:

هُوَ الَّذِیۡ بَعَثَ فِی الۡاُمِّیّٖنَ رَسُوۡلًا مِّنۡهُمۡ یَتۡلُوۡا عَلَیۡهِمۡ اٰیٰتِهٖ وَیُزَکِّیۡهِمۡ وَیُعَلِّمُهُمُ الۡکِتٰبَ وَالۡحِکۡمَۃَ ٭ وَاِنۡ کَانُوۡا مِنۡ قَبۡلُ لَفِیۡ ضَلٰلٍ مُّبِیۡنٍ ۙ○

അവൻ തന്നെയാണ് അക്ഷരജ്ഞാനമില്ലാത്ത ആ ജനതയിൽ അവരിൽ നിന്നു തന്നെയുള്ള ഒരു ദൂതനെ നിയോഗിച്ചത്. അദ്ദേഹം അവർക്ക് അവന്റെ വചനങ്ങൾ പാരായണം ചെയ്യുകയും അവരെ പരിശുദ്ധീകരിക്കുകയും അവർക്ക് ഗ്രന്ഥത്തിന്റെയും തത്ത്വജ്ഞാനത്തിന്റെയും അദ്ധ്യാപനം നൽകുകയും ചെയ്യുന്നു. ഇതിനുമുമ്പ് അവർ സ്പഷ്ടമായ വഴികേടിലായിരുന്നു താനും. (വി.ഖു. 62:3)



ഹദീസ്:

## വാഗ്ദത്ത മഹ്ദീ മസീഹിന്റെ ആഗമനവും ഇസ്‌ലാമിന്റെ പുനരുജ്ജീവനവും

قَالَ رَسُوۡلُ اللّٰہِ صَلَّی اللّٰہُ عَلَیۡہِ وَسَلَّمَ وَالَّذِیۡ نَفۡسِیۡ بِیَدِہٖ لَیُوۡشِکَنَّ اَنۡ یَّنۡزِلَ فِیۡکُمۡ ابۡنُ مَرۡیَمَ حَکَمًا عَدۡلًا فَیَکۡسِرُ الصَّلِیۡبَ وَیَقۡتُلُ الۡخِنۡزِیۡرَ وَیَضَعُ الۡجِزۡیَۃَ وَیُفِیۡضُ الۡمَالَ حَتّٰی لَا یَقۡبَلَہٗ اَحَدٌ حَتّٰی تَکُوۡنَ السَّجۡدَۃُ الۡوَاحِدَۃُ خَیۡرًا مِّنَ الدُّنۡیَا وَمَا فِیۡهَا ۔ (صحیح بخاری پارہ ۱۳ کتاب الانبیاء باب نزول عیسیٰ بن مریم)


നബി(സ) പറയുന്നു : എന്റെ ആത്മാവ് ആരുടെ കയ്യിലാണോ അവൻ തന്നെ സത്യം! തീർച്ചയായും മർയമിന്റെ മകൻ (ഈസാ നബി) നീതിമാനായ ഒരു ഭരണാധികാരിയായി നിങ്ങൾക്കിടയിൽ ഇറങ്ങിവരുന്ന സമയം അടുത്തിരിക്കുന്നു. അദ്ദേഹം കുരിശ് തകർക്കുകയും, പന്നിയെ കൊല്ലുകയും, ജിസ്‌യ (നികുതി) നിർത്തലാക്കുകയും ചെയ്യും. അന്ന് സമ്പത്ത്, അത് സ്വീകരിക്കാൻ ഒരാളെപ്പോലും കിട്ടാത്തവിധം വളരെയധികം വർദ്ധിക്കും;. അന്ന് അല്ലാഹുവിന് ചെയ്യുന്ന ഒരു സുജൂദ് (സാഷ്ടാംഗം) ഈ ലോകത്തെക്കാളും അതിലുള്ളതിനേക്കാളും ഉത്തമമായിത്തീരും.' *(സ്വഹീഹ് ബുഖാരി, കിതാബുൽ അൻബിയാ, ബാബു നുസൂലി ഈസാ ബിൻ മർയം)*

عَنۡ اَبِیۡ هُرَیۡرَۃَ عَنِ النَّبِیِّ صَلَّی اللّٰہُ عَلَیۡہِ وَسَلَّمَ قَالَ یُوۡشِکُ مَنۡ عَاشَ مِنۡکُمۡ اَنۡ یَّلۡقٰی عِیۡسَی ابۡنَ مَرۡیَمَ اِمَامًا مَّهۡدِیًّا وَحَکَمًا عَدۡلًا فَیَکۡسِرُ الصَّلِیۡبَ وَیَقۡتُلُ الۡخِنۡزِیۡرَ وَیَضَعُ الۡجِزۡیَۃَ وَتَضَعُ الۡحَرۡبُ اَوۡزَارَهَا ۔ (مسند احمد بن حنبل جلد ۲ ص ۴۱۱)

ഹദ്റത്ത് അബൂഹുറയ്റ(റ) വിൽ നിന്ന് നിവേദനം: തിരുനബി(സ) പറഞ്ഞു: 'നിങ്ങളിൽ ആരെങ്കിലും ജീവിച്ചിരിക്കുകയാണെങ്കിൽ, അവർ ഈസാ ബിൻ മർയമിനെ കാണുന്ന സമയം അടുത്തിരിക്കുന്നു. അദ്ദേഹം ഇമാം മഹ്ദിയും നീതിമാനായ വിധികർത്താവുമായിരിക്കും. അദ്ദേഹം കുരിശ് തകർക്കുകയും പന്നിയെ വധിക്കുകയും ജിസ്‌യ ഒഴിവാക്കുകയും ചെയ്യും. യുദ്ധം അതിന്റെ ആയുധങ്ങൾ താഴെ വെക്കും (അതായത് മതപരമായ യുദ്ധങ്ങൾ അവസാനിക്കും). *(മുസ്നദ് അഹ്മദ് ബിൻ ഹൻബൽ)*

عَنۡ اَبِیۡ هُرَیۡرَۃَ رَضِیَ اللّٰہُ عَنۡہُ قَالَ کُنَّا جُلُوۡسًا عِنۡدَ النَّبِیِّ صَلَّی اللّٰہُ عَلَیۡہِ وَسَلَّمَ فَاُنۡزِلَتۡ عَلَیۡہِ سُوۡرَۃُ الۡجُمُعَۃِ وَاٰخَرِیۡنَ مِنۡهُمۡ لَمَّا یَلۡحَقُوۡا بِهِمۡ قَالَ قُلۡتُ مَنۡ هُمۡ یَا رَسُوۡلَ اللّٰہِ فَلَمۡ یُرَاجِعۡهُ حَتّٰی سَاَلَ ثَلٰثًا وَفِیۡنَا سَلۡمَانُ الۡفَارِسِیُّ وَضَعَ رَسُوۡلُ اللّٰہِ صَلَّی اللّٰہُ عَلَیۡہِ وَسَلَّمَ یَدَہٗ عَلٰی سَلۡمَانَ ثُمَّ قَالَ لَوۡ کَانَ الۡاِیۡمَانُ عِنۡدَ الثُّرَیَّا لَنَالَہٗ رِجَالٌ اَوۡ رَجُلٌ مِّنۡ هٰۤؤُلَآءِ ۔ (بخاری کتاب التفسیر باب الجمعہ)

ഹദ്റത്ത് അബൂഹുറൈറ(റ) വിൽ നിന്ന് നിവേദനം: അദ്ദേഹം പറയുന്നു: ഞങ്ങൾ തിരുനബി(സ)യോടൊപ്പം ഇരിക്കുകയായിരുന്നു. ആ സമയം സൂറത്തുൽ ജുമുഅയിലെ '**വ ആഖരീന മിൻഹും ലമ്മാ യൽഹഖൂ ബിഹിം**' എന്ന വചനം അദ്ദേഹത്തിന് അവതരിക്കപ്പെട്ടു. ഞാൻ ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ! അവർ ആരാണ്?' അദ്ദേഹം മറുപടി നൽകിയില്ല. മൂന്ന് തവണ ഞാൻ ഇത് ആവർത്തിച്ചു. ഞങ്ങളുടെ കൂട്ടത്തിൽ ഹദ്റത്ത് സൽമാൻ ഫാരിസി(റ) വും ഇരിക്കുന്നുണ്ടായിരുന്നു. തിരുനബി(സ) തന്റെ കൈ സൽമാൻ(റ)വിന്റെ ചുമലിൽ വെച്ചുകൊണ്ട് പറഞ്ഞു: 'ഈമാൻ (വിശ്വാസം) സുരയ്യ നക്ഷത്രത്തോളം ഉയർന്നു പോയാലും ഇവരിൽപ്പെട്ട ചില ആളുകൾ അല്ലെങ്കിൽ ഒരാൾ അത് തിരിച്ചു കൊണ്ടുവരും.*(ബുഖാരി, കിതാബുത്തഫ്സീർ, ബാബുൽ ജുമുഅ)*



## ഖത്തമുന്നുബവ്വത്തിന്റെ യാഥാർഥ്യവും വാഗ്ദത്ത മഹ്ദീ മസീഹിന്റെ സത്യസാക്ഷ്യവും

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

'നമ്മുടെ മതത്തിന്റെ സാരവും അന്തസത്തയും **ലാ ഇലാഹ ഇല്ലല്ലാഹ് മുഹമ്മദുർ റസൂലുല്ലാഹ്** എന്നതാണ്. ഈ ഐഹിക ജീവിതത്തിൽ നമ്മൾ പുലർത്തുന്നതും അല്ലാഹുവിന്റെ അനുഗ്രഹത്താലും തൗഫീഖിനാലും ഈ നശ്വര ലോകത്ത് നിന്ന് നമ്മൾ വിടവാങ്ങുമ്പോൾ കൂടെയുണ്ടാകുന്നതുമായ വിശ്വാസം ഇതാണ്: നമ്മുടെ നേതാവും യജമാനരുമായ മുഹമ്മദ് മുസ്തഫ(സ) ഖാത്തമുന്നബിയ്യീനും ഖൈറുൽ മുർസലീനും ആകുന്നു. അവിടുത്തെ കരങ്ങളാൽ മതം പൂർത്തിയാക്കപ്പെട്ടു. അതുമുഖേന മാത്രമേ മനുഷ്യന് സന്മാർഗ്ഗം സ്വായത്തമാക്കി അല്ലാഹുവിലേക്ക് എത്തുവാൻ സാധിക്കുകയുള്ളൂ.' ആ അനുഗ്രഹം അതിന്റെ പൂർണ്ണതയിലെത്തി. വിശുദ്ധ ഖുർആൻ ആകാശഗ്രന്ഥങ്ങളിൽ അവസാനത്തേതാണെന്നും, അതിലെ നിയമങ്ങളിലോ പരിധികളിലോ കൽപനകളിലോ ഒരു പുള്ളിയോ അക്ഷരമോ കൂട്ടാനോ കുറയ്ക്കാനോ സാധ്യമല്ലെന്നും നാം ഉറച്ചു വിശ്വസിക്കുന്നു. വിശുദ്ധ ഖുർആനിലെ കൽപനകളിൽ ഭേദഗതിയോ ദുർബലപ്പെടുത്തലോ മാറ്റമോ വരുത്തുന്ന ഒരു വഹിയോ ഇൽഹാമോ ഇനി അല്ലാഹുവിൽ നിന്ന് ഉണ്ടാവുകയില്ല. ആരെങ്കിലും അപ്രകാരം കരുതുന്നുവെങ്കിൽ അവർ നമ്മുടെ വീക്ഷണത്തിൽ സത്യവിശ്വാസികളുടെ സമൂഹത്തിൽ നിന്ന് പുറത്തായവരും മുൽഹിദും കാഫിറുമാണ്.' *(ഇസാലയെ ഔഹാം, റൂഹാനി ഖസാഇൻ വാല്യം 3, പേജ് 169170)*

'എന്നെ നിയോഗിച്ചവനും, ആരുടെ പേരിൽ കളവ് കെട്ടിച്ചമയ്ക്കുന്നത് ശപിക്കപ്പെട്ടവരുടെ ജോലിയാണോ

ശേഷം പേജ് 17 ൽ

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത് പ്രൊപ്രൈറ്റർ നിഗ്രാൻ ബദർ ബോർഡ്, ഖാദിയാൻ

لَا اِلٰهَ اِلَّا اللّٰهُ مُحَمَّدٌ رَّسُوْلُ اللّٰهِ

(എഡിറ്റോറിയൽ)

# പരിശുദ്ധ റമദാൻ : തിരുനബി(സ)യുടെ മഹത്തായ സത്യസാക്ഷ്യം

ഇൽഹാമിന്റെ വെളിച്ചത്തിൽ നീതിമാനായ വിധികർത്താവിന്റെ തീരുമാനങ്ങൾ

ഈ ഉമ്മത്തിൽ ഇമാം മഹ്ദിയും മസീഹ് മൗഊദും 'ഹകം', 'അദ്ല്' (നീതിമാനായ വിധികർത്താവ്) എന്നീ പദവികളോടെയായിരിക്കും വരികയെന്ന് ഹദ്റത്ത് മുഹമ്മദ് മുസ്തഫ തിരുനബി(സ) സന്തോഷവാർത്ത അറിയിച്ചിരുന്നു. മുസ്നദ് അഹ്മദ് ബിൻ ഹൻബലിൽ ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്ത ഹദീസിലെ വാക്കുകൾ ഇപ്രകാരമാണ്:

يُوشِكُ مَنْ عَاشَ مِنْكُمْ أَنْ يَلْقَى عِيسَى ابْنَ مَرْيَمَ إِمَامًا مَهْدِيًّا وَحَكَمًا عَدْلًا، فَيَكْسِرَ الصَّلِيبَ، وَيَقْتُلَ الْخِنْزِيرَ

(مسند احمد بن حنبل جلد 2 صفحہ 411 مطبوعہ مصر بروایت حضرت ابوہریرہؓ)

'നിങ്ങളിൽ ജീവിച്ചിരിക്കുന്നവർ മർയമിന്റെ മകൻ ഈസായെ കണ്ടുമുട്ടാൻ സമയമായിരിക്കുന്നു. അദ്ദേഹം ഇമാം മഹ്ദിയും ഹകമും അദ്ലുമായിരിക്കും. അദ്ദേഹം കുരിശ് ഉടയ്ക്കുകയും പന്നിയെ കൊല്ലുകയും ചെയ്യും.'

നിങ്ങളിൽ ആരെങ്കിലും ജീവിച്ചിരിപ്പുണ്ടെങ്കിൽ അവർ മർയമിന്റെ മകൻ ഈസായെ കണ്ടുമുട്ടുമെന്നും, അദ്ദേഹം ഇമാം മഹ്ദിയും നീതിമാനായ വിധികർത്താവും ആയിരിക്കും എന്നതാണ് ഈ ഹദീസിന്റെ സാരം. അദ്ദേഹം ഉമ്മത്തിലെ ഭിന്നതകളിൽ വിധി പറയുകയും, കുരിശ് ഉടയ്ക്കുകയും പന്നിയെ കൊല്ലുകയും ചെയ്യും.

മസീഹ് മൗഊദ് ഒരു 'ഹകമും അദ്ലും' ആയിരിക്കും എന്ന് ഈ ഹദീസിൽ പറഞ്ഞതിന്റെ വ്യക്തമായ അർത്ഥം, അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ മുസ്ലീങ്ങൾക്കിടയിൽ അനേകം വിഭാഗങ്ങൾ ഉണ്ടാവുകയും അവർക്കിടയിൽ വലിയ അഭിപ്രായ വ്യത്യാസങ്ങൾ ഉടലെടുക്കുകയും ചെയ്യും എന്നാണ്. ഇസ്ലാമിക വിശ്വാസങ്ങളെയും കൽപ്പനകളെയും മനസ്സിലാക്കുന്നതിൽ പണ്ഡിതന്മാർക്ക് പോലും പരിഹരിക്കാൻ കഴിയാത്ത വിധം തെറ്റിദ്ധാരണകൾ വ്യാപിക്കും. അപ്പോൾ അല്ലാഹുവിന്റെ പ്രതിനിധിയായ ഇമാം മഹ്ദി ദൈവിക വെളിപാടുകളുടെ (ഇൽഹാം) വെളിച്ചത്തിൽ ഈ ഭിന്നതകൾ നീക്കം ചെയ്യും.

അല്ലാഹു തആലാ ഹദ്റത്ത് മസീഹ് മൗഊദ്(അ) നെ ഇമാം മഹ്ദിയും വാഗ്ദത്ത മസീഹുമായി നിയോഗിച്ചപ്പോൾ, മുസ്ലിം വിഭാഗങ്ങൾക്കിടയിൽ ഭിന്നതകൾ വർദ്ധിച്ചിരുന്നു. സാധാരണക്കാർ മാത്രമല്ല പണ്ഡിതന്മാർ പോലും പരസ്പരം കലഹത്തിലായിരുന്നു. തങ്ങൾ സ്വയം ചമച്ചുണ്ടാക്കിയ വിശ്വാസങ്ങൾ ഉപേക്ഷിക്കാൻ തയ്യാറാകുകയോ എതിർവിഭാഗത്തെ കാര്യങ്ങൾ ബോധ്യപ്പെടുത്തുകയോ ചെയ്യുന്നതിന് പകരം മുസ്ലീങ്ങൾ തമ്മിൽ വാളെടുത്ത് പോരാടുകയായിരുന്നു. ഇപ്പോഴും ചെറിയ കാര്യങ്ങളുടെ പേരിൽ പോലും മറ്റുള്ളവരെ മുർദ്ദദ് (മതത്യാഗി) എന്ന് വിളിച്ച് കൊലപ്പെടുത്തുന്ന അവസ്ഥ നിലനിൽക്കുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) അല്ലാഹുവിന്റെ കൽപ്പനപ്രകാരം ഇൽഹാമിന്റെ വെളിച്ചത്തിൽ കൊണ്ടുവന്ന പരിഷ്കരണങ്ങളെക്കുറിച്ച് പറയുന്നതിന് മുമ്പ്, മുസ്ലീങ്ങൾക്കിടയിൽ വ്യാപിച്ചിരുന്ന ചില തെറ്റായ വിശ്വാസങ്ങളെക്കുറിച്ച് പരാമർശിക്കേണ്ടതുണ്ട്. ക്രൈസ്തവ സ്വാധീനത്താൽ ഖുർആനും ഹദീസിനും വിരുദ്ധമായി, ഈസാ നബി(അ) ഭൗതികശരീരത്തോടെ ആകാശത്ത് ജീവിച്ചിരിക്കുന്നുണ്ടെന്നും മുസ്ലീങ്ങളെ പരിഷ്കരിക്കാൻ അതേ ശരീരത്തോടെ അദ്ദേഹം ആകാശത്തുനിന്ന് ഇറങ്ങിവരുമെന്നുമുള്ള വിശ്വാസം മുസ്ലീങ്ങൾക്കിടയിൽ പടർന്നിരുന്നു.

എന്നാൽ, ഈസാ നബി(അ)യെ അല്ലാഹു കുരിശുമരണത്തിൽ നിന്ന് രക്ഷിച്ചുവെന്നും, അദ്ദേഹം ഇസ്രായേൽ വംശത്തിലെ കാണാതായ ആടുകളെ (ഗോത്രങ്ങളെ) തേടി ഹിജ്റ പോയെന്നും, ഒടുവിൽ 120ാം വയസ്സിൽ കശ്മീരിൽ വെച്ച് അദ്ദേഹം വഫാത്തായെന്നും വിശുദ്ധ ഖുർആനിൽ നിന്ന് മുപ്പതോളം തെളിവുകൾ സഹിതം ഹദ്റത്ത് മസീഹ് മൗഊദ്(അ) സൂര്യപ്രകാശം പോലെ വ്യക്തമാക്കിക്കൊടുത്തു. ശ്രീനഗറിലെ ഖാനിയാർ എന്ന സ്ഥലത്ത് അദ്ദേഹത്തിന്റെ ഖബറിടം ഇന്നുമുണ്ട്. മുപ്പതോളം ഖുർആൻ സൂക്തങ്ങളിലൂടെ ഈസാ നബി(അ)യുടെ വഫാത്ത് സ്ഥിരീകരിച്ചതോടൊപ്പം തന്നെ, ഇൽഹാമിന്റെ വെളിച്ചത്തിലും ചരിത്ര വസ്തുതകളിലൂടെയും അദ്ദേഹം കുരിശുമരണത്തിൽ നിന്ന് രക്ഷപ്പെട്ട് അഫ്ഗാനിസ്ഥാൻ വഴി കശ്മീരിലെത്തിയെന്നും അവിടെ വെച്ചാണ് മരണപ്പെട്ടതെന്നും ആ മഹാത്മാവ് തെളിയിച്ചു. ഇന്ന് മുസ്ലീങ്ങൾ മാത്രമല്ല, ലോകത്തിലെ പ്രമുഖ ഗവേഷകരും ചരിത്രകാരന്മാരും ഈസാ നബി(അ)യുടെ വഫാത്തും കശ്മീരിലേക്കുള്ള അദ്ദേഹത്തിന്റെ ഹിജ്റയും സ്ഥിരീകരിച്ച് പഠനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഈസാ നബി(അ)യുടെ വഫാത്ത് തെളിയിച്ചതിലൂടെ, യേശുക്രിസ്തു ദൈവമാണെന്നും ദൈവപുത്രനാണെന്നുമുള്ള ക്രൈസ്തവരുടെ മിഥ്യാധാരണയെ ഹദ്റത്ത് മസീഹ് മൗഊദ്(അ) തകർത്തെറിഞ്ഞു. കൂടാതെ, ഈസാ നബി(അ) ഭൗതികശരീരത്തോടെ ആകാശത്തേക്ക് പോയെന്നും അതേ ശരീരത്തോടെ തിരികെ വരുമെന്നുമുള്ള മുസ്ലീങ്ങളുടെ തെറ്റായ വിശ്വാസത്തെയും അവിടുന്ന് തിരുത്തി. ഈ മഹത്തായ സത്യം വെളിപ്പെട്ടതോടെ, മുസ്ലീങ്ങളിലെയും ക്രൈസ്തവരിലെയും ചിന്താശീലരായ ആളുകൾ അഹ്മദിയ്യത്ത് അഥവാ യഥാർത്ഥ ഇസ്ലാമിലേക്ക് കടന്നുവന്നുകൊണ്ടിരിക്കുകയാണ്. ഈ ഭാഗ്യം ലഭിക്കാത്തവർ മസീഹ് മൗഊദിന്റെ വരവിനെ നിഷേധിക്കുകയും അതൊരു കെട്ടുകഥയാണെന്ന് പറയുകയും ചെയ്യുന്നു. ഇവർ ഖുർആനെയും ഹദീസിനെയും മാത്രമല്ല, ഇമാം മഹ്ദിയുടെയും മസീഹ് മൗഊദിന്റെയും വരവിനായി കാത്തിരിക്കുകയും ദൈവിക വെളിപാടിലൂടെ അതിനെക്കുറിച്ച് അറിയിക്കുകയും ചെയ്ത ഉമ്മത്തിലെ ആയിരക്കണക്കിന് മഹത്തുക്കളെ കൂടി കളവാക്കുകയാണ് ചെയ്യുന്നത്.

(2) തിരുനബി(സ)ക്ക് ശേഷം അവിടുത്തെ ഉമ്മത്തിൽപ്പെട്ട ഒരാൾ പോലും ഖിയാമത്ത് നാൾ വരെ നബിയായി വരില്ലെന്ന ഒരു തെറ്റിദ്ധാരണ മുസ്ലീങ്ങൾക്കിടയിൽ വ്യാപിച്ചിരുന്നു. എന്നാൽ, നുബുവ്വത്ത് (പ്രവാചകത്വം) എന്നത് അല്ലാഹു തിരുനബി(സ)യുടെ ഉമ്മത്തിനായി പ്രത്യേകമായി മാറ്റിവെച്ചിട്ടുള്ള ഒരു പദവിയാണെന്ന് ഖുർആനിലെ തെളിവുകളിലൂടെ അവിടുന്ന് സ്ഥാപിച്ചു. അവിടുന്ന് ഇപ്രകാരം പറഞ്ഞു: 'ഞാനും തിരുനബി(സ)യുടെ ഒരു അടിമ (ഗുലാം) ആയതിനാൽ, ആ അടിമത്തത്തിന്റെ അനുഗ്രഹത്താലാണ് അല്ലാഹു എനിക്ക് നുബുവ്വത്ത് എന്ന അനുഗ്രഹവും അല്ലാഹുവുമായുള്ള സംഭാഷണ (മുകാലമ മുഖാത്വബ) പദവിയും നൽകിയത്.'

തിരുനബി(സ)ക്ക് ശേഷം ഒരു നബിയും വരില്ലെന്ന് വിശ്വസിക്കുമ്പോഴും, ബനൂ ഇസ്രായേലിലെ ഈസാ നബി(അ)യെ ഉമ്മത്തെ മുഹമ്മദിയ്യയിൽ ഒരു നബിയായി കൊണ്ടുവരുന്നതിലെ വൈരുദ്ധ്യം ഹദ്റത്ത് മസീഹ് മൗഊദ്(അ) ചൂണ്ടിക്കാട്ടി. തിരുനബി(സ)യുടെ അനുയായികളിൽ നിന്നും ദാസന്മാരിൽ നിന്നും ഒരു നബി വരുന്നതിനെ നിഷേധിക്കുന്നവർ യഥാർത്ഥത്തിൽ തിരുനബി(സ)യെ അപമാനിക്കുകയാണെന്ന് അവിടുന്ന് വ്യക്തമാക്കി. അദ്ദേഹം പറയുന്നു:

'ഞാൻ തിരുനബി(സ)യുടെ ഉമ്മത്തിയും അനുസാരിയും അല്ലായിരുന്നുവെങ്കിൽ, എന്റെ കർമ്മങ്ങൾ ലോകത്തിലെ എല്ലാ മലകളോളം വലുതാണെങ്കിൽ പോലും ഈ സംഭാഷണ പദവി (മുകാലമ മുഖാത്വബ) എനിക്ക് ഒരിക്കലും ലഭിക്കുമായിരുന്നില്ല. കാരണം മുഹമ്മദീയ പ്രവാചകത്വമല്ലാതെ മറ്റെല്ലാ പ്രവാചകത്വങ്ങളും ഇപ്പോൾ അടയ്ക്കപ്പെട്ടിരിക്കുന്നു. ശരീഅത്തുള്ള ഒരു നബിയും ഇനി വരില്ല. ശരീഅത്തില്ലാത്ത നബി വരാം, പക്ഷേ അത് തിരുനബി(സ)യുടെ ഉമ്മത്തിൽ നിന്നുള്ളവർക്ക് മാത്രമായിരിക്കും.'

*(തജല്ലിയ്യാത്തെ ഇലാഹിയ:, റൂഹാനി ഖസാഇൻ വാല്യം 20, പേജ് 411,412)*

അൽഹംദുലില്ലാഹ്, കഴിഞ്ഞ നൂറ്റാണ്ടിലധികം കാലമായി ലക്ഷക്കണക്കിന് ആളുകൾ തങ്ങളുടെ തെറ്റുകൾ തിരുത്തി ഹദ്റത്ത്

ശേഷം പേജ് 24 ൽ

# ഖുത്വ്ബ ജുമുഅ

**2026 ജനുവരി 23, 1405 സുൽഹ് 23 മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സറേ), യു.കെ**

**മോക്ഷം എന്നത് രണ്ട് കാര്യങ്ങളെ ആശ്രയിച്ചിരിക്കുന്നു. ഒന്ന്, പൂർണ്ണമായ ഉറപ്പോടെ അല്ലാഹുവിന്റെ അസ്തിത്വത്തിലും ഏകത്വത്തിലും വിശ്വസിക്കുക. രണ്ട്, അല്ലാഹുവിനോടുള്ള പൂർണ്ണമായ സ്നേഹം ഹൃദയത്തിൽ കുടികൊള്ളുക; ആ സ്നേഹത്തിന്റെ ആധിക്യത്താൽ അല്ലാഹുവിനെ അനുസരിക്കുക എന്നത് തന്റെ ജീവന്റെ ആശ്വാസമായി മാറണം, അതില്ലാതെ ജീവിക്കാൻ കഴിയില്ല എന്ന അവസ്ഥ വരണം. ആ സ്നേഹം മറ്റെല്ലാ സ്നേഹങ്ങളെയും ഇല്ലാതാക്കണം.**
**(ഹദ്റത്ത് മസീഹ് മൗഊദ്(അ))**

**തിരുനബി(സ) ഏതെങ്കിലും പ്രാർഥനയുടെ ആയത്ത് പാരായണം ചെയ്യുമ്പോൾ അല്ലാഹുവിനോട് പ്രാർഥിക്കുമായിരുന്നു. അല്ലാഹുവിൽ അഭയം തേടേണ്ട ആയത്തിൽ എത്തുമ്പോൾ അഭയം തേടുകയും ചെയ്യുമായിരുന്നു.**

**അല്ലയോ മുഹമ്മദ്(സ)ന്റെ സമുദായമേ! അല്ലാഹുവാണെ, എനിക്കറിയാവുന്ന കാര്യങ്ങൾ നിങ്ങൾക്കറിയാമായിരുന്നുവെങ്കിൽ നിങ്ങൾ കൂടുതൽ കരയുകയും കുറച്ചു മാത്രം ചിരിക്കുകയും ചെയ്യുമായിരുന്നു.**

**എല്ലാ ശ്രേഷ്ഠതകളുടെയും താക്കോലും ജ്ഞാനത്തിന്റെ എല്ലാ നിധികളും അവിടുത്തേക്കാണ് നൽകപ്പെട്ടിരിക്കുന്നത്. അവിടുന്ന് വഴി അത് ലഭിക്കാത്തവൻ ശാശ്വതമായ നഷ്ടത്തിലാണ്. നാം ആരാണ്, നമ്മുടെ യാഥാർഥ്യം എന്താണ്? യഥാർഥ തൗഹീദ് ഈ നബിയിലൂടെയാണ് നമുക്ക് ലഭിച്ചതെന്ന് നാം സമ്മതിക്കുന്നില്ലെങ്കിൽ നാം നന്ദികെട്ടവരായിത്തീരും. ജീവൽ ദൈവത്തെക്കുറിച്ചുള്ള അറിവ് ഈ പൂർണ്ണ നബിയിലൂടെയും അവിടുത്തെ പ്രകാശത്തിലൂടെയുമാണ് നമുക്ക് ലഭിച്ചത്. ദൈവത്തിന്റെ മുഖം ദർശിക്കാൻ സാധിക്കുന്ന വിധത്തിലുള്ള അല്ലാഹുവിന്റെ സംസാരത്തിനും അഭിസംബോധനയ്ക്കും അർഹരായതും ഈ മഹാനായ നബിയിലൂടെയാണ്.**

**തൗഹീദിനെക്കുറിച്ച് അറിയണമെന്നുണ്ടെങ്കിൽ, അല്ലാഹുവിന്റെ അസ്തിത്വത്തെക്കുറിച്ച് ബോധ്യപ്പെടണമെന്നുണ്ടെങ്കിൽ നബി തിരുമേനി(സ)യുടെ അധ്യാപനങ്ങളെ ആഴത്തിൽ പോയി ദർശിക്കേണ്ടതുണ്ട്. വിശുദ്ധ ഖുർആനെ മനസ്സിലാക്കേണ്ടതുണ്ട്.**

**ജീവിക്കുന്ന ദൈവത്തിന്റെ ജീവസ്സുറ്റ ശക്തികൾ മനുഷ്യൻ നേരിട്ട് ദർശിക്കാത്ത കാലത്തോളം അവന്റെ ഹൃദയത്തിൽ നിന്നും പിശാച് പുറത്തു പോവുകയില്ല, സത്യസന്ധമായ തൗഹീദ് ഹൃദയത്തിൽ പ്രവേശിക്കുകയുമില്ല, ദൈവത്തിന്റെ അസ്തിത്വത്തിൽ ഉറച്ച വിശ്വാസം ഉണ്ടാവുകയുമില്ല എന്നതാണ് സത്യം. ഈ പരിശുദ്ധവും പൂർണ്ണവുമായ തൗഹീദ് നബി തിരുമേനി(സ)യിലൂടെ മാത്രമേ ലഭിക്കൂ.**

## തിരുനബി(സ)യുടെ ആരാധനാനുഷ്ഠാനങ്ങളെക്കുറിച്ചുള്ള ഹൃദയസ്പർശിയായ വിവരണം.

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**
**ایدہ اللہ تعالیٰ بنصرہ العزیز**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

തിരുനബി(സ)യുടെ ജീവിതചരിത്രത്തെക്കുറിച്ചാണ് വിവരിച്ചുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ ഖുതുബകളിൽ അല്ലാഹുവിനോടുള്ള സ്നേഹത്തെക്കുറിച്ച് പരാമർശിച്ചിരുന്നു, ഈ വിഷയത്തിൽ ഇന്ന് കൂടുതൽ കാര്യങ്ങൾ വിവരിക്കാം.

നബി തിരുമേനി(സ)യുടെ ആരാധനാമുറകളും അതിന്റെ സൗന്ദര്യവും മുൻപും വിവരിച്ചിട്ടുണ്ട്. ഇന്നും ഹദീസുകളുടെ അടിസ്ഥാനത്തിലും അതുപോലെ നബി തിരുമേനി(സ)യുടെ സത്യസന്ധനായ ദാസൻ ഹദ്റത്ത് മസീഹ് മൗഊദ്(അ) നബി തിരുമേനി(സ)യുടെ സ്ഥാനത്തെക്കുറിച്ചും അല്ലാഹുവിനോടുള്ള അനുരാഗത്തെക്കുറിച്ചും വിവരിച്ചതിന്റെ അടിസ്ഥാനത്തിലും ചില കാര്യങ്ങൾ പറയുന്നതാണ്.

ഒരു നിവേദനത്തിൽ ഇപ്രകാരം വരുന്നു, ഹദ്റത്ത് ഹുദൈഫ(റ) വിവരിക്കുന്നു: ഞാൻ നബി തിരുമേനി(സ)യോടൊപ്പം ഒരു രാത്രി നമസ്കരിക്കുകയുണ്ടായി. അവിടുന്ന് സൂറത്തുൽ ബഖറ ആരംഭിച്ചു. നൂറ് ആയത്തുകൾക്ക് ശേഷം റുകൂഅ് ചെയ്യുമെന്നാണ് ഞാൻ കരുതിയത്, എന്നാൽ തിരുനബി(സ) പാരായണം തുടർന്നു. സൂറത്ത് പൂർത്തിയാകുമ്പോൾ റുകൂഅ് ചെയ്യുമെന്ന് ഞാൻ കരുതി, പക്ഷേ നബി(സ) പാരായണം തുടർന്നു. ശേഷം റുകൂഅ് ചെയ്യുമെന്ന് ഞാൻ കരുതി, പിന്നീട് സൂറ: ആലു ഇംറാൻ ആരംഭിക്കുകയും അത് പാരായണം ചെയ്യുകയും ചെയ്തു. ശേഷം റുകൂഅ് ചെയ്യുമെന്ന് ഞാൻ വിചാരിച്ചു, പക്ഷേ നബി(സ) പാരായണം തുടർന്നു. ശേഷം അവിടുന്ന് സൂറത്തുന്നിസാഅ് ആരംഭിക്കുകയും അത് പാരായണം ചെയ്യുകയും ചെയ്തു. വളരെ സാവകാശത്തിലും നിർത്തിനിർത്തിയുമാണ് അവിടുന്ന് ഓതിയിരുന്നത്. അല്ലാഹുവിനെ തസ്ബീഹ് ചെയ്യേണ്ട ആയത്തുകൾ വരുമ്പോൾ അവിടുന്ന് തസ്ബീഹ് ചൊല്ലുമായിരുന്നു.

തിരുനബി(സ) ഏതെങ്കിലും പ്രാർഥനയുടെ ആയത്ത് പാരായണം ചെയ്യുമ്പോൾ അല്ലാഹുവിനോട് പ്രാർഥിക്കുമായിരുന്നു. അല്ലാഹുവിൽ അഭയം തേടേണ്ട ആയത്തിൽ എത്തുമ്പോൾ അഭയം തേടുകയും ചെയ്യുമായിരുന്നു.

പിന്നീട് അവിടുന്ന് റുകൂഅ് ചെയ്യുകയും سُبْحَانَ رَبِّيَ الْعَظِيْمِ (എന്റെ രക്ഷിതാവ് പരിശുദ്ധനും മഹത്വമുള്ളവനുമാണ്) എന്ന് ചൊല്ലുകയും ചെയ്തു. അവിടുത്തെ റുകൂഅ്, ഖയാം (നിൽക്കുന്ന സമയം) പോലെ തന്നെ ദീർഘമായിരുന്നു. ശേഷം سَمِعَ اللّٰهُ لِمَنْ حَمِدَهٗ (അല്ലാഹു തന്നെ സ്തുതിച്ചവന്റെ സ്തുതി കേട്ടിരിക്കുന്നു) എന്ന് പറയുകയുണ്ടായി. പിന്നീട് നബി(സ) റുകൂഅ് ചെയ്ത സമയം പോലെ ദീർഘ നേരം നിൽക്കുകകയുണ്ടായി. തുടർന്ന് സുജൂദ് ചെയ്യുകയും سُبْحَانَ رَبِّيَ الْاَعْلٰى (എന്റെ രക്ഷിതാവ് പരിശുദ്ധനും അത്യുന്നതനുമാണ്.) എന്ന് ചൊല്ലുകയും ചെയ്തു. നബി(സ)യുടെ സുജൂദ് നിൽക്കുന്ന സമയത്തിന് സമാനമായി ദീർഘമായിരുന്നു.

(صحیح مسلم مترجم جلد 3 صفحہ 270-271 کتاب صلاۃ المسافرین وقصرھا باب استحباب تطویل القراءۃ... حدیث:1283، نور فاؤنڈیشن)

നബി തിരുമേനി(സ) ഇങ്ങനെ നഫ്ൽ നമസ്കാരിക്കുന്നതായിട്ടാണ് ഒരു സ്വഹാബി കണ്ടത്.

അതുപോലെ ഹദ്റത്ത് ആയിശ(റ) വിവരിക്കുന്നു: ഒരു രാത്രി നബി തിരുമേനി(സ) ഖുർആനിലെ ഒരൊറ്റ ആയത്ത് പാരായണം ചെയ്തുകൊണ്ട് നമസ്കാരത്തിൽ നിന്നു.

(سنن الترمذی ابواب الصلاۃ، بَابُ مَا جَاءَ فِي الْقِرَاءَةِ بِاللَّيْلِ، حدیث:448)

അതായത് സൂറത്തുൽ ഫാത്തിഹക്ക് ശേഷം ഒരു ആയത്ത് തന്നെ ആവർത്തിച്ചു പാരായണം ചെയ്തുകൊണ്ടിരുന്നു. ഒരു സ്വഹാബിയുടെ നിവേദനത്തിൽ ദീർഘമായ പല സൂറത്തുകൾ ഓതിയെന്ന് പറയുന്നു. ഇവിടെ ഒരൊറ്റ ആയത്ത് തന്നെ ഓതി ദീർഘമായി നി

ന്നു എന്നാണ് പറയുന്നത്. നബി തിരുമേനി(സ)യുടെ ആ ഖയാം എത്രത്തോളം ദീർഘമായിരുന്നു എന്നതിനെക്കുറിച്ച് ഹദ്റത്ത് ആയിശ(റ)യുടെ നിവേദനം നേരത്തെ പറഞ്ഞിട്ടുണ്ടായിരുന്നു. കഴിഞ്ഞ ഖുതുബകളിൽ ഞാൻ വിവരിച്ചിരുന്നു, അവിടുത്തെ ഖിയാമും (നിറുത്തവും) റുകൂഉം സുജൂദും എത്ര ത്തോളം ദീർഘമായിരുന്നുവെന്നുവെച്ചാൽ അതിന്റെ സൗന്ദര്യത്തെക്കുറിച്ച് ചോദിക്കാനേയില്ല.

( صحیح البخاری کتاب المناقب باب کان النبی تنام عینہ ولا ینام قلبہ، حدیث:3569)

അതുപോലെ ഹദ്റത്ത് അബൂദർറ്(റ) വിവരിക്കുന്നു: നബി തിരുമേനി(സ) ആരാധനയ്ക്കായി നിൽക്കുകയും പുലർച്ചെ വരെ ഒരൊറ്റ ആയത്ത് ആവർത്തിച്ച് ഓതിക്കൊണ്ടിരിക്കുകയും ചെയ്തു. ആ ആയത്ത് ഇതായിരുന്നു:

إِنْ تُعَذِّبْهُمْ فَإِنَّهُمْ عِبَادُكَ وَإِنْ تَغْفِرْ لَهُمْ فَإِنَّكَ أَنْتَ الْعَزِيْزُ الْحَكِيْمُ

നീ അവരെ ശിക്ഷിക്കുകയാണെങ്കിൽ അവർ നിന്റെ ദാസന്മാരാണല്ലോ, നീ അവർക്ക് മാപ്പ് നൽകുകയാണെങ്കിൽ തീർച്ചയായും നീ പ്രതാപശാലിയും യുക്തിജ്ഞനുമാണ്.

(سنن ابن ماجہ کتاب اقامۃ الصلوات والسنۃ فیھا باب ماجاء فی القراءۃ فی صلاۃ اللیل، حدیث:1350)

അല്ലാഹുവിനോടുള്ള സ്നേഹം കാരണം അല്ലാഹുവിന്റെ സൃഷ്ടികളോടും ദാസന്മാരോടും നബി തിരുമേനി(സ)യുടെ ഹൃദയത്തിലുള്ള കാരുണ്യത്താൽ അവർക്ക് പാപമോചനം ലഭിക്കാൻ അവിടുന്ന് പ്രാർഥിച്ചു കൊണ്ടിരുന്നു. അല്ലാഹു അവരെ ശിക്ഷിക്കാൻ കഴിവുള്ളവനാണ്, എങ്കിലും അല്ലാഹു അവർക്ക് മാപ്പ് നല്കട്ടെ എന്നാണ് അവിടുത്തെ പ്രാർഥന, കാരണം ഈ പ്രാർഥനയും അല്ലാഹു തന്നെയാണ് പഠിപ്പിച്ചത്.

പിന്നെ ഹദ്റത്ത് ആയിശ(റ)യിൽ നിന്നുള്ള നിവേദനമാണ്. അവർ പറയുന്നു:

**നബി തിരുമേനി(സ)യുടെ കാലത്ത് സൂര്യഗ്രഹണം**

സംഭവിച്ചു. നബി തിരുമേനി(സ) നമസ്കരിക്കാനായി നിന്നു. അവിടുന്ന് വളരെ ദീർഘനേരം നിൽക്കുകയുണ്ടായി. ഗ്രഹണ സമയത്ത് നിർവഹിക്കപ്പെടുന്ന നമസ്കാര മാണത്. പിന്നീട് റുകൂഅ് ചെയ്യുകയും അത് വളരെ ദീർഘിപ്പിക്കുകയും ചെയ്തു. അത് ആദ്യത്തെ ഖയാമിനേക്കാൾ ഹ്രസ്വമായിരുന്നു. ശേഷം തല ഉയർത്തി, വളരെ ദീർഘനേരം നിൽക്കുഅയുണ്ടായി. എന്നാൽ അത് ആദ്യത്തെ ഖയാമിനേക്കാൾ ഹ്രസ്വമായിരുന്നു. പിന്നീട് വീണ്ടും റുകൂഅ് ചെയ്യുകയും അത് വളരെ ദീർഘിപ്പിക്കു കയും ചെയ്തു, അത് ആദ്യത്തെ റുകൂഇനേക്കാൾ ഹൃസ്വമായിരുന്നു. പിന്നീട് സുജൂദ് ചെയ്തു. ശേഷം വീണ്ടും എഴുന്നേറ്റു നിൽക്കുകയും വളരെ ദീർഘനേരം നിൽക്കുകയുമുണ്ടായി. അത് ആദ്യത്തെ ഖയാമിനേക്കാൾ കുറവായിരുന്നു. പിന്നീട് റുകൂഅ് ചെയ്യുകയും അത് ദീർഘിപ്പിക്കുകയും ചെയ്തു, അത് ആദ്യത്തെ റുകൂഇനേക്കാൾ കുറവായിരുന്നു. ശേഷം തല ഉയർത്തി എഴുന്നേറ്റു നിന്നു, അത് ദീർഘമായ ഖയാമായിരുന്നുവെങ്കിലും ആദ്യത്തേതിനേക്കാൾ കുറവായിരുന്നു. പിന്നീട് റുകൂഅ് ചെയ്യുകയും അത് ദീർഘിപ്പിക്കുകയും ചെയ്തു, അത് ആദ്യത്തെ റുകൂഇനേക്കാൾ കുറവായിരുന്നു. ശേഷം സുജൂദ് ചെയ്തു. പിന്നീട് നബി തിരുമേനി(സ) നമസ്കാരം പൂർത്തിയാക്കി, അപ്പോഴേക്കും സൂര്യൻ തെളിഞ്ഞു പ്രകാശിച്ചിരുന്നു. ശേഷം നബി(സ) ജനങ്ങളെ അഭിസംബോധന ചെയ്ത് ഖുതുബ നിർവഹിച്ചു. അല്ലാഹുവിനെ സ്തുതിക്കുകയും പ്രകീർത്തിക്കുകയും ചെയ്ത ശേഷം പറഞ്ഞു: സൂര്യനും ചന്ദ്രനും അല്ലാഹുവിന്റെ അടയാളങ്ങളിൽ പെട്ടതാണ്. ഇവയ്ക്ക് രണ്ടിനും ആരുടെയും മരണത്താലോ ജനനത്താലോ ഗ്രഹണം ബാധിക്കുന്നില്ല. അതിനാൽ നിങ്ങൾ ഇവ കാണുമ്പോൾ അല്ലാഹുവിന്റെ മഹത്വം വാഴ്ത്തുക. അല്ലാഹുവിനോട് പ്രാർഥിക്കുക, നമസ്കാരം നിർവഹിക്കുക, സദഖ നൽകുക. പിന്നീട് അവിടുന്ന് പറഞ്ഞു:

അല്ലയോ മുഹമ്മദ്(സ)ന്റെ സമുദായമേ, അല്ലാഹുവിനേക്കാൾ അഭിമാനബോധമുള്ള മറ്റാരുമില്ല; തന്റെ ദാസനോ ദാസിയോ വ്യഭിചാരത്തിൽ ഏർപ്പെടുന്നത് അവന് അങ്ങേയറ്റം അനിഷ്ടകരമാണ്. ഇത് ഹൃദയത്തെ നടുക്കുന്ന ഒരു താക്കീതും മുന്നറിയിപ്പുമാണ്, പാപങ്ങളിൽ ഏർപ്പെട്ടുകൊണ്ട് അല്ലാഹുവിന്റെ അഭിമാനത്തെ പ്രകോപിപ്പിക്കരുത്. അല്ലാഹുവിനോട് കരുണ തേടുക, അവന്റെ പ്രകോപനത്തിൽ നിന്ന് രക്ഷ തേടുക. പിന്നീട് അവിടുന്ന് പറഞ്ഞു:

**അല്ലയോ മുഹമ്മദ്(സ)ന്റെ സമുദായമേ! അല്ലാഹുവാണെ, എനിക്കറിയാവുന്ന കാര്യങ്ങൾ നിങ്ങൾക്കറിയാമായിരുന്നുവെങ്കിൽ നിങ്ങൾ കൂടുതൽ കരയുകയും കുറച്ചു മാത്രം ചിരിക്കുകയും ചെയ്യുമായിരുന്നു.**

ശേഷം അവിടുന്ന് ചോദിച്ചു:, ഞാൻ നിങ്ങൾക്ക് സന്ദേശം എത്തിച്ചു തന്നില്ലയോ?

( صحیح مسلم مترجم جلد4 صفحہ 59-58 کتاب الکسوف باب صلاۃ الکسوف، حدیث1490، نور فاؤنڈیشن)

അതായത് സന്ദേശം എത്തിച്ചിരിക്കുന്നു.

രണാങ്കണത്തിൽ ചെയ്ത പ്രാർഥനകളെക്കുറിച്ച് ഒരു നിവേദനത്തിൽ ഇപ്രകാരം വരുന്നു: ഹദ്റത്ത് അബ്ദുല്ലാഹിബ്നു അബ്ബാസ്(റ) പറയുന്നു, ഹദ്റത്ത് ഉമർ ബിൻ ഖത്താബ്(റ) എന്നോട് വിവരിച്ചു: ബദ്ർ ദിനത്തിൽ നബി തിരുമേനി(സ) മുശ്രികീംകളെ നോക്കിയപ്പോൾ അവർ ആയിരം പേരുണ്ടായിരുന്നു, തിരുനബി(സ)യുടെ അനുചരന്മാർ മുന്നൂറ്റി പത്തൊൻപത് പേരും. അല്ലാഹുവിന്റെ റസൂൽ(സ) ഖിബ്‌ലയ്ക്ക് അഭിമുഖമായി നിന്നു തന്റെ ഇരു കൈകളും ഉയർത്തി റബ്ബിനെ ഉറക്കെ വിളിച്ചു ഇങ്ങനെ പ്രാർഥിച്ചു കൊണ്ടിരുന്നു:

اَللّٰهُمَّ انْجِزْلِیْ مَا وَعَدْتَّنِیْ اَللّٰهُمَّ اٰتِ مَا وَعَدْتَّنِیْ

اَللّٰهُمَّ اِنَّكَ اِنْ تَهْلِكْ هٰذِهِ الْعِصَابَةَ مِنْ اَهْلِ الْاِسْلَامِ لَا تُعْبَدْ فِی الْاَرْضِ۔

അല്ലാഹുവേ, നീ എന്നോട് വാഗ്ദാനം ചെയ്തത് നിറവേറ്റിത്തരേണമേ. അല്ലാഹുവേ, നീ എനിക്ക് നൽകിയ വാഗ്ദാനം എനിക്ക് നല്കിയാലും. അല്ലാഹുവേ, ഇസ്‌ലാമിലെ ഈ വിഭാഗത്തെ നീ നശിപ്പിക്കുകയാണെങ്കിൽ ഭൂമിയിൽ നീ ആരാധിക്കപ്പെടുകയില്ല.

ഖിബ്‌ലയെ അഭിമുഖീകരിച്ചു കൊണ്ട് കൈകൾ വിടർത്തിപ്പിടിച്ച് അവിടുന്ന് നിരന്തരം ഉറക്കെ പ്രാർഥിച്ചു കൊണ്ടിരുന്നു, അവിടുത്തെ തോളിൽ നിന്നും പുതപ്പ് താഴെ വീണുപോയി. അതായത് പ്രാർഥനയിലെ വിതുമ്പൽ കാരണം ശരീരം ഇളകിക്കൊണ്ടിരുന്നതിനാലാണ് പുതപ്പ് വീണത്. ആ സമയം ഹദ്റത്ത് അബൂബക്കർ(റ) അവിടുത്തെ അടുത്തു വരികയും പുതപ്പ് എടുത്ത് തോളിലിട്ടു കൊടുക്കുകയും ചെയ്തു. ശേഷം നബി(സ)നെ പിന്നിൽ നിന്നു പുണർന്നുകൊണ്ട് ഇപ്രകാരം അപേക്ഷിച്ചു: അല്ലാഹുവിന്റെ ദൂതരേ(സ), റബ്ബിന്റെ സന്നിധിയിലുള്ള അവിടുത്തെ ഈ ദീനവിലാപം നടത്തിയുള്ള പ്രാർഥന അവിടുത്തേക്ക് മതിയായതാണ്. അവൻ അവിടുത്തോട് ചെയ്ത വാഗ്ദാനം തീർച്ചയായും നിറവേറ്റും. അപ്പോൾ അല്ലാഹു ഈ ആയത്ത് അവതരിപ്പിച്ചു:

اِذْ تَسْتَغِیْثُوْنَ رَبَّكُمْ فَاسْتَجَابَ لَكُمْ اَنِّیْ مُمِدُّكُمْ بِاَلْفٍ مِّنَ الْمَلٰٓئِكَةِ مُرْدِفِیْنَ۔

സൂറത്തുൽ അൻഫാലിലെ ആയത്താണിത്: നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് സഹായം തേടിയിരുന്ന സന്ദർഭം ഓർക്കുക, അപ്പോൾ ആയിരം മലക്കുകളെ തുടരെ ത്തുടരെ അയച്ചുകൊണ്ട് ഞാൻ നിങ്ങൾക്ക് സഹായം നൽകുന്നതാണ് എന്ന വാഗ്ദാനത്തോടെ അവൻ നിങ്ങളുടെ അർഥന സ്വീകരിച്ചു; അങ്ങനെ അല്ലാഹു മലക്കുകൾ മുഖേന തിരുനബി(സ)യെ സഹായിച്ചു.

( صحیح مسلم مترجم جلد9 صفحہ 151-150 کتاب الجہاد والسیر باب الامداد بالملائکۃ فی غزوۃ بدر... حدیث3295، نور فاؤنڈیشن)

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: വിശുദ്ധ ഖുർആനിൽ നബി തിരുമേനി(സ)ക്ക് നിഷേധികളുടെ മേൽ വിജയം ലഭിക്കുമെന്ന് ആവർത്തിച്ചു വാഗ്ദാനം നൽകപ്പെട്ടിരുന്നു. എന്നാൽ ഇസ്‌ലാമിലെ ആദ്യത്തെ യുദ്ധമായ ബദ്ർ യുദ്ധം ആരംഭിച്ചപ്പോൾ നബി തിരുമേനി(സ) കരയാനും പ്രാർഥിക്കാനും തുടങ്ങി. പ്രാർഥിക്കുന്നതിനിടയിൽ അവിടുത്തെ നാവിൽ നിന്നും ഈ വാക്കുകൾ നിർഗമിച്ചു:

اَللّٰهُمَّ اِنْ اَهْلَكْتَ هٰذِهِ الْعِصَابَةَ فَلَنْ تُعْبَدَ فِی الْاَرْضِ اَبَدًا

അതായത് അല്ലാഹുവേ, കേവലം മുന്നൂറ്റി പതിമൂന്ന് പേരോ (അല്ലെങ്കിൽ ചില നിവേദനങ്ങൾ അനുസരിച്ച് മുന്നൂറ്റി പത്തൊൻപത് പേരോ) ഉള്ള ഈ ജമാഅത്തിനെ ഇന്ന് നീ നശിപ്പിക്കുകയാണെങ്കിൽ ഖിയാമത്ത് നാൾ വരെ നിന്നെ ആരും ആരാധിക്കുകയില്ല. ഈ വാക്കുകൾ നബി തിരുമേനി(സ)യുടെ നാവിൽ നിന്നും കേട്ടപ്പോൾ ഹദ്റത്ത് അബൂബക്കർ(റ) അപേക്ഷിച്ചു: യാ റസൂലല്ലാഹ്(സ), അങ്ങ് എന്തിനാണ് ഇത്രയധികം അസ്വസ്ഥനാകുന്നത്? അല്ലാഹു അവിടുത്തേക്ക് വിജയം നല്കുമെന്ന് ഉറച്ച വാഗ്ദാനം നല്കിയിട്ടുണ്ടല്ലോ. അവിടുന്ന് പറഞ്ഞു: അത് സത്യമാണ്, പക്ഷേ അ

വന്റെ നിരാശ്രയത്വത്തെയാണ് ഞാൻ കാണുന്നത്. അതായത് വാഗ്ദാനം നിറവേറ്റുക എന്നത് അല്ലാഹുവിന്റെ മേൽ നിർബന്ധമായ കടമയല്ല. ഇവിടെ നാം മനസ്സിലാക്കേണ്ടത്, റസൂൽ കരീം(സ) ഇതയധികം അല്ലാഹുവിന്റെ പരമാധികാരത്തോടു ആദരവ് പുലർത്തിയിരിക്കെ, ദൈവത്തിന്റെ പ്രവചനങ്ങൾ ചിലപ്പോൾ പ്രത്യക്ഷമായ വാക്കുകളിൽ നിറവേറുന്നു, എന്നാൽ ചിലപ്പോൾ അത് ആലങ്കാരികമായോ പ്രതീകാത്മകമായോ ആണ് പൂർത്തിയാകാറുള്ളതെന്ന പ്രവാചകന്മാരുടെ സുസ്ഥിരമായ വിശ്വാസത്തിൽ നിന്നും നാം എന്തിന് മുഖം തിരിക്കണം?

(ضمیمہ براہین احمدیہ حصّہ پنجم،روحانی خزائن
جلد21 صفحہ 255-256)

ഈ സംഭവം വിവരിച്ചുകൊണ്ട് തന്റെ പ്രവചനങ്ങൾ പൂർത്തിയായില്ല എന്ന് ആക്ഷേപം ഉന്നയിക്കുന്ന ശത്രുക്കൾക്കും ആ മഹാത്മാവ് മറുപടി നല്കുകയുണ്ടായി.

**പ്രവചനങ്ങൾ പൂർത്തിയാകുന്നതിന് വിവിധ രീതികളുണ്ട്, ചിലപ്പോൾ അത് ബാഹ്യമായിത്തന്നെ പൂർത്തിയാകുന്നു, മറ്റു ചിലപ്പോൾ വേറെ രീതിയിലും. എന്നാൽ അല്ലാഹു താൻ നല്കിയ വാഗ്ദാനങ്ങൾ തീർച്ചയായും നിറവേറ്റും. അവന്റെ പരമാധികാരം കാരണം യാതൊരു തടസ്സവും ഉണ്ടാകാതിരിക്കാനും അവസാനിക്കാതിരിക്കാനും മിറച്ച് അല്ലാഹുവിന്റെ സഹായവും വിജയവും എപ്പോഴും കൂടെയുണ്ടായിരിക്കാനും നാം എപ്പോഴും അല്ലാഹുവിന്റെ മുൻപിൽ വിനയാന്വിതരായി കുനിയാൻ ശ്രദ്ധിക്കേണ്ടതാണ്.**

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇപ്രകാരം വിവരിക്കുന്നു:

സത്യസന്ധരായ ഏകദൈവവിശ്വാസികൾ നന്മ അല്പം പോലും പ്രകടിപ്പിക്കാത്ത വരും സത്യം സ്വീകരിക്കുന്ന കാര്യത്തിൽ ലോകത്തെ ഭയപ്പെടാത്തവരുമാണെന്ന് നിങ്ങൾ നന്നായി മനസ്സിലാക്കുക. അവരുടെ ഏതെങ്കിലും പ്രവൃത്തിയിൽ ലോകം അകന്നുപോയാലും അവർക്ക് യാതൊരു പരാതിയുമില്ല. ചില സ്വഹാബികൾ ആത്മീയ പരമായ കഠിനാധ്വാനമോ നോമ്പോ അനുഷ്ഠിച്ചിരുന്നു എന്ന് ചിലർ പറയാറുണ്ട്. എന്നാൽ അത് നബി തിരുമേനി(സ) അങ്ങനെ ചെയ്തതായി സ്ഥിരീകരിക്കപ്പെട്ടിട്ടില്ല. സ്വഹാബികളിൽ ചിലർ ഏതാണ്ട് സന്യാസ ജീവിതത്തിന് തുല്യമായ അവസ്ഥയിൽ എത്തിയിരുന്നു. അതായത് അവർക്ക് മതത്തോടുള്ള താല്പര്യം വർധിക്കുകയും അവർ ലോകത്തെ പൂർണമായും ഉപേക്ഷിക്കുകയും ചെയ്തിരുന്നു. ഇതിൽ നിന്നും അവർ നബി തിരുമേനി(സ)യേക്കാൾ മുന്നിലായിരുന്നു എന്ന് -നഊദുബില്ലാഹ്- അർഥമില്ല. മറിച്ച് യഥാർഥ്യം എന്തെന്നാൽ, അല്ലാഹു നബി തിരുമേനി(സ)യെ നിർബന്ധ പൂർവം പുറത്തേക്ക് കൊണ്ടുവരിക യായിരുന്നു. അവിടുന്ന് അല്ലാഹുവിന്റെ ആരാധനയിൽ ബദ്ധശ്രദ്ധനും അവന്റെ സ്നേഹത്തിൽ മതിമറന്ന അവസ്ഥയിലുമായിരുന്നു. അല്ലാഹുവിന്റെ സത്തയായിരുന്നു അവിടുത്തെ ഊടുംപാവും. എന്നാൽ അല്ലാഹു നിർബന്ധപൂർവ്വം അവിടുത്തെ പുറത്തേക്ക് കൊണ്ടുവന്നു. കാര്യങ്ങൾ രഹസ്യമാക്കി വയ്ക്കുന്ന അവിടുത്തെ ആ ശീലം മാറിയിരുന്നില്ല. അവിടുന്ന് രഹസ്യമായി എത്രത്തോളം കഠിനാധ്വാനത്തിലും ആരാധനകളിലും മുഴുകിയിരുന്നു എന്ന് ആർക്ക് അറിയാം?

അതുപോലെ ഖബർസ്ഥാനിലെ സംഭവം മുൻപും വിവരിച്ചിട്ടുണ്ട്. അത് വിവരിച്ചു കൊണ്ട് ആ മഹാത്മാവ് നബി തിരുമേനി(സ)യുടെ രഹസ്യമായ രീതികളെ വിശദീകരിക്കുകയുണ്ടായി..

ഒരിക്കൽ തിരുനബി(സ), ഹദ്റത്ത് ആയിശ(റ) വീട്ടിൽ താമസിക്കേണ്ട ഊഴമായിരുന്നു. രാത്രിയിൽ അവർ കണ്ണുതുറന്നപ്പോൾ തിരുനബി(സ) അവിടെയില്ലെന്ന് കണ്ടു. അവർ അത്ഭുതപ്പെടുകയും തിരുനബി(സ)യെ തിരയുകയും ചെയ്തു. എവിടെയും കാണാതിരുന്നപ്പോൾ, ഒടുവിൽ ഒരു ഖബറിസ്ഥാനിൽ അതീവ ഭക്തിയോടെ പ്രാർഥനാനിരതനായിരിക്കുന്ന അവിടുത്തെ അവർ കണ്ടെത്തി. അവിടുന്ന് ഇപ്രകാരം പ്രാർഥിക്കുകയായിരുന്നു: 'എന്റെ അല്ലാഹുവേ! എന്റെ ആത്മാവും എന്റെ ജീവനും എന്റെ അസ്ഥികളും എന്റെ ഓരോരോ രോമങ്ങളും നിനക്ക് മുന്നിൽ സാഷ്ടാംഗം പ്രണമിക്കുന്നു.

ഇപ്പോൾ, ഹദ്റത്ത് ആയിശ(റ) ഈ സംഭവത്തെക്കുറിച്ച് അറിവില്ലാത്തവരായിരുന്നെങ്കിൽ, തന്റെ നാഥനുമായുള്ള അവിടുത്തെ ആത്മബന്ധത്തിന്റെ ആഴം ആർക്ക് ഗ്രഹിക്കാൻ കഴിയും? അവിടുത്തെ ആത്മീയ പരിശ്രമങ്ങളുടെയും ആരാധനകളുടെയും കാര്യവും ഇതുതന്നെയായിരുന്നു. ഇത്തരം വ്യക്തികളെ മറച്ചുപിടിക്കുക എന്നത് അല്ലാഹുവിന്റെ ഒരു രീതിയായതുകൊണ്ട് തന്നെ, അവരുടെ എല്ലാ അവസ്ഥകളും ലോകം അറിയുന്നില്ല. അവർ ലോകത്തിന് വേണ്ടിയല്ല ഒന്നും ചെയ്യുന്നത്. ആരോടാണോ അവർക്ക് ഇടപാടുകളും ബന്ധവുമുള്ളത്, അവൻ എല്ലാ ഇടങ്ങളും അറിയുകയും കാണുകയും ചെയ്യുന്നു.

(ملفوظات جلد8 صفحہ 214-215۔ ایڈیشن
2022ء)

തുടർന്ന് നബി തിരുമേനി(സ)യുടെ ലൗകിക വിരക്തിയെക്കുറിച്ചും ഭൗതിക സൗകര്യങ്ങളോടുള്ള സമീപനത്തെക്കുറിച്ചും ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇപ്രകാരം വിവരിക്കുന്നു:

ഒരിക്കൽ ഹദ്റത്ത് ഉമർ(റ) തിരുനബി(സ)യെ കാണാൻ പോയി. ഒരു കുട്ടിയെ അയച്ച് അനുവാദം ചോദിച്ചു. നബി തിരുമേനി(സ) ഈന്തപ്പനയോല കൊണ്ട് മെടഞ്ഞ പായയിൽ കിടക്കുകയായിരുന്നു. ഹദ്റത്ത് ഉമർ(റ) അകത്തു പ്രവേശിച്ചപ്പോൾ അവിടുന്ന് എഴുന്നേറ്റിരുന്നു. വീട് മുഴുവൻ ശൂന്യമായി കിടക്കുന്നതും അലങ്കാര വസ്തുക്കളൊന്നും അവിടെ ഇല്ലാത്തതും ഹദ്റത്ത് ഉമർ(റ) ശ്രദ്ധിച്ചു. ഒരു കൊളുത്തിൽ ഒരു വാൾ തൂങ്ങിക്കിടക്കുന്നു, അവിടുന്ന് കിടന്നിരുന്ന ആ പായയുണ്ട്. പായയുടെ അടയാളങ്ങൾ തിരുനബി(സ)യുടെ പവിത്രമായ മുതുകിൽ പതിഞ്ഞിട്ടുണ്ടായിരുന്നു. ഇത് കണ്ട് ഹദ്റത്ത് ഉമർ(റ) കരഞ്ഞുപോയി. നബി തിരുമേനി(സ) ചോദിച്ചു: ഉമർ, എന്തിനാണ് കരയുന്നത്? ഉമർ(റ) പറഞ്ഞു: കിസ്രയും കൈസറും സുഖസൗകര്യങ്ങളിലും ആഡംബരങ്ങളിലും കഴിയുന്നു, അവരുടെ പക്കൽ അനുഗ്രഹങ്ങളും സുഖകരമായ സൗകര്യങ്ങളുമുണ്ട്. അല്ലാഹുവിന്റെ റസൂലും ഇഹപര ലോകങ്ങളുടെ ചക്രവർത്തിയുമായ അങ്ങ് ഇപ്രകാരം പായയിൽ കിടന്ന് മുതുകിൽ പാടുകൾ വീണ അവസ്ഥയിൽ കഴിയുന്നുവല്ലോ.

നബി തിരുമേനി(സ) പറഞ്ഞു: ഉമർ, എനിക്ക് ഈ ലോകം കൊണ്ട് എന്ത് കാര്യമാണു ള്ളത്? ഒട്ടകപ്പുറത്ത് ലക്ഷ്യസ്ഥാനത്തേക്ക് യാത്ര ചെയ്യുന്ന ഒരു യാത്രക്കാരനെ പ്പോലെയാണ് ഞാൻ കഴിയുന്നത്. മണലാരണ്യത്തിലൂടെയുള്ള യാത്രയിൽ കഠിന മായ ചൂട് കാരണം ഏതെങ്കിലും ഒരു മരത്തണൽ കണ്ട് അവിടെ അല്പനേരം വിശ്രമിക്കുന്നു, വിയർപ്പ് ഒന്ന് ഉണങ്ങിയാലുടൻ അയാൾ യാത്ര തുടരുന്നു.

(ملفوظات جلد6 صفحہ 228-229۔ ایڈیشن
2022ء)

അതുപോലെ ഹദ്റത്ത് അബൂ ഹുറയ്റ(റ) വിവരിക്കുന്നു:

وَاَنۡذِرۡ عَشِیۡرَتَکَ الۡاَقۡرَبِیۡنَ

അതായത് നിന്റെ ഏറ്റവും അടുത്ത ബന്ധുക്കളെ നീ താക്കീത് ചെയ്യുക എന്ന ആയത്ത് അല്ലാഹു അവതരിപ്പിച്ചപ്പോൾ നബി തിരുമേനി(സ) എഴുന്നേറ്റു നിന്ന് ഇപ്ര കാരം പറഞ്ഞു: അല്ലയോ ഖുറൈശികളേ, നിങ്ങളുടെ ആത്മാക്കളെ സംരക്ഷിച്ചു കൊള്ളുക, അല്ലാഹുവിന്റെ സന്നിധിയിൽ എനിക്ക് നിങ്ങൾക്കായി ഒന്നും ചെയ്യാൻ കഴിയില്ല. അതായത് നിങ്ങൾ സത്പ്രവൃത്തികൾ ചെയ്യുകയും അല്ലാഹുവിലേക്ക് തിരിയുകയും അവനെ ആരാധിക്കുകയും അവന്റെ സ്നേഹത്തിൽ മുഴുകുകയും ചെയ്താൽ നിങ്ങൾക്ക് മോക്ഷം ലഭിക്കും, അല്ലാതെ എനിക്ക് നിങ്ങൾക്കായി ഒന്നും ചെയ്യാൻ കഴിയില്ല. പിന്നീട് അവിടുന്ന് തന്റെ മറ്റു ബന്ധുക്കളെയും ഗോത്രക്കാരെയും അഭിസംബോധന ചെയ്ത് പറഞ്ഞു: അല്ലയോ ബനൂ അബ്ദു മനാഫ്, അല്ലാഹുവിന്റെ സന്നിധിയിൽ എനിക്ക് നിങ്ങൾക്കായി ഒന്നും ചെയ്യാൻ കഴിയില്ല. ഹേ അബ്ബാസ് ബിൻ അബ്ദുൽ മുത്തലിബ്, അല്ലാഹുവിന്റെ സന്നിധിയിൽ എനിക്ക് താങ്കൾക്കായി ഒന്നും ചെയ്യാൻ കഴിയില്ല. അല്ലയോ അല്ലാഹുവിന്റെ റസൂലിന്റെ അമ്മായി സ്വഫിയ്യ, അല്ലാഹുവിന്റെ സന്നിധിയിൽ എനിക്ക് നിങ്ങൾക്കായി ഒന്നും ചെയ്യാൻ കഴിയില്ല. അല്ലയോ ഫാത്തിമ ബിൻത് മുഹമ്മദ്(സ), നീ ആഗ്രഹിക്കുന്നത് എന്റെ സ്വത്തിൽ നിന്നും ചോദിച്ചുകൊള്ളുക, എന്നാൽ അല്ലാഹുവിന്റെ സന്നിധിയിൽ എനിക്ക് നിനക്കായി ഒന്നും ചെയ്യാൻ കഴിയില്ല.

(صحیح البخاری کتاب التفسیر / سورۃ الشعراء، باب
وَ اَنْذِرْ عَشِیْرَتَکَ الْاَقْرَبِیْنَ ... حدیث: 4771)

അതായത് നിങ്ങളുടെ ആരാധനകളും അല്ലാഹുവുമായുള്ള നിങ്ങളുടെ ബന്ധവുമാണ് നിങ്ങളെ രക്ഷിക്കുക.

അല്ലാഹുവിനോടുള്ള അനുരാഗത്തിനും സ്നേഹത്തിനും മുൻപിൽ അവിടുന്ന് സ്വന്തം ജീവനെപ്പോലും ഗൗനിച്ചിരുന്നില്ല. നബി തിരുമേനി(സ) പ്രബോധനം ആരംഭിച്ചപ്പോൾ ഖുറൈശികൾ

അബൂത്വാലിബിന്റെ അടുത്ത് ചെന്ന് പറഞ്ഞു: താങ്കൾ നിങ്ങളുടെ സഹോദരപുത്രനെ ഞങ്ങളുടെ ദൈവങ്ങളെ ആക്ഷേപിക്കുന്നതിൽ നിന്നും തടയണം, ഇല്ലെങ്കിൽ ഞങ്ങൾ തന്നെ അദ്ദേഹത്തെ തടയും, പിന്നെ താങ്കൾ അതിൽ ഇടപെടരുത്. അവർ പറഞ്ഞു: ഞങ്ങൾ മുൻപും താങ്കളോട് സഹോദരപുത്രനെ തടയണമെന്ന് ആവശ്യപ്പെട്ടിരുന്നു, എന്നാൽ താങ്കൾ അദ്ദേഹ ത്തെ തടഞ്ഞില്ല. ഇപ്പോൾ വീണ്ടും ഞങ്ങൾ വന്നിരിക്കുന്നു, ഒന്നുകിൽ അദ്ദേഹം ഞങ്ങളെക്കുറിച്ചുള്ള ഇത്തരം സംസാരങ്ങൾ നിർത്തണം, അല്ലെങ്കിൽ അദ്ദേഹത്തോടും താങ്കളോടും ഞങ്ങൾ ഏറ്റുമുട്ടും, രണ്ടു പക്ഷത്തിൽ ഒരുകൂട്ടർ നശിക്കുന്നത് വരെ അത് തുടരും. ഖുറൈശികൾ ഈ കാര്യം പറഞ്ഞപ്പോൾ അബൂത്വാലിബ് നബി തിരുമേനി(സ)യെ വിളിച്ചു വരുത്തി പറഞ്ഞു: അല്ലയോ എന്റെ സഹോദരന്റെ മകനേ, എനിക്ക് താങ്ങാൻ കഴിയാത്ത ഭാരം എന്റെ മേൽ അടിച്ചേൽപ്പിക്കരുത്. തന്റെ പിതൃവ്യൻ തന്നെ സഹായിക്കുന്നത് നിർത്തുമെന്നും ഖുറൈശികൾക്ക് വിട്ടുകൊടുക്കുമെന്നും നബി തിരുമേനി(സ)ക്ക് തോന്നി. അപ്പോൾ

നബി(സ) ഇപ്രകാരം പറഞ്ഞു: **പിതൃവ്യാ, അല്ലാഹുവാണ! ഇവർ എന്റെ വലതു കൈയിൽ സൂര്യനെയും ഇടതു കൈയിൽ ചന്ദ്രനെയും വച്ചുതന്നാലും എന്റെ ഈ ദൗത്യത്തിൽ നിന്നും ഞാൻ പിന്മാറുകയില്ല. അല്ലാഹു ഇത് പൂർത്തിയാക്കുന്നത് വരെ അല്ലെങ്കിൽ ഈ പരിശ്രമത്തിൽ ഞാൻ നശിക്കുന്നത് വരെ ഞാൻ എന്റെ ജോലി തുടർന്നുകൊണ്ടേയിരിക്കും.**

പിന്നീട് അവിടുന്ന് എഴുന്നേറ്റ് അവിടെ നിന്നും പോകാൻ തുടങ്ങിയപ്പോൾ

അബൂത്വാലിബ് അവിടുത്തെ വിളിച്ചു പറഞ്ഞു: **അല്ലയോ എന്റെ സഹോദരപുത്രാ, നീ ആഗ്രഹിക്കുന്നത് ചെയ്തുകൊള്ളുക. അല്ലാഹുവാണ! യാതൊരു കാരണവശാലും ഞാൻ നിന്നെ അവർക്ക് വിട്ടുകൊടുക്കുകയില്ല.**

(السیرۃ النبویہ لابن ہشام صفحہ 201-199 مکتبہ دار الکتب العلمیہ بیروت لبنان)

ഈ സംഭവം സീറത്ത് ഇബ്നു ഹിശാമിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഉം ഈ സംഭവം വിവരിച്ചിട്ടുണ്ട്. അവിടുന്ന് ഇപ്രകാരം പറയുന്നു:

മുശ്‌രികീംകൾ വഞ്ചകരാണ്, അശുദ്ധരാണ്, ശർറുൽ ബരിയ്യഃ (സൃഷ്ടികളിൽ ഏറ്റവും മോശപ്പെട്ടവർ) ആണ്, അതായത് ഏറ്റവും മോശമായ വിഭാഗമാണ്, സുഫഹാഉ് (ബുദ്ധിഹീനർ) ആണ്, വിഡ്ഢികളാണ്, പിശാചിന്റെ സന്തതികളാണ് എന്നും അവരുടെ ദൈവങ്ങൾ വഖൂദുന്നാർ അതായത് നരകാഗ്നിയിലെ വിറകാണ് എന്നും ഹസ്ബു ജഹന്നം, നരകത്തിലെ ഇന്ധനമാണ് എന്നും ഉള്ള ആയത്തുകൾ അവതരിച്ചപ്പോൾ അബൂത്വാലിബ് നബി തിരുമേനി(സ)യെ വിളിച്ചു പറഞ്ഞു: എന്റെ സഹോദരപുത്രാ, നിന്റെ ഈ ആക്ഷേപങ്ങൾ കാരണം ജനങ്ങൾ അങ്ങേയറ്റം പ്രകോപിതരായിരിക്കുകയാണ്. അവർ നിന്നെയും അതോടൊപ്പം എന്നെയും നശിപ്പിക്കുന്ന സമയം അടുത്തിരിക്കുന്നു. നീ അവരുടെ ബുദ്ധിമാന്മാരെ ബുദ്ധിഹീനർ എന്ന് വിളിച്ചു, അവരുടെ മുതിർന്നവരെ ശർറുൽ ബരിയ്യഃ എന്ന് വിശേഷിപ്പിച്ചു, അവർ ആദരിച്ചിരുന്ന ദൈവങ്ങളെ നരകത്തിലെ ഇന്ധനവും വിറകും എന്ന് വിളിച്ചു. പൊതുവേ അവരെല്ലാവരും അശുദ്ധരും പിശാചിന്റെ സന്തതികളുമാണെന്ന് നീ പ്രഖ്യാപിച്ചു. നിന്റെ ഗുണകാംക്ഷിയെന്ന നിലയിൽ ഞാൻ നിന്നോട് പറയുന്നു, നിന്റെ നാവു നിയന്ത്രിക്കുക, ഇത്തരം ആക്ഷേപങ്ങളിൽ നിന്നും പിന്തിരിയുക; അല്ലെങ്കിൽ ജനങ്ങളെ നേരിടാനുള്ള കരുത്ത് എനിക്കില്ല. നബി തിരുമേനി(സ) മറുപടിയായി പറഞ്ഞു: പിതൃവ്യാ, ഇത് ആക്ഷേപിക്കലല്ല, മറിച്ച് യാഥാർഥ്യങ്ങൾ വെളിപ്പെടു ത്തലും കാര്യങ്ങൾ അതിന്റെ കൃത്യമായ സ്ഥാനത്ത് വിവരിക്കലുമാണ്. ഈ ഒരു ദൗത്യത്തിനായാണ് ഞാൻ അയക്കപ്പെട്ടിരിക്കുന്നത്. ഇതിനാൽ എനിക്ക് മരണം സംഭവിക്കുമെന്നുണ്ടെങ്കിൽ സന്തോഷപൂർവ്വം ഞാൻ ആ മരണം സ്വീകരിക്കുന്നു. എന്റെ ജീവിതം ഈ മാർഗത്തിൽ സമർപ്പിക്കപ്പെട്ടതാണ്. മരണം ഭയന്ന് സത്യം വെളിപ്പെടുത്തുന്നതിൽ നിന്നും എനിക്ക് പിന്മാറാൻ കഴിയില്ല. പിതൃവ്യാ, താങ്കൾക്ക് താങ്കളുടെ ബലഹീനതയെക്കുറിച്ചും പ്രയാസത്തെക്കുറിച്ചുമാണ് ആശങ്കയെങ്കിൽ എന്നെ സംരക്ഷിക്കുന്നതിൽ നിന്നും താങ്കൾ പിന്മാറിക്കൊള്ളുക. ദൈവസാക്ഷ്യം, എനിക്ക് അങ്ങയുടെ യാതൊരു ആവശ്യവുമില്ല. അല്ലാഹുവിന്റെ കൽപ്പനകൾ എത്തിക്കുന്നതിൽ നിന്നും ഞാൻ ഒരിക്കലും പിന്മാറില്ല. എന്റെ റബ്ബിന്റെ കൽപ്പനകൾ എനിക്ക് ജീവനേക്കാൾ പ്രിയപ്പെട്ടതാണ്. അല്ലാഹുവാണ! ഈ മാർഗത്തിൽ ഞാൻ കൊല്ലപ്പെടുകയാണെങ്കിൽ വീണ്ടും വീണ്ടും ജീവൻ ലഭിക്കാനും ഈ മാർഗത്തിൽ തന്നെ മരിക്കാനുമാണ് ഞാൻ ആഗ്രഹിക്കുന്നത്. ഇത് ഭയപ്പെടേണ്ട സ്ഥാനമല്ല, മറിച്ച് അവന്റെ മാർഗത്തിൽ കഷ്ടപ്പാടുകൾ അനുഭവിക്കുന്നതിൽ എനിക്ക് അതിരറ്റ ആനന്ദാനുഭൂതികളുണ്ട്.

(ازالہ اوہام حصہ اوّل، روحانی خزائن جلد 3 صفحہ 111 – 110)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഈ ആയത്തുകളുടെ വ്യാഖ്യാനത്തിൽ ഇപ്രകാരം എഴുതുന്നു:

നബി തിരുമേനി(സ)യുടെ ജീവിതം മുഴുവൻ അല്ലാഹുവിനോടുള്ള അനുരാഗത്തിൽ മുങ്ങിക്കിടക്കുന്നതായി കാണാം. വലിയ സംഘടനാപരമായ ഉത്തരവാദിത്തങ്ങൾ ഉണ്ടായിരുന്നിട്ടും രാവും പകലും അവിടുന്ന് ആരാധനകളിൽ മുഴുകിയിരുന്നു. പകുതി രാത്രി പിന്നിടുമ്പോൾ അവിടുന്ന് അല്ലാഹുവിന്റെ ആരാധനയ്ക്കായി എഴുന്നേൽക്കുകയും പുലർച്ചെ വരെ ആരാധന തുടരുകയും ചെയ്യുമായിരുന്നു. നബി തിരുമേനി(സ) ഇപ്രകാരം പറഞ്ഞു: ഞാൻ അല്ലാഹുവിന്റെ സാമീപ്യം ലഭിച്ചവനാണെന്നതും അല്ലാഹു തന്റെ അനുഗ്രഹത്താൽ എനിക്ക് തന്റെ സാമീപ്യം നല്കിയെന്നതും സത്യമാണെങ്കിൽ, എനിക്ക് കഴിയുന്നത്ര അവന് നന്ദി കാണിക്കുക എന്നത് എന്റെ കടമയല്ലേ? കാരണം ഉപകാരത്തിന് പകരമാണല്ലോ നന്ദി ഉണ്ടാകുക. അതായത് അല്ലാഹു എന്നോട് ഔദാര്യം ചെയ്തപ്പോൾ ഞാൻ നന്ദി കാണിക്കേണ്ടതുണ്ട്.

അതുപോലെ അല്ലാഹുവിന്റെ അനുവാദമില്ലാതെ അവിടുന്ന് ഒരു വലിയ കാര്യവും ചെയ്തിരുന്നില്ല. അല്ലാഹുവിന്റെ കൽപ്പന ഉണ്ടാകുമ്പോൾ മാത്രമാണ് അവിടുന്ന് പ്രവർത്തിച്ചിരുന്നത്. മക്കയിലെ ജനങ്ങളുടെ കഠിനമായ പീഡനങ്ങൾ ഉണ്ടായിട്ടും അല്ലാഹുവിൽ നിന്നും വഹ്‌യ് (ദൈവിക സന്ദേശം) ലഭിക്കുന്നത് വരെയും വഹ്‌യ വഴി മക്ക വിടാൻ കൽപ്പന ലഭിക്കുന്നത് വരെയും അവിടുന്ന് മക്ക വിട്ടില്ല. മക്കക്കാരുടെ മർദ്ദനങ്ങൾ കഠിനമായപ്പോൾ അനുചരന്മാർക്ക് അബിസീനിയയിലേക്ക് ഹിജ്റ പോകാൻ അവിടുന്ന് അനുവാദം നല്കി. അവിടുന്ന് കൂടെ വരണമെന്ന് അവർ ആഗ്രഹം പ്രകടിപ്പിച്ചപ്പോൾ, എനിക്ക് ഇതുവരെ അല്ലാഹുവിന്റെ അനുവാദം ലഭിച്ചിട്ടില്ല എന്നാണ് അവിടുന്ന് പറഞ്ഞത്. പീഡനങ്ങളുടെയും പ്രയാസങ്ങളുടെയും സമയത്ത് ആളുകൾ സുഹൃത്തുക്കളെയും ബന്ധുക്കളെയും തങ്ങൾക്ക് ചുറ്റും കൂട്ടാറാണുള്ളത്, എന്നാൽ നബി തിരുമേനി(സ) തന്റെ സംഘത്തോട് അബിസീനി യയിലേക്ക് ഹിജ്റ പോകാൻ നിർദേശിക്കുകയും താൻ തനിച്ച് മക്കയിൽ തുടരു കയും ചെയ്തു. കാരണം അവിടുത്തെ ദൈവം അവിടുത്തേക്ക് ഹിജ്റ പോകാൻ അപ്പോൾ കൽപ്പന നല്കിയിരുന്നില്ല. അല്ലാഹുവിന്റെ വചനങ്ങൾ കേൾക്കുമ്പോൾ അവിടുന്ന് അസ്വസ്ഥനാവുകയും

**• ഹദീഥുന്നബ്‌വി ﷺ •**

'പ്രായപൂർത്തിയായ ഓരോരുത്തരും വെള്ളിയാഴ്ച കുളിക്കേണ്ടത് നിർബന്ധമാകുന്നു. അവൻ ദന്തധാവിനി ഉപയോഗിക്കേണ്ടതും കഴിയുമെങ്കിൽ സുഗന്ധദ്രവ്യം ഉപയോഗിക്കേണ്ടതുമാകുന്നു.'(ബു. 11:3)

ത്വാലിബെ ദുആ
C. K.MUHAMMED SHAREEF&FAMILY
AHMADIYYA JAMA-ATH VANIYAMBALAM.

**• ഹദീഥുന്നബ്‌വി ﷺ •**

"കപടവിശ്വാസികളുടെ ലക്ഷണം മൂന്നാകുന്നു: അവൻ പറയുമ്പോൾ കള്ളം പറയുന്നു. അവനൊരു വാഗ്ദാനം ചെയ്താൽ അത് ലംഘിക്കുന്നു. അവനെ അമാനത്തുമുതൽ ഏല്പിച്ചാൽ വിശ്വാസവഞ്ചന കാണിക്കുന്നു.' (ബു. 2:23)

ത്വാലിബെ ദുആ
LATE T.K.SIDHIQUE AND FAMILY
KARULAI, MALAPPURAM

അവിടുത്തെ കണ്ണുകളിൽ നിന്ന് കണ്ണുനീർ ഒഴുകുകയും ചെയ്യുമായിരുന്നു, പ്രത്യേകിച്ച് തന്റെ ഉത്തരവാദിത്വങ്ങളെക്കുറിച്ച് ഓർമ്മിപ്പിക്കുന്ന ആയത്തുകൾ കേൾക്കുമ്പോൾ. അബ്ദുല്ലാഹിബ്നു മസ്ഊദ് നിവേദനം ചെയ്യുന്നു:

ഒരിക്കൽ നബി തിരുമേനി(സ) എന്നോട് പറഞ്ഞു: ഖുർആനിലെ ചില ആയത്തുകൾ എനിക്ക് ഓതിക്കേൾപ്പിക്കുക. ഞാൻ മറുപടിയായി ചോദിച്ചു: യാ റസൂലല്ലാഹ്(സ), ഖുർആൻ അങ്ങയ്ക്കല്ലേ അവതരിക്കപ്പെട്ടത്, പിന്നെ ഞാൻ അങ്ങയെ എന്താണ് ഓതിക്കേൾപ്പിക്കുക? അവിടുന്ന് പറഞ്ഞു: മറ്റുള്ളവർ ഖുർആൻ ഓതുന്നത് കേൾക്കാൻ ഞാൻ ഇഷ്ടപ്പെടുന്നു. തുടർന്ന് ഞാൻ സൂറത്തുന്നിസാഅ് ഓതാൻ തുടങ്ങി. ഓതി ഓതി ഞാൻ ഈ ആയത്തിൽ എത്തി:

فَكَيْفَ اِذَا جِئْنَا مِنْ كُلِّ اُمَّةٍۭ بِشَهِيْدٍ وَّجِئْنَا
بِكَ عَلٰى هٰٓؤُلَآءِ شَهِيْدًا

അതായത്, ഓരോ ഉമ്മത്തിൽ നിന്നും അവരുടെ നബിയെ സാക്ഷിയായി കൊണ്ടുവരുകയും ആ ഉമ്മത്തിന്റെ കണക്കെടുക്കുകയും ചെയ്യുമ്പോൾ എന്തായിരിക്കും അവസ്ഥ! നിന്നെയും നിന്റെ ഉമ്മത്തിന് സാക്ഷിയായി ഹാജരാക്കി അവരുടെ കണക്കെടുക്കുമ്പോൾ എന്തായിരിക്കും അവസ്ഥ! ഇത് കേട്ടപ്പോൾ നബി തിരുമേനി(സ) പറഞ്ഞു: മതി, മതി. ഞാൻ അവിടുത്തെ മുഖത്തേക്ക് നോക്കിയപ്പോൾ അവിടുത്തെ ഇരു കണ്ണുകളിൽ നിന്നും കണ്ണുനീർ തുള്ളികൾ ഇറ്റിറ്റായി വീഴുന്നുണ്ടായിരുന്നു.

(دیباچہ تفسیر القرآن، انوار العلوم جلد 20 صفحہ 382-383)

ഈ സംഭവം മുമ്പും വിവരിച്ചിട്ടുള്ളതാണ്, എന്നാൽ എത്ര തവണ കേട്ടാലും നബി തിരുമേനി(സ)യുടെ അല്ലാഹുവിനോടുള്ള ഭയത്തിന്റെയും സ്നേഹത്തിന്റെയും പുതിയൊരു വശം നമുക്ക് ദർശിക്കാനാകും.

അല്ലാഹുവിനോടുള്ള സ്നേഹത്തെക്കുറിച്ച് പറയുമ്പോൾ **ത്വാഇഫ് യാത്രയിൽ നബി തിരുമേനി(സ) മുറിവേറ്റ സംഭവം** ചരിത്രത്തിൽ വിവരിക്കപ്പെട്ടിട്ടുണ്ട്. പ്രവാചകത്വത്തിന്റെ പത്താം വർഷം അബൂത്വാലിബിന്റെ മരണശേഷം ഖുറൈശികൾ നബി തിരുമേനി(സ)ക്കെതിരെ പീഡനങ്ങൾ ആരംഭിച്ചപ്പോൾ അവിടുന്ന് ത്വാഇഫിലേക്ക് തിരിച്ചു. അവിടുന്ന് പത്തുദിവസം ത്വാഇഫിൽ താമസിച്ച് ഇസ്‌ലാമിലേക്ക് പ്രബോധനം നടത്തിക്കൊണ്ടിരുന്നു, എന്നാൽ ആരും തന്നെ അവിടുത്തെ ക്ഷണം സ്വീകരിച്ചില്ല. അവിടുത്തെ ആവർത്തിച്ചുള്ള പ്രബോധനം കാരണം യുവാക്കൾ ഇസ്‌ലാം സ്വീകരിക്കുമോ എന്ന് അവിടത്തെ പ്രമുഖർ ഭയപ്പെട്ടപ്പോൾ അവർ തെമ്മാടികളെ അവിടുത്തേക്കെതിരെ ഇളക്കിവിട്ടു. അവർ അവിടുത്തെ കല്ലെറിയാൻ തുടങ്ങി, അവിടുത്തെ ഇരു പാദങ്ങളിൽ നിന്നും രക്തം ഒഴുകുന്ന അവസ്ഥ വരെയായി. ഹദ്റത്ത് സൈദ് ബിൻ ഹാരിസ്(റ)ഉം അവിടുത്തോടൊപ്പമുണ്ടായിരുന്നു. കല്ലുകൾ വരുമ്പോൾ ഹദ്റത്ത് സൈദ് അവ സ്വന്തം ശരീരത്തിൽ ഏൽക്കാൻ ശ്രമിക്കുമായിരുന്നു, അപ്രകാരം സൈദിന്റെ തലയിൽ ഒട്ടനവധി മുറിവുകൾ ഉണ്ടായി.

(الطبقات الکبریٰ جلد 1 صفحہ 165 دار الکتب العلمیۃ بیروت)

സ്വഹീഹ് ബുഖാരിയിൽ ഈ സംഭവത്തെക്കുറിച്ച് ഒരു നിവേദനമുണ്ട്. നബി തിരുമേനി(സ)യുടെ ധർമപത്നി ഹദ്റത്ത് ആയിശ(റ) വിവരിക്കുന്നു: അങ്ങേക്ക് ഉഹ്ദ് ദിനത്തേക്കാൾ കഠിനമായ വല്ല ദിവസവും ഉണ്ടായിട്ടുണ്ടോ എന്ന് അവർ നബി തിരുമേനി(സ)യോട് ചോദിച്ചു. അന്ന് അവിടുത്തേക്ക് മുറിവേറ്റിരുന്നു. നബി തിരുമേനി(സ) പറഞ്ഞു: നിന്റെ ജനതയിൽ നിന്നും എനിക്ക് അനുഭവപ്പെട്ട പ്രയാസങ്ങളിൽ ഏറ്റവും കഠിനമായത് അഖബയുടെ ദിവസമാണ്. അതായത് ത്വാഇഫിൽ ഇബ്നു അബ്ദി യാലീൽ ബിൻ അബ്ദി കുലാലിന് മുൻപിൽ ഞാൻ എന്നെത്തന്നെ സമർപ്പിക്കുകയും സന്ദേശം എത്തിക്കുകയും ചെയ്തപ്പോൾ, ഞാൻ ആഗ്രഹിച്ച മറുപടിയല്ല അവൻ നല്കിയത്. അങ്ങനെ ഞാൻ അങ്ങേയറ്റം ദുഃഖിതനായി അവിടെ നിന്നും തിരിച്ചു. എന്റെ ചിന്തകളിൽ മുഴുകി ഞാൻ നടന്നുപോകുമ്പോൾ മിനയ്ക്ക് അടുത്തുള്ള ചെറിയ മലയായ ഖർനുസ്സആലിബിൽ എത്തിയപ്പോഴാണ് എന്റെ ആ അവസ്ഥയ്ക്ക് മാറ്റമുണ്ടായത്. ഞാൻ തല ഉയർത്തി നോക്കിയപ്പോൾ ഒരു മേഘം എനിക്ക് തണലേകുന്നത് കണ്ടു. അതിൽ ജിബ്രീൽ(അ) ഉണ്ടായിരുന്നു. അദ്ദേഹം എന്നെ വിളിച്ചു പറഞ്ഞു: താങ്കളെക്കുറിച്ച് താങ്കളുടെ ജനത പറഞ്ഞതും അവർ താങ്കളോട് കാണിച്ച സമീപനവും അല്ലാഹു കേട്ടിരിക്കുന്നു. മലകളുടെ മേൽനോട്ടമുള്ള മലക്കിനെ അല്ലാഹു നിങ്ങളുടെ അടുത്തേക്ക് അയച്ചിട്ടുണ്ട്, അവർക്കെതിരെ നിങ്ങൾ ആഗ്രഹിക്കുന്ന കൽപ്പന നല്കാനായി. നബി തിരുമേനി(സ) പറയുന്നു: പിന്നീട് മലകളുടെ മലക്ക് എന്നെ വിളിക്കുകയും എനിക്ക് സലാം പറയുകയും ചെയ്തു. ശേഷം പറഞ്ഞു: ഹേ മുഹമ്മദ്(സ), അങ്ങ് ആഗ്രഹിക്കുന്ന കൽപ്പന നൽകിയാലും. അങ്ങ് ആഗ്രഹിക്കുന്നുവെങ്കിൽ ഈ രണ്ട് മലകളും കൂടി ഞാൻ അവരുടെ മേൽ ഇടിച്ച് നിരത്താം, അവർ അതിനിടയിൽ പെട്ട് അമർന്നുപോകും. അപ്പോൾ നബി തിരുമേനി(സ) പറഞ്ഞു: വേണ്ട,

**അല്ലാഹുവിനെ മാത്രം ആരാധിക്കുന്നവരും അവനോട് ആരെയും പങ്കുചേർക്കാ ത്തവരുമായ ഒരു തലമുറയെ ഇവരുടെ സന്തതികളിൽ നിന്നും അല്ലാഹു പുറത്തു കൊണ്ടുവരുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.**

(صحیح البخاری کتاب بدء الخلق باب إذا قال أحدکم: آمین والملائکۃ فی السماء... حدیث نمبر 3231)

(فرہنگ سیرت صفحہ 235 ایڈیشن 2003ء)

അവിടുത്തെ കാരുണ്യം അവിടെയും അതിജയിക്കുകയും അവിടുന്ന് ആ ജനതയെ രക്ഷിക്കുകയും ചെയ്തു. പിന്നീട് മക്ക വിജയത്തിന് ശേഷം കുറച്ചു കാലം കഴിഞ്ഞപ്പോൾ അവരുടെ സന്തതികൾ ഇസ്‌ലാം സ്വീകരിക്കുകയും ചെയ്തു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) നബി തിരുമേനി(സ)യുടെ സ്ഥാനത്തെക്കുറിച്ച് വിവരിക്കവേ ഇപ്രകാരം പറയുന്നു:

മനുഷ്യരിൽവച്ച് ഏറ്റവും പരിപൂർണനായ മനുഷ്യനു പ്രദാനം ചെയ്യപ്പെട്ട ആ അതിമഹത്തായ പ്രകാശം മലക്കുകളിലോ നക്ഷത്രങ്ങളിലോ സൂര്യനിലോ സമുദ്ര ത്തിലോ നദിയിലോ ഉണ്ടായിരുന്നില്ല. **വൈഡൂര്യങ്ങളിലോ മാണിക്യ ക്കല്ലുക ളിലോ മരതകങ്ങളിലോ വൈരങ്ങളിലോ മുത്തുകളിലോ അതു കണ്ടെത്താവുന്നതായിരുന്നില്ല.** ചുരുക്കത്തിൽ ഭൗമികമോ ആകാശീയമോ ആയ യാതൊരു വസ്തുവിലും അതുണ്ടായിരുന്നില്ല. അതു മനുഷ്യനിൽ മാത്രമേയുള്ളു; പരിപൂർണനായ മനുഷ്യനിൽ. അതായത് അതിശ്രേഷ്ഠവും പരിപൂർണവും ഉദാത്തവും സർവോത്തരവും അത്യുൽകൃഷ്ടവും ആയ സ്ഥാനമുടയ വ്യക്തിയിൽ നബിമാരുടെ നായകരും ആത്മീയമായി ജീവിച്ചിരിക്കുന്നവരുടെയെല്ലാം നേതാവും ആയ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) തിരുമേനിയിൽ മാത്രമാണ് തികവാർന്ന നിലയിൽ അതു വെളിപ്പെട്ടത്. ചുരുക്കത്തിൽ ആ തേജസ്സ് ആ മനുഷ്യനാണ് നല്കപ്പെട്ടത്. അപ്രകാരം തന്നെ, ഒരളവോളം പലനിലയിലും അവിടത്തോട് സാമ്യസാദൃശ്യങ്ങൾ പുലർത്തുന്ന എല്ലാവർക്കും തന്നെ.... അവിടുത്തെ പദവികൾക്ക് അനുസൃതമായി അവിടുത്തെ അനുയായികളിൽ അവിടുത്തെ ചര്യ (സുന്നത്ത്) പിന്തുടരുന്നവർക്കും ആ പ്രകാശത്തിൽ നിന്നും അല്പം നൽകപ്പെട്ടു.

മനുഷ്യന് നൽകപ്പെട്ട ആ അമാനത്ത് (സൂക്ഷിപ്പുമുതൽ) എന്താണെന്ന് വിശദീകരിച്ചുകൊണ്ട്

• ഹദീഥുന്നബ്‌വി ﷺ •

'എന്റെ സമുദായത്തിനുമേൽ വലിയ ഒരു ചുമടു ഞാൻ ചുമത്തുകയില്ലായിരുന്നെങ്കിൽ ഓരോ വുളുവിനും ദന്തധാവനം ഞാൻ അവരോടു ആജ്ഞാപിക്കുമായിരുന്നു.'
(ബു.30:27)

ത്വാലിബെ ദുആ
LATE P.V.SAINAB AND FAMILY
KARULAI, MALAPPURAM

• ഹദീഥുന്നബ്‌വി ﷺ •

'ശുദ്ധീരണമില്ലാതെ നമസ്കാരമോ നിയമവിരുദ്ധ മാർഗങ്ങളിൽകൂടി സമ്പാദിച്ചതിൽ നിന്നുള്ള ധർമമോ സ്വീകരിക്കപ്പെടുന്നതല്ല.' (മിശ്ക്കാത്ത് 3:1)

ത്വാലിബെ ദുആ
PROF.M.K.ABDUL KAREEM AND FAMILY
KARULAI, MALAPPURAM

അവിടുന്ന് ഇപ്രകാരം പറയുന്നു:

അമാനത്ത് എന്നതുകൊണ്ട് അർഥമാക്കുന്നത് പരിപൂർണ്ണ മനുഷ്യന് അല്ലാഹു നല്കിയിട്ടുള്ള ബുദ്ധി, അറിവ്, ഹൃദയം, ജീവൻ, ഇന്ദ്രിയങ്ങൾ, ഭയം, സ്നേഹം, ബഹുമാനം, അന്തസ്സ് തുടങ്ങി എല്ലാ ശാരീരികവും ആത്മീയവുമായ അനുഗ്രഹങ്ങളാണ്. പിന്നീട് ആ പരിപൂർണ്ണ മനുഷ്യൻ

اِنَّ اللّٰهَ يَاۡمُرُكُمۡ اَنۡ تُؤَدُّوا الۡاَمٰنٰتِ اِلٰۤى اَهۡلِهَا

(നിശ്ചയമായും അമാനത്തുകൾ അതിന്റെ അവകാശികൾക്ക് തിരിച്ചുനൽകാൻ അല്ലാഹു നിങ്ങളോട് കൽപ്പിക്കുന്നു) എന്ന ആയത്ത് അനുസരിച്ച് ഈ അമാനത്തുകളെല്ലാം അല്ലാഹുവിന് തന്നെ തിരിച്ചുനൽകുന്നു. അതായത് അല്ലാഹുവിൽ ലയിച്ചു ചേർന്ന് (ഫനാ ആയി) അവയെല്ലാം അല്ലാഹുവിന്റെ മാർഗത്തിൽ സമർപ്പിക്കുന്നു. അല്ലാഹു നല്കിയ പ്രസ്തുത അനുഗ്രഹങ്ങളെല്ലാം അവന്റെ കൽപ്പനകൾ പിന്തുടരുന്നതിനും അവന്റെ പ്രീതി നേടുന്നതിനുമായി ചിലവഴിക്കുമ്പോഴാണ് ആ അമാനത്തു കൾ യഥാർഥത്തിൽ നിറവേറ്റപ്പെടുന്നത്. ഇതിലൂടെ അല്ലാഹുവിന്റെ സ്നേഹവും അടുപ്പവും കൂടുതൽ കൂടുതൽ നേടിയെടുക്കാൻ സാധിക്കുന്നു.

അല്ലാഹുവിനോടുള്ള സ്നേഹത്തിൽ അലിഞ്ഞുചേർന്ന് അവിടുന്ന് നിർവഹിച്ച ആ അമാനത്തുകളുടെ ഉന്നതമായ പൂർത്തീകരണത്തെക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം ഇപ്രകാരം വിവരിക്കുന്നു:

ഈ തേജോവിലാസം അത്യുന്നതവും പരിപൂർണവും തികവുറ്റതുമായ നിലയിൽ നമ്മുടെ നേതാവും നമ്മുടെ സ്നേഹഭാജനവും നമ്മുടെ മാർഗദർശിയും ആയ ആ നിരക്ഷരപ്രവാചകൻ, അതെ, സത്യവാനും സത്യസാക്ഷിതനുമായ മുഹമ്മദ് മുസ്തഫാ(സ) തിരുമേനിയിലാണ് ദൃശ്യമായിരുന്നത്. വിശുദ്ധ ഖുർആനിൽ അല്ലാഹു ഇപ്രകാരം പറയുന്നു:

قُلۡ اِنَّ صَلَاتِىۡ وَنُسُكِىۡ وَمَحۡيَاىَ وَمَمَاتِىۡ لِلّٰهِ رَبِّ الۡعٰلَمِيۡنَ ۔ لَا شَرِيۡكَ لَهٗ وَبِذٰلِكَ اُمِرۡتُ وَاَنَا اَوَّلُ الۡمُسۡلِمِيۡنَ ۔

തുടർന്ന് പറയുന്നു:

وَاَنَّ هٰذَا صِرَاطِىۡ مُسۡتَقِيۡمًا فَاتَّبِعُوۡهُ وَلَا تَتَّبِعُوا السُّبُلَ فَتَفَرَّقَ بِكُمۡ عَنۡ سَبِيۡلِهٖ ذٰلِكُمۡ وَصّٰٮكُمۡ بِهٖ لَعَلَّكُمۡ تَتَّقُوۡنَ ۔

വീണ്ടും അല്ലാഹു പറയുന്നു:

قُلۡ اِنۡ كُنۡتُمۡ تُحِبُّوۡنَ اللّٰهَ فَاتَّبِعُوۡنِىۡ يُحۡبِبۡكُمُ اللّٰهُ وَيَغۡفِرۡ لَكُمۡ ذُنُوۡبَكُمۡ وَاللّٰهُ غَفُوۡرٌ رَّحِيۡمٌ ۔

മറ്റൊരിടത്ത് പറയുന്നു

فَقُلۡ اَسۡلَمۡتُ وَجۡهِىَ لِلّٰهِ ۔

പിന്നീട് അരുളിച്ചെയ്യുന്നു:

وَاُمِرۡتُ اَنۡ اُسۡلِمَ لِرَبِّ الۡعٰلَمِيۡنَ

അതായത്, അവരോട് പറയുക: എന്റെ നമസ്കാരവും എന്റെ ആരാധനകളിലെ പരിശ്രമങ്ങളും എന്റെ ബലികളും എന്റെ ജീവിതവും മരണവും എല്ലാം അഖിലലോക രക്ഷിതാവായ അല്ലാഹുവിനു വേണ്ടിയും അവന്റെ മാർഗത്തിലുമാകുന്നു. അവന് യാതൊരു പങ്കുകാരനുമില്ല. എന്നോട് ഇപ്രകാരം കൽപ്പിക്കപ്പെട്ടിരിക്കുന്നു, ഞാൻ മുസ്ലീങ്ങളിൽ പ്രഥമനാണ്. അതായത് ലോകത്തിന്റെ തുടക്കം മുതൽ ഒടുക്കം വരെ എന്നെപ്പോലെ അല്ലാഹുവിൽ വിലയം പ്രാപിച്ച (ഫനാ ഫില്ലാഹ് ആയ), അല്ലാഹു നൽകിയ അമാനത്തുകളെല്ലാം അവന് തന്നെ തിരിച്ചുനൽകുന്ന മറ്റൊരു പൂർണ്ണ മനുഷ്യനുമില്ല.

നബി തിരുമേനി(സ)ക്ക് മറ്റ് പ്രവാചകന്മാരേക്കാൾ ശ്രേഷ്ഠതയില്ലെന്ന് വിശ്വസിക്കുക യും ചില ബലഹീനമായ ഹദീസുകൾ ഉദ്ധരിക്കുകയും ചെയ്യുന്ന അറിവില്ലാ ത്തവരുടെ വാദങ്ങളെ ഈ ആയത്ത് ഖണ്ഡിക്കുന്നു. തിരുനബി(സ)ക്ക് യൂനുസ് ബിൻ മത്തായേക്കാൾ ശ്രേഷ്ഠത കൽപ്പിക്കുന്നത് നബി(സ)തന്നെ വിലക്കിയിട്ടു ണ്ടെന്ന് ഇവർ പറയുന്നു. ഇത് നബി തിരുമേനി(സ)യുടെ സ്വതസിദ്ധ സ്വഭാവ മായിരുന്ന വിനയത്തിന്റെ ഭാഗമായി പറഞ്ഞതാണെന്ന് ഈ അറിവില്ലാത്തവർ മനസ്സിലാക്കുന്നില്ല. ഏതൊരു കാര്യത്തിനും അതിന്റേതായ ഒരു സന്ദർഭവും സാഹചര്യവുമുണ്ട്. ഒരു പുണ്യവാൻ തന്റെ കത്തിൽ 'അല്ലാഹുവിന്റെ ദാസന്മാരിൽ ഏറ്റവും എളിയവൻ' (അഹ്ഖറു ഇബാദില്ലാഹ്) എന്ന് എഴുതിയാൽ, അതിനർഥം അദ്ദേഹം ലോകത്തിലെ സകല പാപികളേക്കാളും വിഗ്രഹാരാധകരേക്കാളും മോശപ്പെട്ടവനാണെന്നല്ല. അദ്ദേഹത്തിന്റെ വിനയത്തെ അപ്രകാരം തെറ്റായി വ്യാഖ്യാനിക്കുന്നത് വലിയ വിഡ്ഢിത്തമാണ്.

അല്ലാഹു നബി തിരുമേനി(സ)യെ 'അവ്വലുൽ മുസ്ലിമീൻ' എന്നും എല്ലാ അനുസരണയുള്ളവരുടെയും നേതാവ് എന്നും പറയുമ്പോൾ, അമാനത്തുകൾ ഏറ്റവും ആദ്യം തിരിച്ചുനൽകിയ വ്യക്തിയായി അവിടുത്തെ പ്രഖ്യാപിക്കുമ്പോൾ, വിശുദ്ധ ഖുർആൻ വിശ്വസിക്കുന്ന ഒരാൾക്ക് അവിടുത്തെ ഉന്നതമായ പദവിയെക്കുറിച്ച് തർക്കിക്കാൻ എവിടെയാണ് ഇടമുള്ളത്? ഇസ്ലാമിന് പല പദവികൾ നല്കിയിട്ടുള്ളതിൽ വെച്ച് ഏറ്റവും ഉന്നതമായ പദവി അല്ലാഹു നബി തിരുമേനി(സ)യുടെ പ്രകൃതത്തിന്(ഫിത്ത്റത്തിന്) നല്കിയതാണ്.

തുടർന്ന് ഓതപ്പെട്ട ആയത്തുകളുടെ ബാക്കി അർഥം ഇപ്രകാരമാണ്: അല്ലാഹു തന്റെ റസൂലിനോട് പറയുന്നു, അവരോട് പറയുക: എന്റെ മാർഗമാണ് നേരായ മാർഗം, അതിനാൽ നിങ്ങൾ അതിനെ പിന്തുടരുക. നിങ്ങളെ ദൈവത്തിൽ നിന്നും അകറ്റുന്ന മറ്റ് വഴികളിലൂടെ നിങ്ങൾ സഞ്ചരിക്കരുത്.

**അവരോട് പറയുക: നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുണ്ടെങ്കിൽ വരിക, എന്നെ പിന്തുടരുക. അതായത് ഇസ്ലാമിന്റെ യഥാർഥ സത്ത ഉൾക്കൊള്ളുന്ന എന്റെ പാതയിലൂടെ സഞ്ചരിക്കുക. എങ്കിൽ അല്ലാഹു നിങ്ങളെയും സ്നേഹിക്കുന്നതാണ്, നിങ്ങളുടെ പാപങ്ങൾ പൊറുത്തു തരികയും ചെയ്യും.**

അവരോട് പറയുക: എന്റെ മാർഗം ഇതാണ്, എന്റെ അസ്തിത്വം മുഴുവൻ അല്ലാഹുവിന് സമർപ്പിക്കാനാണ് എന്നോട് കൽപ്പിക്കപ്പെട്ടിരിക്കുന്നത്. അഖിലലോക രക്ഷിതാവായ അല്ലാഹുവിനായി എന്നെത്തന്നെ നിസ്വാർത്ഥമാക്കുക. അവൻ റബ്ബുൽ ആലമീൻ (ലോകരക്ഷിതാവ്) ആയതുപോലെ, അവനിൽ ലയിച്ചുകൊണ്ട് ഞാൻ ഖാദിമുൽ ആലമീൻ (ലോകത്തിന്റെ സേവകൻ) ആയി മാറണം. പൂർണ്ണമായും അവന്റേതും അവന്റെ മാർഗത്തിന്റേതുമായി തീരണം. അതിനാൽ എന്റെ അസ്തിത്വവും എനിക്കുള്ളതെല്ലാം ഞാൻ അല്ലാഹുവിനായി നൽകിക്കഴിഞ്ഞു. ഇപ്പോൾ എന്റേ തായി ഒന്നുമില്ല, എനിക്കുള്ളതെല്ലാം അവന്റേതാണ്.

(آئینہ کمالات اسلام، روحانی خزائن
جلد5 صفحہ 160-165)

**നബി തിരുമേനി(സ)യുടെ പദവിയെയും സ്ഥാനത്തെയും കുറിച്ചുള്ള ഉന്നതമായ ഇത്തരമൊരു ഉൾക്കാഴ്ചയാണ് അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് നല്കിയത്, അവിടുന്ന് അത് നമുക്കായും വിവരിച്ചു തന്നു. എന്നിട്ടും നമ്മുടെ ശത്രുക്കൾ പറയുന്നത് നാം നബി തിരുമേനി(സ)യെ നിന്ദിക്കുന്നുവെന്നും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് കൂടുതൽ സ്ഥാനം നൽകുന്നുവെന്നുമാണ് -നഊദുബില്ലാഹ്. അല്ലാഹു അവരുടെ തിന്മകളിൽ നിന്നും ഓരോ അഹ്മദിയെയും കാത്തുരക്ഷിക്കട്ടെ.**

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിടത്ത് ഇപ്രകാരം വിവരിക്കുന്നു:

ഞാൻ എപ്പോഴും അത്ഭുതദൃഷ്ടികളോടെയാണ് നോക്കിക്കാണുന്നത്, മുഹമ്മദ് എന്നുപേരുള്ള ഈ അറബി പ്രവാചകൻ (ആയിരമായിരം സലാത്തും സലാമും അവിടത്തെ മേൽ വർഷിക്കപ്പെടട്ടെ!) എത്രമേൽ ഉൽകൃഷ്ടപദവിയാർന്ന നബിയാണ്! അവിടത്തെ ഔന്നത്യത്തിന്റെ അറ്റം കണ്ടെത്തുക അസാധ്യം തന്നെ! അവിടത്തെ ദിവ്യശക്തി പ്രഭാവം

## • ഹദീഥുന്നബ്വി ﷺ •

'നിങ്ങൾ വസ്ത്രം ധരിക്കുമ്പോഴും വുളു ചെയ്യുമ്പോഴും വലത്തുഭാഗം മുതൽ ആരംഭിക്കുക.'
(മിശ്ക്കാത്ത് 3:4)

ത്വാലിബെ ദുആ
RAHMAN SHAKEER & FAMILY
AHMADIYYA JAMA-ATH KARULAI, KERALA

## • ഹദീഥുന്നബ്വി ﷺ •

യാത്ര ചെയ്യുന്ന ഒരാൾക്ക് മൂന്നു പകലും രാത്രിയും യാത്രയില്ലാത്ത ഒരാൾക്ക് ഒരുപകലും രാത്രിയും അവൻ ശുദ്ധമായിരുന്നപ്പോൾ ഇട്ടതാണെങ്കിൽ അവന്റെ ബൂട്ട്സു തടകുവാൻ (കാലു കഴുകുന്നതിനു പകരം) അവിടന്ന് അനുവദിച്ചു. (മിശ്ക്കാത്ത് 3:9)

ത്വാലിബെ ദുആ
P. ABDUL AMEER
AHMADIYYA JAMA-ATH MANJERY, KERALA

കണക്കാക്കുക മനുഷ്യന്റെ കഴിവിൽപ്പെട്ടതല്ല. അഹോ കഷ്ടം! അവിടത്തെ യഥാർഥ പദവി അതർഹിക്കുംവിധം അംഗീകരിക്കപ്പെടുമാറായില്ല. ലോകത്തുനിന്നും തികച്ചും അപ്രത്യക്ഷമായി കഴിഞ്ഞിരുന്ന ആ 'തൗഹീദ്' അഥവാ ഏകദൈവ വിശ്വാസം വീണ്ടും ഈ ലോകത്ത് തിരിച്ചു കൊണ്ടു വന്ന വീരാത്മാവ് അവിടന്നത്രെ. അവിടന്നു ദൈവത്തോട് അങ്ങേയറ്റത്തെ സ്നേഹം പുലർത്തി. മനുഷ്യകുലത്തോടുള്ള സഹാനുഭൂതിയിൽ അദ്ദേഹം ആത്മാർ പണം ചെയ്തു. മുമ്പുള്ളവരും പിമ്പുള്ളവരുമായ സകല പ്രവാചകന്മാരെക്കാളും ശ്രേഷ്ഠത്വം അല്ലാഹു അദ്ദേഹത്തിനു നല്കുകയും അദ്ദേഹത്തിന്റെ ആഗ്രഹങ്ങൾ അദ്ദേഹത്തിന്റെ ജീവിതത്തിൽ അദ്ദേഹത്തിനു സാധിപ്പിച്ചുകൊടുക്കുകയും ചെയ്തു. അവിടുന്ന് മാത്രമാണ് എല്ലാ അനുഗ്രഹങ്ങളുടെയും ഉറവിടം. അവിടുത്തെ അനുഗ്രഹം അംഗീകരിക്കാതെ വല്ല ശ്രേഷ്ഠതയും അവകാശപ്പെടുന്നവൻ മനുഷ്യനല്ല, മറിച്ച് പിശാചിന്റെ സന്തതിയാണ്. കാരണം

**എല്ലാ ശ്രേഷ്ഠതകളുടെയും താക്കോലും ജ്ഞാനത്തിന്റെ എല്ലാ നിധികളും അവിടുത്തേക്കാണ് നൽകപ്പെട്ടിരിക്കുന്നത്. അവിടുന്ന് വഴി അത് ലഭിക്കാത്തവൻ ശാശ്വതമായ നഷ്ടത്തിലാണ്. നാം ആരാണ്, നമ്മുടെ യാഥാർഥ്യം എന്താണ്? യഥാർഥ തൗഹീദ് ഈ നബിയിലൂടെയാണ് നമുക്ക് ലഭിച്ചതെന്ന് നാം സമ്മതിക്കുന്നില്ലെങ്കിൽ നാം നന്ദികെട്ടവരായിത്തീരും. ജീവൽ ദൈവത്തെക്കുറിച്ചുള്ള അറിവ് ഈ പൂർണ്ണ നബിയിലൂടെയും അവിടുത്തെ പ്രകാശത്തിലൂടെയുമാണ് നമുക്ക് ലഭിച്ചത്. ദൈവത്തിന്റെ മുഖം ദർശിക്കാൻ സാധിക്കുന്ന വിധത്തിലുള്ള അല്ലാഹുവിന്റെ സംസാരത്തിനും അഭിസംബോധനയ്ക്കും അർഹരായതും ഈ മഹാനായ നബിയിലൂടെയാണ്.**

ഹിദായത്തിന്റെ (സന്മാർഗത്തിന്റെ) ആ സൂര്യന്റെ കിരണങ്ങൾ വെയിൽ പോലെ നമ്മുടെ മേൽ പതിക്കുന്നു, അതിന് അഭിമുഖമായി നിൽക്കുന്നിടത്തോളം കാലം മാത്രമേ നമുക്ക് പ്രകാശിതരായിരിക്കാൻ സാധിക്കൂ. നബി തിരുമേനി(സ)യിൽ വിശ്വസിക്കാത്തവരോ അല്ലെങ്കിൽ മതപരിത്യാഗിയായവരോ തൗഹീദിൽ ഉറച്ചു നിൽക്കുകയും അല്ലാഹുവിനെ ഏകനായി കാണുകയും ചെയ്താൽ അവർക്ക് മോക്ഷം ലഭിക്കുമെന്നും നബിയിൽ വിശ്വസിക്കാത്തത് അവർക്ക് ദോഷം ചെയ്യില്ലെന്നും കരുതുന്നവർ യഥാർഥത്തിൽ തൗഹീദിന്റെ യാഥാർഥ്യം അറിയാത്തവരാണ്. കേവലം ഏകനാണെന്ന് വിശ്വസിച്ചതുകൊണ്ട് മാത്രം മോക്ഷം ലഭിക്കുകയില്ല,

**മോക്ഷം എന്നത് രണ്ട് കാര്യങ്ങളെ ആശ്രയിച്ചിരിക്കുന്നു. ഒന്ന്, പൂർണ്ണമായ ഉറ പ്പോടെ അല്ലാഹുവിന്റെ അസ്തിത്വത്തിലും ഏകത്വത്തിലും വിശ്വസിക്കുക. രണ്ട്, അല്ലാഹുവിനോടുള്ള പൂർണ്ണമായ സ്നേഹം ഹൃദയത്തിൽ കുടികൊള്ളുക; ആ സ്നേഹത്തിന്റെ ആധിക്യത്താൽ അല്ലാഹുവിനെ അനുസരിക്കുക എന്നത് തന്റെ ജീവന്റെ ആശ്വാസമായി മാറണം, അതില്ലാതെ ജീവിക്കാൻ കഴിയില്ല എന്ന അവസ്ഥ വരണം. ആ സ്നേഹം മറ്റെല്ലാ സ്നേഹങ്ങളെയും ഇല്ലാതാക്കണം.**

ഇതാണ് യഥാർഥ തൗഹീദ്. ഇത് നമ്മുടെ നേതാവും നായകനുമായ മുഹമ്മദ് നബി തിരുമേനി(സ)യെ പിന്തുടരുന്നതിലൂടെയല്ലാതെ ലഭിക്കുകയില്ല. എന്തുകൊണ്ട് ലഭിക്കില്ല? അതിന്റെ മറുപടി ഇതാണ്, അല്ലാഹുവിന്റെ സത്ത എന്നത് അതിഗൂഢവും ഇന്ദ്രിയങ്ങൾക്കും അപ്പുറവുമാണ്. മനുഷ്യബുദ്ധിക്ക് സ്വന്തം നിലയിൽ അത് കണ്ടെത്താൻ കഴിയില്ല. അല്ലാഹുവിന്റെ അസ്തിത്വത്തിന് പൂർണ്ണമായ തെളിവ് നൽകാൻ യുക്തിക്ക് (ബുദ്ധിക്ക്) സാധ്യമല്ല. കാരണം ബുദ്ധിയുടെ പരിധി എന്നത് ഈ ലോകത്തിലെ നിർമ്മാണങ്ങൾ കണ്ട് ഒരു നിർമ്മാതാവ് ആവശ്യമാണെന്ന് തിരിച്ചറിയുക എന്നത് മാത്രമാണ്. എന്നാൽ ഒരു ആവശ്യകത അനുഭവപ്പെടുക എന്നതും, നാം അംഗീകരിച്ച ആ ദൈവം യഥാർഥത്തിൽ നിലവിലുണ്ട് എന്ന് ഐനുൽ യഖീന്റെ (നേരിൽ കണ്ടുറപ്പിക്കുക) തലത്തിൽ തിരിച്ചറിയുക എന്നതും രണ്ട് കാര്യങ്ങളാണ്. ബുദ്ധിയിലൂടെ ദൈവം ഉണ്ടെന്ന് മനസ്സിലാക്കാം, എന്നാൽ പലരും പറയുന്നതുപോലെ 'ആരാണ് അവൻ' എന്ന് മനസ്സിലാക്കാൻ കഴിയില്ല. ബുദ്ധിയുടെ വഴി അപൂർണ്ണവും സംശയാസ്പദവുമായതിനാൽ ഒരു തത്ത്വചിന്തകനും കേവലം ബുദ്ധിയിലൂടെ ദൈവത്തെ തിരിച്ചറിയാൻ കഴിയില്ല. മറിച്ച്, ബുദ്ധി യിലൂടെ മാത്രം ദൈവത്തെ കണ്ടെത്താൻ ശ്രമിക്കുന്ന മിക്കവരും അവസാനം നിരീശ്വരവാദികളായി മാറുന്നു. ആകാശഭൂമികളിലെ സൃഷ്ടികളെക്കുറിച്ച് ചിന്തിക്കു ന്നത് അവർക്ക് യാതൊരു പ്രയോജനവും നൽകുന്നില്ല, അവർ ദൈവത്തിന്റെ പുണ്യാത്മാക്കളെ പരിഹസിക്കുന്നു. ലോകത്ത് പ്രയോജനമില്ലാത്ത ഒട്ടേറെ കാര്യ ങ്ങളുണ്ടെന്നും തങ്ങളുടെ ബുദ്ധിപരമായ ഗവേഷണങ്ങളിൽ ഒരു നിർമ്മാതാവിനെ സൂചിപ്പിക്കുന്ന ഒന്നും കാണുന്നില്ലെന്നുമാണ് അവരുടെ വാദം. ബുദ്ധിയിലൂടെ ചിന്തിക്കുമ്പോൾ ചില കാര്യങ്ങൾ എന്തിന് നില നിൽക്കുന്നു എന്നതിന് അവർക്ക് യുക്തിപരമായ തെളിവ് ലഭിക്കുന്നില്ല, മറിച്ച് അനാവശ്യമായാണ് അവയെ കാണു ന്നത്. വിജ്ഞാനത്തിന്റെ അഭാവം ആ വസ്തുവിന്റെ അഭാവമല്ലെന്ന് ഈ അറിവില്ലാ ത്തവർ മനസ്സിലാക്കുന്നില്ല. ഒരു കാര്യത്തെക്കുറിച്ച് അറിവില്ല എന്നതിനർഥം ആ വസ്തു നിലവിലില്ല എന്നല്ല. ഇത്തരത്തിലുള്ള ലക്ഷക്കണക്കിന് ആളുകൾ ഈ കാലഘട്ടത്തിലുണ്ട്, ഇപ്പോൾ അവർ കോടിക്കണക്കിനുണ്ട്. തങ്ങൾ ഒന്നാംതരം ബുദ്ധിമാന്മാരും തത്ത്വചിന്തകരുമാണെന്ന് അവർ കരുതുന്നു, എന്നാൽ അവർ ദൈവ ത്തെ നിഷേധിക്കുന്നവരാണ്. ഏതെങ്കിലും ശക്തമായ യുക്തിപരമായ തെളിവ് അവർക്ക് ലഭിച്ചിരുന്നുവെങ്കിൽ അവർ ദൈവത്തെ നിഷേധിക്കില്ലായിരുന്നു. അല്ലാഹു വിന്റെ അസ്തിത്വത്തെക്കുറിച്ച് ഉറപ്പുള്ള യുക്തിപരമായ തെളിവ് അവർക്ക് ലഭിച്ചിരുന്നുവെങ്കിൽ ഇത്ര ലജ്ജയില്ലാതെ അവർ ദൈവത്തെ പരിഹസിക്കില്ലായിരുന്നു. അതിനാൽ തത്ത്വചിന്തകരുടെ കപ്പലിൽ കയറി ആർക്കും സംശയങ്ങളുടെ കൊടു ങ്കാറ്റിൽ നിന്നും രക്ഷപ്പെടാൻ കഴിയില്ല. നിങ്ങൾ തത്ത്വചിന്തകർക്കൊപ്പം ഇരിക്കു കയോ അവരുടെ ചിന്താഗതി പിന്തുടരുകയോ ചെയ്താൽ നിങ്ങൾക്ക് സംശയങ്ങളിൽ നിന്നും മുക്തി നേടാൻ കഴിയില്ല. ദൈവനിഷേധികളായ തത്ത്വചിന്തകരുടെ ഹൃദയങ്ങളിൽ സംശയങ്ങളുടെ ഒരു വലിയ പ്രവാഹമുണ്ട്, അതിൽ അവർ മുങ്ങിപ്പോകും. അവർക്ക് ഒരിക്കലും ശുദ്ധമായ തൗഹീദിന്റെ പാനീയം ലഭിക്കുക യില്ല. അതിനാൽ നബി തിരുമേനി(സ) എന്ന മധ്യവർത്തിയില്ലാതെ തൗഹീദ് ലഭിക്കു മെന്നും മനുഷ്യന് രക്ഷപ്പെടാൻ കഴിയുമെന്നും കരുതുന്നത് എത്രത്തോളം അസംബന്ധവും ദുർഗന്ധപൂർണ്ണവുമായ ചിന്തയാണെന്ന് ആലോചിച്ചുനോക്കൂ.

**അതിനാൽ തൗഹീദിനെക്കുറിച്ച് അറിയണമെന്നുണ്ടെങ്കിൽ, അല്ലാഹുവിന്റെ അസ്തിത്വത്തെക്കുറിച്ച് ബോധ്യപ്പെടണമെന്നുണ്ടെങ്കിൽ നബി തിരുമേനി(സ)യുടെ അധ്യാപനങ്ങളെ ആഴത്തിൽ പോയി ദർശിക്കേണ്ടതുണ്ട്. വിശുദ്ധ ഖുർആനെ മനസ്സിലാക്കേണ്ടതുണ്ട്.**

അല്ലയോ അറിവില്ലാത്തവരേ, ദൈവത്തിന്റെ അസ്തിത്വത്തിൽ പൂർണ്ണമായ ഉറപ്പ് ലഭിക്കാതെ അവന്റെ ഏകത്വത്തിൽ (തൗഹീദിൽ) എങ്ങനെയാണ് വിശ്വാസമുണ്ടാകുക? അതിനാൽ ഉറപ്പായ തൗഹീദ് ഒരു നബിയിലൂടെ മാത്രമേ ലഭിക്കൂ എന്ന് നിങ്ങൾ നിശ്ചയമായും മനസ്സിലാക്കുക. നമ്മുടെ നബി തിരുമേനി(സ) അറേബ്യയിലെ നിരീശ്വരവാദികൾക്കും ദുർമാർഗികൾക്കും ആയിരക്കണക്കിന് ആകാശിക അടയാളങ്ങൾ കാണിച്ചുകൊടുത്ത് അല്ലാഹുവിന്റെ അസ്തിത്വത്തിൽ അവരെ വിശ്വസിപ്പിച്ചത് പോലെ, ഇന്നും നബി തിരുമേനി(സ)യെ സത്യസന്ധമായും പൂർണ്ണമായും പിന്തുടരുന്നവർ നിരീശ്വരവാദികളുടെ മുൻപിൽ അത്തരം അടയാളങ്ങൾ സമർപ്പിക്കുന്നു.

**ജീവിക്കുന്ന ദൈവത്തിന്റെ ജീവസ്സുറ്റ ശക്തികൾ മനുഷ്യൻ നേരിട്ട് ദർശിക്കാത്ത കാലത്തോളം അവന്റെ ഹൃദയത്തിൽ നിന്നും പിശാച് പുറത്തു പോവുകയില്ല, സത്യസന്ധമായ തൗഹീദ് ഹൃദയത്തിൽ പ്രവേശിക്കുകയുമില്ല, ദൈവത്തിന്റെ അസ്തിത്വത്തിൽ ഉറച്ച വിശ്വാസം ഉണ്ടാവുകയുമില്ല എന്നതാണ് സത്യം. ഈ പരിശുദ്ധവും പൂർണ്ണവുമായ തൗഹീദ് നബി തിരുമേനി(സ)യിലൂടെ മാത്രമേ ലഭിക്കൂ.** (حقیقة الوحی، روحانی خزائن جلد 22 صفحہ 118-121)

**ഈ കാലഘട്ടത്തിൽ ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാത്തു വസ്സലാമാണ് ഈ അധ്യാപനങ്ങൾ വിശദീകരിച്ചു നൽകിയത്.**

അദ്ദേഹം വീണ്ടും പറയുന്നു: ലക്ഷക്കണക്കിനുള്ള മൃതന്മാർ ഏതാനും ദിനങ്ങൾ കൊണ്ടു ജീവ നുള്ളവരായി മാറുകയും തലമുറ തലമുറകളായി വഴിപിഴച്ചുപോയവർ ദിവ്യവർണം സ്വീകരിച്ചവരായി രൂപാന്തരപ്പെടുകയും

ശേഷം പേജ് 23 ൽ

# ഖുത്ബ ജുമുഅ

**2026 ജനുവരി 30, 1405 സുൽഹ് 30 മസ്ജിദ് മുബാറക്, ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സറേ), യു.കെ**

**നബി തിരുമേനി(സ)ക്ക് അന്ത്യസമയത്ത് അല്ലാഹു ഒരു തിരഞ്ഞെടുപ്പിനുള്ള അവകാശം നല്കിയിരുന്നു. അതായത് താങ്കൾക്ക് വേണമെങ്കിൽ ദുനിയാവിൽ തുടരാം, അല്ലെങ്കിൽ എന്റെ അടുത്തേക്ക് വരാം. അവിടുന്ന് അപേക്ഷിച്ചു, എന്റെ രക്ഷിതാവേ, ഇപ്പോൾ ഞാൻ നിന്റെ അടുത്തേക്ക് വരാനാണ് ആഗ്രഹിക്കുന്നത്. അവിടുത്തെ ആത്മാവ് വിട്ടുപിരിയുമ്പോൾ ഉച്ചരിച്ച അവസാന വാക്ക് ബിർറഫീഖിൽ അഅ്‌ലാ എന്നതായിരുന്നു. അതായത് ഇനി എനിക്ക് ഇവിടെ കഴിയേണ്ടതില്ല, എനിക്ക് എന്റെ ദൈവത്തിന്റെ അടുത്തേക്ക് പോകണം. (ഹദ്റത്ത് മസീഹ് മൗഊദ്(അ))**

നബി തിരുമേനി(സ)യുടെ ദൈവാനുരാഗത്തിന്റെ എണ്ണമറ്റ സംഭവങ്ങളുണ്ട്. അവിടുത്തെ ഓരോ പ്രവൃത്തിയും ഓരോ സംഭവവും അവിടുത്തെ ഹൃദയത്തിൽ എപ്പോഴും ദൈവപ്രേമത്തിന്റെ ഒരു സമുദ്രം തിരതല്ലിക്കൊണ്ടിരുന്നു എന്നതിലേക്കാണ് വിരൽചൂണ്ടുന്നത്.

**അല്ലാഹുവിന്റെ തൗഹീദിനെക്കുറിച്ച് പരാമർശിക്കാതെ ഒരു അവസരവും നബി തിരുമേനി(സ) പാഴാക്കിയിരുന്നില്ല. അവിടുത്തെ ഓരോ വാക്കിൽ നിന്നും അല്ലാഹുവിനോടുള്ള സ്നേഹം പ്രകടമായിരുന്നു. അവിടുന്ന് സംസാരിക്കുന്ന ഓരോ സന്ദർഭത്തിലും അവിടുത്തെ ഹൃദയത്തിൽ അല്ലാഹു തആലായോടുള്ള സ്നേഹം നിറഞ്ഞുതുളുമ്പുന്നുവെന്നും, അവിടുത്തെ ഹൃദയം ആ സ്നേഹത്താൽ സമ്പൂർണ്ണമാണെന്നും മറ്റൊന്നും അവിടെയില്ലെന്നും വ്യക്തമായിരുന്നു.**

അല്ലാഹു അവിടുത്തോട് അരുളിച്ചെയ്തു: ഓ മുഹമ്മദ്(സ), താങ്കൾക്ക് ദൈവത്തിന്റെ ഏകത്വത്തെക്കുറിച്ച് പൂർണ്ണമായ ബോധ്യമുള്ളതുപോലെ താങ്കളുടെ വിശ്വാസികളോടും പറയുക, എത്ര സൂക്ഷ്മമായ കാര്യത്തിലും അല്ലാഹുവിന്റെ തൗഹീദും സ്നേഹവും നിങ്ങൾ അംഗീകരിക്കണം, ഹൃദയത്തിന്റെ ആഴത്തിൽ നിന്ന് അതിൽ വിശ്വസിക്കണം.

**പരലോകത്ത് ഇത്തരത്തിലുള്ള ഒരു ശുപാർശയും ഉപകരിക്കില്ല. അല്ലാഹുവിന്റെ കൃപ മാത്രമാണ് അവിടെ ഉപകരിക്കുക. നബി തിരുമേനി(സ)യുടെ ചര്യ പിന്തുടരുന്നതും അവിടുത്തെ അനുസരിക്കുന്നതും പിൻപറ്റുന്നതുമാണ് യഥാർത്ഥത്തിൽ ഉപകരിക്കുന്ന കാര്യങ്ങൾ. അത് അല്ലാഹു തന്നെ ഇഷ്ടപ്പെട്ട കാര്യമാണ്. അല്ലാഹു തന്നെ അരുളിച്ചെയ്തിട്ടുണ്ടല്ലോ:**

فَاتَّبِعُوْنِيْ يُحْبِبْكُمُ اللّٰهُ (آل عمران:32)

**അതായത്, എന്നെ പിന്തുടരുക എന്നാൽ അല്ലാഹു നിങ്ങളെ സ്നേഹിക്കും എന്ന് ജനങ്ങളോട് പ്രഖ്യാപിക്കാൻ അവിടുത്തോട് കൽപ്പിച്ചു.**

നബി തിരുമേനി(സ) സ്വന്തം ഉദാഹരണങ്ങളിലൂടെ നമുക്ക് കാണിച്ചുതന്ന വഴി ദൈവപ്രേമത്തിന്റെയും ആഗ്രഹങ്ങൾ പ്രകടിപ്പിക്കുന്നതിന്റെയും ത്യാഗത്തിന്റെയും അങ്ങേയറ്റമാണ്. എന്നാൽ അതോടൊപ്പം തന്നെ വിവേകപൂർണ്ണമായ മധ്യമാർഗവുമാണത്. അല്ലാഹുവിന്റെ കൽപ്പനയായതുകൊണ്ടാണ് ആ മാർഗം സ്വീകരിക്കേണ്ടതാണ്.

## നബി തിരുമേനി(സ) എല്ലാ അവസ്ഥകളിലും അല്ലാഹുവിനെ സ്മരിച്ചിരുന്നു.

പ്രഭാത നമസ്കാരം മുതൽ സൂര്യോദയം വരെ അല്ലാഹുവിനെ സ്മരിക്കുന്നവരോടൊപ്പം ഇരിക്കുന്നത് ഹദ്റത്ത് ഇസ്മായിലിന്റെ സന്തതികളിൽപ്പെട്ട നാല് അടിമകളെ മോചിപ്പിക്കുന്നതിനേക്കാൾ എനിക്ക് പ്രിയപ്പെട്ടതാണ്. അസർ നമസ്കാരം മുതൽ സൂര്യാസ്തമയം വരെ അല്ലാഹുവിനെ സ്മരിക്കുന്നവരോടൊപ്പം ഇരിക്കുന്നത് നാല് അടിമകളെ മോചിപ്പിക്കുന്നതിനേക്കാൾ എനിക്ക് പ്രിയപ്പെട്ടതാണ്. (ഹദീസ്)

**സുബ്ഹാനല്ലാഹ്! എന്തൊരു ദൈവാനുരാഗമാണിത്! അവിടുന്ന് ജനങ്ങളിൽ ആ സ്നേഹം വളർത്തുകയായിരുന്നു, അവിടുത്തെ ഉള്ളിൽ അത് അതിന്റെ അത്യുന്നതങ്ങളിൽ എത്തിയിരുന്നു**

അല്ലാഹുവിനോടുള്ള സ്നേഹം കാരണം അവിടുത്തെ സ്മരണ നബി തിരുമേനി(സ)ക്ക് ഏറ്റവും പ്രിയപ്പെട്ടതായിരുന്നു. ഇതായിരുന്നു ആ ദൈവപ്രേമത്തിന്റെ വികാരം. ജീവിതത്തിന്റെ അവസാന നിമിഷത്തിലും അവിടുത്തെ പവിത്രമായ നാവിൽ ആ യഥാർഥ പ്രേമഭാജനത്തിന്റെ നാമമായിരുന്നു ഉണ്ടായിരുന്നത്.

നബി തിരുമേനി(സ) അവസാനമായി ഉച്ചരിച്ച വാചകം
**അല്ലാഹുമ്മ റഫീഖൽ അഅ്‌ലാ** എന്നതായിരുന്നു.

## തിരുനബി(സ)യുടെ ദൈവാനുരാഗത്തിന്റെ ഹൃദയസ്പർശിയായ വിവരണം

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

**നബി തിരുമേനി(സ)യുടെ ദൈവാനുരാഗത്തിന്റെ എണ്ണമറ്റ സംഭവങ്ങളുണ്ട്. അവിടുത്തെ ഓരോ പ്രവൃത്തിയും ഓരോ സംഭവവും അവിടുത്തെ ഹൃദയത്തിൽ എപ്പോഴും ദൈവപ്രേമത്തിന്റെ ഒരു സമുദ്രം തിരതല്ലിക്കൊണ്ടിരുന്നു എന്നതിലേക്കാണ് വിരൽചൂണ്ടുന്നത്.**

**അതിന്റെ ഒരു കാഴ്ച ഉഹുദ് യുദ്ധത്തിൽ നമുക്ക് കാണാൻ സാധിക്കും. അവിടെ നമുക്കു കാണാനാകുന്നത് അവിടുത്തെ ദൈവാനുരാഗ വിവശതയുടെ അത്ഭുതകരവും സവിശേഷവുമായ ഒരു ശൈലിയാണ്.**

ഹദ്റത്ത് ബറാഅ്(റ) വിവരിച്ചതായി നിവേദനത്തിൽ വരുന്നു: ഉഹുദ് ദിനത്തിൽ ഞങ്ങൾ മുശ്രിക്കുകളെ നേരിട്ടു. നബി തിരുമേനി(സ) അമ്പെയ്ത്തുകാരുടെ ഒരു സംഘത്തെ നിശ്ചയിക്കുകയും ഹദ്റത്ത് അബ്ദുല്ലായെ അവരുടെ അമീറായി നിയമിക്കുകയും ചെയ്തു. നിങ്ങൾ നിങ്ങളുടെ സ്ഥാനത്ത് നിന്ന് അനങ്ങരുത് എന്ന് അവിടുന്ന് കർശന നിർദേശം നല്കി. ഞങ്ങൾ അവരുടെ മേൽ വിജയം കൈവരിക്കുന്നത് നിങ്ങൾ കണ്ടാലും നിങ്ങൾ മാറരുത്, ഇനി അവർ ഞങ്ങളുടെ മേൽ വിജയം നേടുന്നത് കണ്ടാലും ഞങ്ങളെ സഹായിക്കാൻ വരരുത്. അതായത് വിജയത്തിന്റെയും പരാജയത്തിന്റെയും രണ്ട് സാഹചര്യങ്ങളിലും നിങ്ങൾ നിങ്ങളുടെ സ്ഥാനം ഉപേക്ഷിക്കരുത്. ഇവിടെ സംഭവത്തിന്റെ അന്ത്യത്തിൽ തിരുനബി(സ)യുടെ ഉള്ളിൽ ദൈവാനുരാഗത്തിന്റെ എങ്ങനെയുള്ള ആവേശമായിരുന്നു എന്ന് കാണാൻ സാധിക്കും. യുദ്ധം നടന്നപ്പോൾ ശത്രുക്കൾ ഓടിപ്പോയെന്നും, മുശ്രിക് സ്ത്രീകൾ മലകളിലേക്ക് ഓടുന്നത് താൻ കണ്ടുവെന്നും നിവേദകൻ വിവരിക്കുന്നു. അവർ തങ്ങളുടെ വസ്ത്രം കണങ്കാലിൽ നിന്ന് ഉയർത്തിയിരുന്നു, അവരുടെ പാദസരങ്ങൾ വെളിവാകുന്നുണ്ടായിരുന്നു. മുസ്‌ലിങ്ങൾ യുദ്ധമുതൽ, യുദ്ധമുതൽ എന്ന് പറയാൻ തുടങ്ങി. ഹദ്റത്ത് അബ്ദുല്ലാഹ് അവരെ തടഞ്ഞു. അതായത് തന്റെ കൂടെയുള്ള സംഘത്തെ തടഞ്ഞുകൊണ്ട് പറഞ്ഞു, നിങ്ങൾ മാറരുതെന്ന് നബി തിരുമേനി(സ) എന്നോട് കർശന നിർദേശം നല്കിയിട്ടുണ്ട്. എന്നാൽ അവർ അത് കേട്ടില്ല. അവർ ആ മലയിടുക്ക് ഉപേക്ഷിച്ച് യുദ്ധമുതൽ ശേഖരിക്കാൻ വന്നപ്പോൾ അല്ലാഹു ആ മുസ്‌ലിങ്ങളിൽ നിന്ന് മുഖം തിരിച്ചു. അതായത് മലയിടുക്ക് ഉപേക്ഷിച്ച് ആളുകൾ യുദ്ധമുതൽ ശേഖരിക്കാൻ വന്നപ്പോൾ അല്ലാഹു മുസ്ലീങ്ങളിൽ നിന്ന് മുഖം തിരിച്ചു. യുദ്ധഗതി മാറി, ശത്രുക്കൾ വീണ്ടും ആക്രമിക്കുകയും എഴുപത് മുസ്‌ലീങ്ങൾ രക്തസാക്ഷികളാകുകയും ചെയ്തു. ഈ സമയത്ത് നബി തിരുമേനി(സ) തന്റെ അനുചരന്മാരോടൊപ്പം മലയടിവാരത്തിൽ അഭയം പ്രാപിച്ചിരിക്കുകയായി രുന്നു എന്ന് പറയപ്പെടുന്നു.

അപ്പോൾ അബൂസുഫ്‌യാൻ ഒരു ഉയർന്ന സ്ഥലത്ത് കയറി നിന്ന് വിളിച്ചു ചോദിച്ചു, നിങ്ങൾക്കിടയിൽ മുഹമ്മദ്(സ) ഉണ്ടോ?. അവിടുന്ന് പറഞ്ഞു, മറുപടി നല്കേണ്ടതില്ല. പിന്നീട് അയാൾ ചോദിച്ചു, നിങ്ങൾക്കിടയിൽ ഇബ്നു ഖുഹാഫ (അബൂബക്കർ) ഉണ്ടോ? അവിടുന്ന് പറഞ്ഞു, മറുപടി നല്കേണ്ടതില്ല. പിന്നീട് അയാൾ ചോദിച്ചു, നിങ്ങൾക്കിടയിൽ ഇബ്നു ഖത്താബ് ഉമർ ഉണ്ടോ? ഒരു മറുപടിയും വരാതിരുന്നപ്പോൾ അബൂസുഫ്‌യാൻ പറഞ്ഞു, ഇവരെല്ലാം കൊല്ലപ്പെട്ടു. ഇവർ ജീവിച്ചിരിപ്പുണ്ടായിരുന്നെങ്കിൽ തീർച്ചയായും മറുപടി നല്കിയേനെ.

ഹദ്റത്ത് ഉമർ(റ)വിന് സ്വയം നിയന്ത്രിക്കാനായില്ല, അദ്ദേഹം വിളിച്ചു പറഞ്ഞു, അല്ലയോ ദൈവത്തിന്റെ ശത്രൂ, നീ കള്ളം പറയുന്നു. നിന്നെ അപമാനിക്കുന്നവനെ അല്ലാഹു നിനക്കെതിരെ ജീവനോടെ നിർത്തിയിരിക്കുന്നു.

**അബൂസുഫിയാൻ, ഹുബൽ നീണാൾ വാഴട്ടെ എന്ന് മുദ്രാവാക്യം വിളിച്ചു. ഇത് കേട്ടപ്പോൾ നബി തിരുമേനി(സ) അസ്വസ്ഥനാവുകയും നിങ്ങൾ ഇതിന് മറുപടി നല്കുക എന്ന് പറയുകയും ചെയ്തു. സഹാബികൾ ചോദിച്ചു, ഞങ്ങൾ എന്ത് മറുപടിയാണ് നല്കേണ്ടത്?. അവിടുന്ന് പറഞ്ഞു, അല്ലാഹു അത്യുന്നതനും മഹാനുമാകുന്നു എന്ന് പറയുക. അബൂസുഫിയാൻ പറഞ്ഞു, ഞങ്ങൾക്ക് ഉസ്സയുണ്ട്, നിങ്ങൾക്ക് ഉസ്സയില്ല. നബി തിരുമേനി(സ) പറഞ്ഞു, ഇതിന് മറുപടി നല്കുക. സഹാബികൾ ചോദിച്ചു, എന്താണ് പറയേണ്ടത്? അവിടുന്ന് പറഞ്ഞു, അല്ലാഹുവാണ് ഞങ്ങളുടെ സഹായി, നിങ്ങൾക്ക് ഒരു സഹായിയുമില്ല എന്ന് പറയുക.**

(صحیح بخاری کتاب المغازی باب غزوۃ اُحد
حدیث 4043)

**അതായത്, അല്ലാഹുവിന്റെ അഭിമാനവും അവിടുത്തെ സ്നേഹവും ചോദ്യം ചെയ്യപ്പെട്ടപ്പോഴും അവിടുന്ന് സ്വന്തം ജീവനെപ്പോലും വകവച്ചില്ല. ഉടൻ തന്നെ ഇതിന് മറുപടി നല്കാൻ അവിടുന്ന് സഹാബികളോട് കൽപ്പിച്ചു.** ആദ്യം യുദ്ധതന്ത്രത്തിന്റെ ഭാഗമായി മറുപടി നല്കാൻ അവിടുന്ന് ആഗ്രഹിച്ചിരുന്നില്ല.

ഇതിനെക്കുറിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ചരിത്രത്തെ ഉദ്ധരിച്ച് ഇപ്രകാരം എഴുതിയിട്ടുണ്ട്. അദ്ദേഹം എഴുതുന്നു:

നബി തിരുമേനി(സ)ക്ക് ചുറ്റുമുണ്ടായിരുന്നവരും കാഫിരീംകളുടെ തള്ളിക്കയറ്റം കാരണം പിന്നിലേക്ക് മാറ്റപ്പെട്ടവരുമായ സഹാബികൾ, കാഫിരീംകൾ പിൻവാങ്ങിയ ഉടൻ വീണ്ടും നബി തിരുമേനി(സ)യുടെ ചുറ്റും ഒത്തുകൂടി. അതായത് സഹാബികൾ ഒത്തുകൂടുകയും അവിടുത്തെ പവിത്രമായ ശരീരം അവർ ഉയർത്തുകയും ചെയ്തു. കാരണം അവിടുന്ന് ബോധരഹിതനായി വീണിരുന്നു. ഉബൈദ് ബിൻ അൽ ജർറാഹ് എന്ന സഹാബി അവിടുത്തെ തലയിൽ തറച്ചിരുന്ന ആണി തന്റെ പല്ലുകൾ കൊണ്ട് ശക്തിയായി പുറത്തെടുത്തു, ഇതിനാൽ അദ്ദേഹത്തിന്റെ രണ്ട് പല്ലുകൾ ഒടിഞ്ഞുപോയി. അല്പസമയത്തിന് ശേഷം നബി തിരുമേനി(സ)ക്ക് ബോധം തിരിച്ചുകിട്ടി. പരിക്കുകൾ കാരണം അവിടുന്ന് ബോധരഹിതനായതായിരുന്നു.

ഇതിനാൽ അദ്ദേഹത്തിന്റെ രണ്ട് പല്ലുകൾ ഒടിഞ്ഞുപോയി. അല്പസമയത്തിന് ശേഷം നബി തിരുമേനി(സ)ക്ക് ബോധം തിരിച്ചുകിട്ടി. ഞാൻ സൂചിപ്പിച്ചത് പോലെ പരിക്കുകൾ കാരണം അവിടുന്ന് ബോധരഹിതനായതായിരുന്നു. അവിടുത്തേക്ക് ബോധം വന്നതിന് ശേഷം, നബി തിരുമേനി(സ) ജീവിച്ചിരിപ്പുണ്ടെന്നും എല്ലാവരും അവിടേക്ക് വരണമെന്നും അറിയിക്കാനായി സഹാബികൾ മൈതാനത്തിന്റെ നാലുപാടും ആളുകളെ അയച്ചു. എന്നാൽ അവിടുന്ന് (നഊദുബില്ലാഹ്) രക്തസാക്ഷിയായി എന്ന് ശത്രുക്കൾ കിംവദന്തി പരത്തിയിരുന്നു. ചിതറിപ്പോയ മുസ്‌ലിം സൈന്യം വീണ്ടും ഒത്തുചേരാൻ തുടങ്ങി. നബി തിരുമേനി(സ) അവരെയും കൂട്ടി മലയടിവാരത്തിലേക്ക് നീങ്ങി. മലയടിവാരത്തിൽ അവശേഷിച്ച സൈന്യം നിൽക്കുമ്പോൾ അബൂസുഫ്‌യാൻ ഉറക്കെ വിളിച്ചു പറഞ്ഞു, ഞങ്ങൾ മുഹമ്മദിനെ വധിച്ചിരിക്കുന്നു. ശത്രുക്കൾ യാഥാർഥ്യം മനസ്സിലാക്കി വീണ്ടും ആക്രമിക്കാതിരിക്കാൻ നബി തിരുമേനി(സ) അബൂസുഫ്‌യാന്റെ വാക്കിന് മറുപടി നല്കിയില്ല. മുസ്‌ലിങ്ങൾ മരിച്ചിട്ടില്ലെന്നും എന്നാൽ പരിക്കേറ്റിരിക്കുകയാണെന്നും ശത്രുക്കൾ മനസ്സിലാക്കിയാൽ, മുസ്‌ലിങ്ങൾക്ക് ആ രണ്ടാമത്തെ ആക്രമണം താങ്ങാൻ കഴിയില്ലെന്നും പരിക്കേറ്റ മുസ്‌ലിങ്ങൾ വീണ്ടും ശത്രുക്കളുടെ ആക്രമണത്തിന് ഇരയാകുമെന്നും അവിടുന്ന് കരുതി. ഇസ്‌ലാമിക സൈന്യത്തിൽ നിന്ന് ഇതിന് മറുപടിയൊന്നും ലഭിക്കാതിരുന്നപ്പോൾ തന്റെ ധാരണ ശരിയാണെന്ന് അബൂസുഫിയാന് ഉറപ്പായി. അവൻ വീണ്ടും ഉറക്കെ വിളിച്ചു പറഞ്ഞു, ഞങ്ങൾ അബൂബക്കറിനെയും വധിച്ചിരിക്കുന്നു. അബൂബക്കറിനോടും മറുപടി നല്കരുതെന്ന് നബി തിരുമേനി(സ) നിർദേശിച്ചു. പിന്നീട് അബൂസുഫ്‌യാൻ വിളിച്ചു പറഞ്ഞു, ഞങ്ങൾ ഉമറിനെയും

വധിച്ചിരിക്കുന്നു. അപ്പോൾ അതീവ ആവേശഭരിതനായിരുന്ന ഹദ്റത്ത് ഉമർ, ഞങ്ങൾ ദൈവാനുഗ്രഹത്താൽ ജീവനോടെയുണ്ട്, നിങ്ങളെ നേരിടാൻ തയ്യാറാണ് എന്ന് മറുപടി നല്കാൻ ആഗ്രഹിച്ചു. എന്നാൽ മുസ്ലിങ്ങളെ പ്രയാസത്തിലാക്കരുത്, നിശബ്ദനായിരിക്കുക എന്ന് നബി തിരുമേനി(സ) അദ്ദേഹത്തെ വിലക്കി. ഈ ദുർബലാവസ്ഥയിൽ അവർ ആക്രമിച്ചാൽ കൂടുതൽ നഷ്ടങ്ങൾ സംഭവിക്കാം. ഇപ്പോൾ ഇസ്ലാമിന്റെ സ്ഥാപകനെയും അദ്ദേഹത്തിന്റെ ഇടതും വലതും ഭാഗത്തുള്ളവരെയും കൊന്നു കഴിഞ്ഞു എന്ന് കാഫിറുകൾക്ക് ഉറപ്പായി. ഇതിൽ ആഹ്ലാദിച്ചുകൊണ്ട് അബൂസുഫ്യാനും കൂട്ടുകാരും മുദ്രാവാക്യം വിളിച്ചു: ഉഅ്ലു ഹുബൽ, ഉഅ്ലു ഹുബൽ. അതായത് ഞങ്ങളുടെ ആദരണീയനായ വിഗ്രഹം ഹുബൽ നീണാൾ വാഴട്ടെ, അത് ഇന്ന് ഇസ്ലാമിനെ അവസാനിപ്പിച്ചിരിക്കുന്നു. സ്വന്തം മരണവാർത്ത അറിയിച്ചപ്പോഴും, അബൂബക്കറിന്റെയും ഉമറിന്റെയും മരണവാർത്തകൾ പ്രഖ്യാപിച്ചപ്പോഴും നിശബ്ദത പാലിക്കാൻ ഉപദേശിച്ച അതേ നബി തിരുമേനി(സ), ഏകനായ ദൈവത്തിന് പങ്കുകാരെ ചേർക്കുന്ന മുദ്രാവാക്യം മൈതാനത്ത് മുഴങ്ങിയപ്പോൾ അവിടുത്തെ ആത്മാവ് അസ്വസ്ഥമായി. സഹാബികൾ ചോദിച്ചു, അല്ലാഹുവിന്റെ റസൂലേ, ഞങ്ങൾ എന്താണ് പറയേണ്ടത്?. അവിടുന്ന് അരുളിച്ചെയ്തു:

اَللّٰہُ اَعْلٰی وَاَجَلّ۔ اَللّٰہُ اَعْلٰی وَاَجَلّ

എന്ന് പറയുക. അതായത് ഹുബലിന്റെ മഹത്വം ഉയർന്നു എന്ന് നിങ്ങൾ പറയുന്നുവോ? എന്നാൽ പങ്കുകാരനില്ലാത്ത അല്ലാഹു മാത്രമാണ് ആദരണീയൻ, അവന്റെ മഹത്വമാണ് ഉന്നതം, ഹുബലിന്റേതല്ല. ഇപ്രകാരം താൻ ജീവിച്ചിരിപ്പുണ്ട് എന്ന വാർത്ത ശത്രുക്കളെ അറിയിച്ചു.

ഈ ധീരവും സാഹസികവുമായ മറുപടി കാഫിരീംകളുടെ സൈന്യത്തിൽ വലിയ സ്വാധീനം ചെലുത്തി. ഈ മറുപടിയോടെ അവരുടെ പ്രതീക്ഷകൾ തകരുകയും, തങ്ങളുടെ മുന്നിൽ പരിക്കേറ്റ ഒരുപിടി മുസ്ലീങ്ങൾ മാത്രമാണ് ഉള്ളതെന്നും ഭൗതിക നിയമപ്രകാരം അവരെ കൊന്നു കളയാൻ സാധിക്കുമെന്നും ബോധ്യമുണ്ടായിട്ടും അവർ വീണ്ടും ആക്രമിക്കാൻ ധൈര്യപ്പെട്ടില്ല. തങ്ങൾക്ക് ലഭിച്ച വിജയത്തിന്റെ ആഹ്ലാദവുമായി അവർ മക്കയിലേക്ക് മടങ്ങിപ്പോയി.

(دیباچہ تفسیر القرآن. انوار العلوم جلد 20 صفحہ 252-253)

**അല്ലാഹു തആലായോടുള്ള സ്നേഹത്തിൽ ശിർക്കിന്റെ അംശം പോലും വരുന്നത് നബി തിരുമേനി(സ) അനുവദിച്ചിരുന്നില്ല.**

ഹദ്റത്ത് ഇബ്നു അബ്ബാസ്(റ) നിവേദനം ചെയ്യുന്ന ഒരു സംഭവത്തിൽ ഇപ്രകാരം വരുന്നു: ഒരാൾ നബി തിരുമേനി(സ)യോട് പറഞ്ഞു, അല്ലാഹു ഉദ്ദേശിക്കുന്നതും അവിടുന്ന് ഉദ്ദേശിക്കുന്നതും (നടക്കട്ടെ). അപ്പോൾ നബി തിരുമേനി(സ) ചോദിച്ചു, നീ എന്നെ അല്ലാഹുവിന് തുല്യനാക്കിയോ? പകരം അല്ലാഹു ഏകനായി ഉദ്ദേശിക്കുന്നത് എന്ന് പറയുക.

(سنن ابن ماجہ کتاب الکفارات باب: النَّهْيُ أَنْ يُقَالَ مَا شَاءَ اللّٰهُ وَشِئْتَ حدیث 2117)

**ശിർക്കിന്റെ ചെറിയ നിഴൽ പോലും ഉണ്ടാകാൻ പാടില്ല. ചില ആളുകൾ അല്ലാഹുവും അവിടുത്തെ ഇഷ്ടവും എന്ന രീതിയിൽ സംസാരിക്കാറുണ്ട്. അല്ലാഹു ഉദ്ദേശിക്കുന്നതും അവിടുത്തെ കൃപയും പ്രാർഥനയും ഉണ്ടെങ്കിൽ ബർക്കത്ത് ലഭിക്കും എന്ന് പറയുന്നതിൽ തെറ്റില്ല. പ്രാർഥനയുടെ പരിധിവരെ അത് ശരിയാണ്, എന്നാൽ അവിടുന്ന് ഉദ്ദേശിക്കുന്നത് എന്ന് പറയുന്നത് തെറ്റാണ്, കാരണം നബി തിരുമേനി(സ) അത് കർശനമായി വെറുത്തിരുന്നു.**

**പിന്നീട് ആളുകൾ കബറുകളെ ആരാധനാ കേന്ദ്രങ്ങളാക്കുമോ എന്ന ആശങ്ക അവിടുത്തേക്കുണ്ടായിരുന്നു.**

എന്നാൽ നിർഭാഗ്യവശാൽ ഇന്ന് അതിന് വിരുദ്ധമായ കാര്യങ്ങളാണ് നടക്കുന്നത്. ഞാൻ മുമ്പും സൂചിപ്പിച്ചിരുന്നു, മുസ്ലീങ്ങൾ പീർമാരുടെയും ഫക്കീർമാരുടെയും ഖബറുകളിൽ പോയി ആരാധിക്കുകയും സാഷ്ടാംഗം (സുജൂദ്) ചെയ്യുകയും ചെയ്യുന്നു. എന്നാൽ ഖബറുകളെ പള്ളികളാക്കുന്നത് അവിടുന്ന് വിലക്കിയിട്ടുണ്ട്. ഹദ്റത്ത് ആയിശ(റ) വിവരിക്കുന്നു: നബി തിരുമേനി(സ)യുടെ വഫാത്തിന് കാരണമായ ആ രോഗാവസ്ഥയിൽ, അതായത് അവിടുത്തെ അവസാന നിമിഷങ്ങളിൽ അവിടുന്ന് അരുളിച്ചെയ്തു: ജൂതന്മാരുടെയും ക്രിസ്ത്യാനികളുടെയും മേൽ അല്ലാഹുവിന്റെ ശാപമുണ്ടാകട്ടെ, അവർ തങ്ങളുടെ പ്രവാചകന്മാരുടെ ഖബറുകളെ പള്ളികളാക്കി മാറ്റി. ഹദ്റത്ത് ആയിശ(റ) പറഞ്ഞു, അവിടുന്ന് ഇപ്രകാരം അരുളിച്ചെയ്തിരുന്നില്ലെങ്കിൽ അവിടുത്തെ ഖബർ തുറസ്സായ സ്ഥലത്ത് വയ്ക്കുമായിരുന്നു. എന്നാൽ അത് ഒരു പള്ളിയാക്കി മാറ്റപ്പെടുമോ എന്ന് ഞാൻ ഭയപ്പെടുന്നു. അതുകൊണ്ടാണ് അത് ആരാധനാസ്ഥലമാക്കാതിരിക്കാൻ തുറസ്സായ സ്ഥലത്ത് വയ്ക്കാതിരുന്നത്.

(صحیح البخاری کتاب الجنائز بَابُ مَا يُكْرَهُ مِنِ اتِّخَاذِ الْمَسَاجِدِ عَلَى الْقُبُورِ حدیث 1330)

ഇന്നത്തെ കാലത്ത് അവിടെ ഗവൺമെന്റ് അതിന്റെ ചുറ്റും കൃത്യമായ ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്, കമ്പിവേലികളും മതിലുകളുമുണ്ട്, അങ്ങനെ യാതൊരുവിധത്തിലുള്ള ശിർക്കും നടക്കാതിരിക്കാൻ അവർ ശ്രദ്ധിക്കുന്നു. ഈ ഒരു കാര്യം എന്തായാലും അവർ നന്നായി ചെയ്തിട്ടുണ്ട്, കാരണം ഈ ശിർക്കിനോട് അവിടുത്തേക്ക് അങ്ങേയറ്റത്തെ വെറുപ്പായിരുന്നു.

**അല്ലാഹുവിന്റെ ഏകത്വത്തെക്കുറിച്ചുള്ള വിവരണത്തിൽ ഒരു നിവേദനം ഇപ്രകാരം കാണാം.**

ഹദ്റത്ത് ഇബ്നു അബീ കഅ്ബിൽ(റ) നിന്നുള്ള നിവേദനം, മുശ്രിക്കുകൾ നബി തിരുമേനി(സ)യോട് പറഞ്ഞു, താങ്കളുടെ രക്ഷിതാവിന്റെ വംശപരമ്പര ഞങ്ങൾക്ക് പറഞ്ഞുതരൂ. അപ്പോൾ അല്ലാഹു തആലാ

قُلۡ ہُوَ اللّٰہُ اَحَدٌ۔ اَللّٰہُ الصَّمَدُ

എന്ന് അവതരിപ്പിച്ചു. അതായത് അല്ലാഹു ഏകനാണ്, അള്ളാഹു പരാശ്രയമുക്തനാണ്, അവിടുന്ന് ഏകനും അദ്വിതീയനുമാണ്, അവിടുന്ന് ആർക്കും ജന്മം നല്കിയിട്ടില്ല, ആരാലും ജനിക്കപ്പെട്ടിട്ടുമില്ല. കാരണം ജനിക്കുന്ന ഏതൊരു വസ്തുവും മരിക്കും, മരിക്കുന്ന ഏതൊരു വസ്തുവിനും ഒരു അനന്തരാവകാശിയുണ്ടാകും. എന്നാൽ അല്ലാഹു മരിക്കുകയില്ല, അവന് അനന്തരാവകാശിയുണ്ടാകില്ല, അവന് തുല്യനായി ആരുമില്ല. നിവേദകൻ പറയുന്നു, അവന് സാമ്യമുള്ളവരോ തുല്യരോ അവനെപ്പോലെയുള്ളവരോ ആരുമില്ല.

(سنن الترمذی أَبْوَابُ تَفْسِيرِ الْقُرْآنِ عَنْ رَسُولِ اللّٰهِ صَلَّى اللّٰهُ عَلَيْهِ وَسَلَّمَ بَابٌ: وَمِنْ سُورَةِ الإِخْلاَصِ حدیث 3364)

**അല്ലാഹുവിന്റെ തൗഹീദിനെക്കുറിച്ച് പരാമർശിക്കാതെ ഒരു അവസരവും നബി തിരുമേനി(സ) പാഴാക്കിയിരുന്നില്ല. അവിടുത്തെ ഓരോ വാക്കിൽ നിന്നും അല്ലാഹുവിനോടുള്ള സ്നേഹം പ്രകടമായിരുന്നു. അവിടുന്ന് സംസാരിക്കുന്ന ഓരോ സന്ദർഭത്തിലും അവിടുത്തെ ഹൃദയത്തിൽ അല്ലാഹു തആലായോടുള്ള സ്നേഹം നിറഞ്ഞുതുളുമ്പുന്നുവെന്നും, അവിടുത്തെ ഹൃദയം ആ സ്നേഹത്താൽ സമ്പൂർണ്ണമാണെന്നും മറ്റൊന്നും അവിടെയില്ലെന്നും വ്യക്തമായിരുന്നു.**

ഹദ്റത്ത് സൈദ് ബിൻ ഖാലിദ് അൽ ജുഹനി(റ) വിവരിച്ചു: ഹുദൈബിയയിൽ രാത്രിയിലുണ്ടായ മഴയ്ക്ക് ശേഷം നബി തിരുമേനി(സ) ഞങ്ങൾക്ക് പ്രഭാത നമസ്കാരം നിർവഹിച്ചു തന്നു. നമസ്കാരം കഴിഞ്ഞപ്പോൾ അവിടുന്ന് ജനങ്ങളിലേക്ക് തിരിഞ്ഞ് ഇപ്രകാരം ചോദിച്ചു: നിങ്ങളുടെ രക്ഷിതാവായ അല്ലാഹു എന്താണ് അരുളിച്ചെയ്തതെന്ന് നിങ്ങൾക്കറിയാമോ?. അല്ലാഹു ഹൃദയങ്ങളിലെ അവസ്ഥ അറിയുന്നവനാണ്. മഴ കണ്ടപ്പോൾ ജനങ്ങളുടെ ചിന്ത എന്തായിരിക്കുമെന്ന് അല്ലാഹു അറിയുകയും അത് നബി തിരുമേനി(സ)ക്ക് അറിയിച്ചുകൊടുക്കുകയും ചെയ്തു. ജനങ്ങൾ പറഞ്ഞു, അല്ലാഹുവിനും അവിടുത്തെ റസൂലിനുമാണ് നന്നായി അറിയാവുന്നത്. അവിടുന്ന് അരുളിച്ചെയ്തു: അല്ലാഹു അരുളിച്ചെയ്യുന്നു, എന്റെ ദാസന്മാരിൽ ചിലർ എന്നിൽ വിശ്വസിക്കുന്നവരായും ചിലർ നിഷേധിക്കുന്നവരായും പ്രഭാതത്തിലേക്ക് പ്രവേശിച്ചു. അതായത് രാത്രിയിലെ മഴ കണ്ട് പ്രഭാതമായപ്പോൾ ചിലർ വിശ്വാസികളായും ചിലർ നിഷേധികളായും തീർന്നു. അല്ലാഹുവിന്റെ കൃപയാലും കാരുണ്യത്താലുമാണ് ഞങ്ങൾക്ക് മഴ ലഭിച്ചത് എന്ന് ആരെങ്കിലും പറഞ്ഞാൽ അവൻ എന്നിൽ വിശ്വസിക്കുന്നവനാണ്. ഞാൻ പറ

ഞ്ഞതുപോലെ അല്ലാഹുവിന്റെ കൃപയാലാണ് മഴ ലഭിച്ചതെന്ന് പറയുന്നവർ വിശ്വാസികളാണ്, അവർ നക്ഷത്രങ്ങളെ നിഷേധിക്കുന്നവരു മാണ്. ആ കാലഘട്ടത്തിൽ നക്ഷത്രങ്ങളെ ആരാധിക്കുന്ന രീതിയുണ്ടായിരുന്നു, ശരിയായ ശിക്ഷണം കുറവായിരുന്നു. അനേകം മുശ്രിക്കുകൾ ആ രീതിയിലാണ് ഇസ്ലാമിൽ ചേർന്നിരുന്നത്. അതിനാൽ ചിലർ പറയുമായിരുന്നു ഇന്ന നക്ഷത്രം കാരണമാണ് ഇന്ന് മഴ ലഭിച്ചത് എന്ന്. അപ്രകാരം ഇന്ന് നക്ഷത്രങ്ങൾ കാരണമാണ് മഴ ലഭിച്ചതെന്ന് ആരെങ്കിലും പറഞ്ഞാൽ അവർ എന്നെ നിഷേധിക്കുന്നവരും നക്ഷത്രത്തിൽ വിശ്വസിക്കുന്നവരുമാണ്.

( صحیح البخاری کتاب الاذان باب یَسْتَقْبِلُ الْإِمَامُ النَّاسَ إِذَا سَلَّمَ حدیث 846)

**അല്ലാഹു അവിടുത്തോട് അരുളിച്ചെയ്തു: ഓ മുഹമ്മദ്(സ), താങ്കൾക്ക് ദൈവത്തിന്റെ ഏകത്വത്തെക്കുറിച്ച് പൂർണ്ണമായ ബോധ്യമുള്ളതുപോലെ താങ്കളുടെ വിശ്വാസികളോടും പറയുക, എത്ര സൂക്ഷ്മമായ കാര്യത്തിലും അല്ലാഹുവിന്റെ തൗഹീദും സ്നേഹവും നിങ്ങൾ അംഗീകരിക്കണം, ഹൃദയത്തിന്റെ ആഴത്തിൽ നിന്ന് അതിൽ വിശ്വസിക്കണം.**

ഹദ്റത്ത് ജാബിർ(റ)വിൽ നിന്നുള്ള നിവേദനം: ഒരാൾ നബി തിരുമേനി(സ)യുടെ അടുത്ത് വന്ന് ചോദിച്ചു, യാ റസൂലല്ലാഹ്, സ്വർഗത്തെയും നരകത്തെയും നിർബന്ധമാക്കുന്ന രണ്ട് കാര്യങ്ങൾ ഏവയാണ്?. അവിടുന്ന് അരുളിച്ചെയ്തു: അല്ലാഹുവിനോട് യാതൊന്നിനെയും പങ്കുചേർക്കാത്ത അവസ്ഥയിൽ ആരെങ്കിലും മരിച്ചാൽ അവൻ സ്വർഗത്തിൽ പ്രവേശിക്കും. എന്നാൽ അല്ലാഹുവിനോട് പങ്കുചേർക്കുന്ന (ശിർക്ക് ചെയ്യുന്ന) അവസ്ഥയിലാണ് ഒരാൾ മരിക്കുന്നതെങ്കിൽ അവൻ നരകത്തിൽ പ്രവേശിക്കും.

( صحیح المسلم کتاب الایمان باب: الدلیل علیٰ من مات لایشرک باللّٰہ شیئًا دخل الجنۃ... حدیث نمبر: 93)

അതിനാൽ ഇന്നും ചോദിക്കുന്ന ഏതൊരാൾക്കും ശിർക്ക് എന്താണെന്നുള്ളതിന് ഈ മറുപടി മതിയാകും. ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുളിച്ചെയ്തതുപോലെ കാരണങ്ങൾക്കുമേലുള്ള വിശ്വാസം, സ്വന്തത്തോടുള്ള വിശ്വാസം, സ്വന്തം യോഗ്യതയിലുള്ള വിശ്വാസം, തന്റെ സമ്പത്തിലുള്ള വിശ്വാസം, തന്റെ കുടുംബത്തിലും ഗോത്രത്തിലുമുള്ള വിശ്വാസം, തന്റെ സന്താനങ്ങളിലുള്ള വിശ്വാസം; ചുരുക്കത്തിൽ ഏതൊരു കാര്യത്തിലാണോ മനുഷ്യൻ അല്ലാഹുവിനെ പ്രഥമമായി പരിഗണിക്കാതെയും അല്ലാഹുവിന്റെ നാമം ഉച്ചരിക്കാതെയും ഭരമേൽപ്പിക്കുന്നത്, അവൻ ശിർക്ക് ചെയ്യുന്നവനായിത്തീരുന്നു.

(ماخوذ از ملفوظات جلد 2 صفحہ 420 ایڈیشن 2022ء)

അതിനാൽ **ഇത്തരത്തിലുള്ള സൂക്ഷ്മമായ കാര്യങ്ങളിൽ നാം സ്വയം പരിശോധന നടത്തിക്കൊണ്ടിരിക്കണം, അങ്ങനെ ശിർക്കിൽ നിന്ന് നാം സുരക്ഷിതരായിരിക്കുകയും അത് പ്രായോഗികമാക്കുകയും അല്ലാഹുവിനോടുള്ള സ്നേഹം ഹൃദയത്തിൽ വളർത്തിക്കൊണ്ടുവരികയും വേണം.**

പിന്നീട് കൂടുതൽ സൂക്ഷ്മമായ ഒരു കാര്യം ഒരിടത്ത് അവിടുന്ന് ഇപ്രകാരം അരുളിച്ചെയ്തു:

മഹ്മൂദ് ബിൻ ലബീദ് വിവരിക്കുന്നു, നബി തിരുമേനി(സ) അരുളിച്ചെയ്തു: നിങ്ങളുടെ കാര്യത്തിൽ ഞാൻ ഏറ്റവും കൂടുതൽ ഭയപ്പെടുന്നത് ചെറിയ ശിർക്കിനെയാണ്. സഹാബികൾ ചോദിച്ചു, എന്ത് അല്ലാഹുവിന്റെ റസൂലേ, എന്താണ് ചെറിയ ശിർക്ക്? നബി തിരുമേനി(സ) അരുളിച്ചെയ്തു: അത് റിയാഅ അഥവാ പ്രകടനാത്മകതയാണ്. ഖിയാമത്ത് നാളിൽ അല്ലാഹു ഇപ്രകാരം അരുളിച്ചെയ്യും: ദുനിയാവിൽ വച്ച് നിങ്ങൾ ആരെ കാണിക്കാനാണോ പ്രവർത്തിച്ചിരുന്നത്, ആരുടെ മുന്നിലാണോ റിയാഅ് കാണിച്ചിരുന്നത് അവരുടെ അടുത്തേക്ക് തന്നെ പോകൂ, അവർ നിങ്ങൾക്ക് വല്ല പ്രതിഫലവും നല്കുന്നുണ്ടോ എന്ന് നോക്കൂ. നിങ്ങൾ അവരെ കാണിക്കാൻ വേണ്ടിയല്ലേ ചില കാര്യങ്ങൾ ചെയ്തിരുന്നത്, എങ്കിൽ അവരിൽ നിന്ന് തന്നെ പ്രതിഫലം വാങ്ങിക്കൊള്ളൂ.

(مسند الامام احمد بن حنبل جلد 7 صفحہ 799 حدیث محمود بن لبید حدیث: 24030 مکتبہ عالم الکتب بیروت)

അതിനാൽ പ്രകടനപരതയും ജനങ്ങളെ കാണിക്കാൻ വേണ്ടിയുള്ള കൃത്രിമത്വവും പകിട്ടും അല്ലാഹുവിന് അങ്ങേയറ്റം വെറുക്കുന്ന കാര്യങ്ങളാണ്. കാരണം ആ പ്രവൃത്തികൾ നിങ്ങൾ അല്ലാഹുവിനെ പ്രീതിപ്പെടുത്താനല്ല ചെയ്യുന്നത്, മറിച്ച് മറ്റുള്ളവരെ കാണിക്കാനും അവരെ സന്തോഷിപ്പിക്കാനും വേണ്ടിയാണ്.

ഇത്രയും ആഴത്തിൽ നാം സ്വന്തം പ്രവൃത്തികളെ പരിശോധിക്കേണ്ടതുണ്ട്.

കാരണം **പരലോകത്ത് ഇത്തരത്തിലുള്ള ഒരു ശുപാർശയും ഉപകരിക്കില്ല. അല്ലാഹുവിന്റെ കൃപ മാത്രമാണ് അവിടെ ഉപകരിക്കുക. നബി തിരുമേനി(സ)യുടെ ചര്യ പിന്തുടരുന്നതും അവിടുത്തെ അനുസരിക്കുന്നതും പിൻപറ്റുന്നതുമാണ് യഥാർത്ഥത്തിൽ ഉപകരിക്കുന്ന കാര്യങ്ങൾ. അത് അല്ലാഹു തന്നെ ഇഷ്ടപ്പെട്ട കാര്യമാണ്. അല്ലാഹു തന്നെ അരുളിച്ചെയ്തിട്ടുണ്ടല്ലോ:**

فَاتَّبِعُوْنِیْ یُحْبِبْکُمُ اللّٰہُ (آل عمران: 32)

**അതായത്, എന്നെ പിന്തുടരുക എന്നാൽ അല്ലാഹു നിങ്ങളെ സ്നേഹിക്കും എന്ന് ജനങ്ങളോട് പ്രഖ്യാപിക്കാൻ അവിടുത്തോട് കൽപ്പിച്ചു.**

വേറൊരു ഹദീസിൽ വരുന്നു, ഹദ്റത്ത് അബൂഹുറൈറ(റ) നബി തിരുമേനി(സ)യിൽ നിന്ന് നിവേദനം ചെയ്യുന്നു, അവിടുന്ന് അരുളിച്ചെയ്തു: അല്ലാഹു തന്റെ മാർഗത്തിൽ ഇറങ്ങിപ്പുറപ്പെടുന്നവന്റെ കാര്യത്തിൽ ഇപ്രകാരം ഉത്തരവാദിത്വം ഏറ്റിരിക്കുന്നു - ഒന്നുകിൽ അവൻ നേടിയെടുത്ത പ്രതിഫലത്തോടും യുദ്ധമുതലിനോടും കൂടി അവനെ ഞാൻ മടക്കിയയക്കും, അല്ലെങ്കിൽ അവനെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കും. അതായത് ഒന്നുകിൽ നേട്ടമുണ്ടാകും, അതല്ല രക്തസാക്ഷിത്വമാണെങ്കിൽ അവൻ സ്വർക്ഷത്തിൽ പ്രവേശിക്കും. എന്നാൽ ഇതിനൊരു നിബന്ധനയുണ്ട്, എന്നിലുള്ള വിശ്വാസവും എന്റെ പ്രവാചകന്മാരെ സത്യപ്പെടുത്തലുമാണ് അവനെ ജിഹാദിന് പ്രേരിപ്പിച്ചത് എങ്കിൽ മാത്രം. വിശ്വാസം ദൃഢമായിരിക്കണം, അല്ലാഹുവിന്റെ റസൂലിനെ പിന്തുടരുന്നതിന്റെയും ബൈഅത്തിന്റെയും അവകാശം നിറവേറ്റിക്കൊണ്ടായിരിക്കണം ജിഹാദിന് ഇറങ്ങേണ്ടത്. അവിടുന്ന് പറഞ്ഞു, എന്റെ ഉമ്മത്തിന് അത് പ്രയാസകരമാകുമെന്ന് ഞാൻ കരുതിയില്ലായിരുന്നെങ്കിൽ ഓരോ സൈനിക സംഘത്തോടൊപ്പവും ഞാൻ പോകുമായിരുന്നു. അല്ലാഹുവിന്റെ മാർഗത്തിൽ കൊല്ലപ്പെടുകയും പിന്നീട് പുനർജനിക്കുകയും വീണ്ടും കൊല്ലപ്പെടുകയും വീണ്ടും പുനർജനിക്കുകയും വീണ്ടും കൊല്ലപ്പെടുകയും ചെയ്യണമെന്നാണ് എന്റെ ആഗ്രഹം. നബി തിരുമേനി(സ) തന്റെ ആഗ്രഹം വെളിപ്പെടുത്തിയിരിക്കുകയാണ്.

( صحیح البخاری کتاب الایمان باب الجہاد من الایمان حدیث 36)

ഈ ഹദീസിന്റെ വിശദീകരണത്തിൽ ഹദ്റത്ത് സയ്യിദ് വലിയുള്ളാ ശാ സാഹിബ് എഴുതുന്നു, ബുഖാരിയിലെ നിവേദന പ്രകാരം നബി തിരുമേനി(സ) അരുളിച്ചെയ്ത ലൗലാ അൻ അശുക്ക അലാ ഉമ്മത്തീ എന്ന വാക്കിന്റെ അർഥം, തന്റെ ഉമ്മത്തിന് പ്രയാസമുണ്ടാകുമെന്ന് കരുതിയില്ലെങ്കിൽ ഞാൻ അങ്ങനെ ചെയ്യുമായിരുന്നു എന്നാണ്. നബി തിരുമേനി(സ)യെ പിന്തുടരാൻ സഹാബികൾക്ക് അങ്ങേയറ്റത്തെ ആഗ്രഹമുണ്ടായിരുന്നു എന്നത് അവിടുത്തേക്ക് ബോധ്യമുള്ള കാര്യമായിരുന്നു. ഭൂരിഭാഗം ആളുകൾക്കും അവിടുത്തെ പിന്തുടരാൻ വലിയ താത്പര്യമായിരുന്നു. അവിടുത്തെ ഉത്തമ മാതൃകയിൽ അത്രത്തോളം ആകർഷണ ശക്തിയും സ്വാധീനവുമുണ്ടായിരുന്നു. അതിനാൽ തന്റെ പ്രവൃത്തികൾ ഉമ്മത്തിന് അമിത ഭാരമാകുമോ എന്ന് അവിടുന്ന് എപ്പോഴും ശ്രദ്ധിച്ചിരുന്നു. അതായത് അവിടുന്ന് എല്ലാ കാര്യങ്ങളും നിർബന്ധമാക്കിയിരുന്നെങ്കിൽ ഉമ്മത്ത് പ്രയാസത്തിലാകുമായിരുന്നു. അതുകൊണ്ടാണ് അവിടുന്ന് പറഞ്ഞത്, നിങ്ങൾ പ്രയാസപ്പെടാതിരിക്കാനാണ് ചിലപ്പോൾ ഞാൻ പോകാത്തതെന്ന്. സയ്യിദ് വലിയുള്ളാ ശാഹ് സാഹിബ് വീണ്ടും എഴുതുന്നു: അല്ലാഹുവിനോട് അവിടുത്തേക്ക് അഗാധമായ പ്രണയമായിരുന്നു. ശത്രുക്കൾ പോലും അശിഖ മുഹമ്മദുൻ റബ്ബഹു എന്ന വാക്കുകളിലൂടെ ആ പ്രണയത്തെക്കുറിച്ച് പരാമർശിച്ചിരുന്നു. എന്നാൽ ആ പ്രണയത്തോടൊപ്പം തന്നെ സ്വന്തം മനസ്സിനെ നിയന്ത്രിക്കാനുള്ള കരുത്തും

അവിടുത്തേക്കുണ്ടായിരുന്നു, വിവേകം ഒരു നിമിഷം പോലും അവിടുത്തെ വിട്ടുപോയിരുന്നില്ല. സ്വന്തം പ്രവൃത്തികളിൽ അതിരുകടക്കുന്നവർക്ക് ഇതിൽ വലിയൊരു പാഠമുണ്ട്. അന്ധമായി വികാരങ്ങൾക്ക് പിന്നാലെ പോകുന്നത് വിശ്വാസത്തിന്റെ പൂർണ്ണതയോ ഉന്നതമായ നന്മയോ അല്ല. തങ്ങൾക്ക് അഭിമാനമുണ്ടെന്നും അത് ചെയ്യണമെന്നും ഇത് ചെയ്യണമെന്നും ചിലർ പറയാറുണ്ട്. അല്ലാഹു മിതത്വം ഇഷ്ടപ്പെടുന്നവനാണ്. മധ്യനിലവാരത്തിൽ ഉറച്ചുനിൽക്കുന്നതാണ് നന്മയുടെ പൂർണ്ണത. കാരണം അതിൽ സ്വന്തം മനസ്സിനോട് പോരാടേണ്ടതുണ്ട്.

( صحیح البخاری مترجم اردو جلد 1 صفحہ 84، کتاب الایمان باب الجھاد من الایمان حدیث 36۔ نظارت اشاعت ربوہ)

ഇവിടെ സ്വത്വത്തോടുള്ള പോരാട്ടവുമുണ്ട്, അല്ലാഹുവിനോടുള്ള സ്നേഹവുമുണ്ട്. ഇവ രണ്ടും മുന്നിൽ വച്ചു പ്രവർത്തിക്കേണ്ടതാണ്. അല്ലാതെ അന്ധമായി എടുത്തുചാടുകയല്ല വേണ്ടത്.

**നബി തിരുമേനി(സ) സ്വന്തം ഉദാഹരണങ്ങളിലൂടെ നമുക്ക് കാണിച്ചുതന്ന വഴി ദൈവപ്രേമത്തിന്റെയും ആഗ്രഹങ്ങൾ പ്രകടിപ്പിക്കുന്നതിന്റെയും ത്യാഗത്തിന്റെയും അങ്ങേയറ്റമാണ്. എന്നാൽ അതോടൊപ്പം തന്നെ വിവേകപൂർണ്ണമായ മധ്യമാർഗവുമാണത്. അല്ലാഹുവിന്റെ കൽപ്പനയായതുകൊണ്ടാണ് ആ മാർഗം സ്വീകരിക്കേണ്ടതാണ്.**

ഒരു നിവേദനത്തിൽ ഇപ്രകാരം വരുന്നു, **മുശ്‌രിക്കുകളിൽ നിന്ന് സഹായം തേടുന്നത് നബി(സ) കഠിനമായി വെറുത്തിരുന്നു.**

അവിടുത്തെ ധർമപത്നി ഹദ്റത്ത് ആയിശ(റ) നിവേദനം ചെയ്യുന്നു: നബി തിരുമേനി(സ) ബദ്റിലേക്ക് പുറപ്പെട്ടു. മദീനയുടെ പടിഞ്ഞാറ് മൂന്ന് മൈൽ അകലെയുള്ള ഹർറത്തുൽ വബറയിൽ എത്തിയപ്പോൾ, അവിടുന്ന് ഒരാളെ കണ്ടുമുട്ടി. ധീരതയ്ക്കും പരാക്രമത്തിനും പേരുകേട്ട ആളായിരുന്നു അദ്ദേഹം. അയാൾ വരുന്നത് കണ്ടപ്പോൾ സ്വഹാബികൾക്ക് വലിയ സന്തോഷമായി; അയാൾ വരുകയും തങ്ങളോടൊപ്പം യുദ്ധത്തിൽ പങ്കെടുക്കുകയും ചെയ്യുമല്ലോ എന്ന് അവർ കരുതി. അയാൾ അവിടുത്തെ സമീപിച്ച് ഇപ്രകാരം അപേക്ഷിച്ചു: ഞാൻ അങ്ങയോടൊപ്പം വരാനും യുദ്ധത്തിൽ പങ്കുചേരാനും അങ്ങയെ സഹായിക്കാനുമാണ് വന്നിരിക്കുന്നത്. നബി തിരുമേനി(സ) അയാളോട് ചോദിച്ചു: നീ അല്ലാഹുവിലും അവിടുത്തെ റസൂലിലും വിശ്വസിക്കുന്നുണ്ടോ?. ഇല്ല' എന്ന് അയാൾ മറുപടി നല്കി. അപ്പോൾ നബി തിരുമേനി(സ) പറഞ്ഞു: 'എങ്കിൽ നീ മടങ്ങിപ്പോകുക, കാരണം ഒരു മുശ്‌രിക്കിന്റെയും സഹായം ഞാൻ സ്വീകരിക്കുകയില്ല. ഹദ്റത്ത് ആയിശ(റ) പറയുന്നു: അയാൾ തിരിച്ചുപോയി. ഞങ്ങൾ മദീനയിൽ നിന്ന് ഏഴ് മൈൽ അകലെയുള്ള ദുൽഹുലൈഫയിലെ **ശജറ** എന്ന സ്ഥലത്തെത്തിയപ്പോൾ അയാൾ വീണ്ടും അവിടുത്തെ അടുക്കൽ വന്നു. അയാൾ അവിടുത്തെ കണ്ടെത്തുകയും ആദ്യത്തെ തവണ പറഞ്ഞതുപോലെ തന്നെ പറയുകയും ചെയ്തു. നബി തിരുമേനി(സ) മുമ്പു നല്കിയ അതേ മറുപടി തന്നെ നല്കി: നീ മടങ്ങിപ്പോകുക, ഞാൻ ഒരു മുശ്‌രിക്കിന്റെയും സഹായം സ്വീകരിക്കുകയില്ല. പിന്നീട് അയാൾ മടങ്ങിപ്പോയി. മക്കയ്ക്കും മദീനയ്ക്കും ഇടയിൽ ദുൽഹുലൈഫക്ക് അപ്പുറത്തുള്ള ബൈദ എന്ന സ്ഥലത്ത് വച്ച് അയാൾ വീണ്ടും അവിടുത്തെ കണ്ടുമുട്ടി. അവിടെ വച്ചും അവിടുന്ന് പഴയ ചോദ്യം തന്നെ ആവർത്തിച്ചു: നീ അല്ലാഹുവിലും റസൂലിലും വിശ്വസിക്കുന്നുണ്ടോ?'. ഇത്തവണ അയാൾ അതെ എന്ന് മറുപടി നല്കി. അപ്പോൾ നബി തിരുമേനി(സ) അരുളിച്ചെയ്തു: ഇനി വരിക, ഇപ്പോൾ നിനക്ക് ഞങ്ങളോടൊപ്പം വരാം.

സാഹചര്യങ്ങൾ എന്തുതന്നെയായാലും, അല്ലാഹുവിനോടുള്ള സ്നേഹവും അഭിമാനവും ഒരു മുശ്‌രിക്കിൽ നിന്ന് സഹായം സ്വീകരിക്കുന്നത് അനുവദിക്കുന്നില്ല; പ്രത്യേകിച്ച് അല്ലാഹുവിന്റെ പ്രീതിക്കും ദീനിനും വേണ്ടി മാത്രമായി ചെയ്യുന്ന കാര്യങ്ങളിൽ.

( صحیح المسلم کِتَابُ الْجِھَادِ وَالسِّیَرِ بَابُ کَرَاھَۃِ الِاسْتِعَانَۃِ فِي الْغَزْوِ بِکَافِرٍ... حدیث 1817)

(فرہنگ سیرت صفحہ 71، صفحہ 102، صفحہ 105، صفحہ 162)

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) അരുളിച്ചെയ്യുന്നു: നബി തിരുമേനി(സ)യെ നോക്കൂ, എന്തൊരു ഉൾക്കാഴ്ചയായിരുന്നു അവിടുത്തേക്ക്! എന്തൊരു സൂക്ഷ്മതയായിരുന്നു! എപ്രകാരമാണ് അവിടുന്ന് അല്ലാഹുവിനെ ഭയപ്പെട്ടിരുന്നത്. എല്ലാ മനുഷ്യരെക്കാളും പൂർണ്ണനായിരുന്നിട്ടും എല്ലാവിധ പാപങ്ങളിൽ നിന്നും പരിശുദ്ധനായിരുന്നിട്ടും അല്ലാഹു അവിടുത്തെ സംരക്ഷകനായിരുന്നിട്ടും, ആ പവിത്രതയ്ക്കും പരിശുദ്ധിക്കുമിടയിലും അവിടുന്ന് എല്ലാ നിമിഷവും അല്ലാഹുവിനെ ഭയപ്പെട്ടിരുന്നു. നന്മയ്ക്കുമേൽ നന്മകൾ ചെയ്യുകയും അത്യുന്നതമായ പ്രവൃത്തികൾ നിർവഹിക്കുകയും ചെയ്തു. ഒരു നന്മയ്ക്ക് ശേഷം മറ്റൊരു നന്മ എന്ന നിലയിൽ അവിടുന്ന് മുന്നേറിക്കൊണ്ടിരുന്നു. തിന്മയെക്കുറിച്ച് ഒരു ചോദ്യമേ ഉദിച്ചിരുന്നില്ല, അതിന്റെ ഒരു നിഴൽ പോലും അവിടെ ഉണ്ടായിരുന്നില്ല. ഉന്നതമായ കർമ്മങ്ങൾ അനുഷ്ഠിക്കുകയും എല്ലാ നിമിഷവും അല്ലാഹുവിന്റെ ഇബാദത്തിൽ മുഴുകുകയും ചെയ്തിരുന്നു. അവിടുന്ന് അങ്ങേയറ്റം ഭയപ്പെടുകയും തന്റെ ഭാഗത്തുനിന്ന് കഴിയുന്നത്ര സൂക്ഷ്മത പുലർത്തുകയും ചെയ്തു. എന്നാൽ അല്ലാഹുവിന്റെ പരാശ്രയമുക്തിയിലേക്കും പ്രതാപത്തിലേക്കും നോക്കുമ്പോൾ തന്റെ എല്ലാ കർമ്മങ്ങളും സമർപ്പിച്ചുകൊണ്ട് അവിടുന്ന് ഇസ്തിഗ്ഫാർ ചെയ്യുകയും അവസരം ലഭിക്കുമ്പോഴെല്ലാം തൗബ ചെയ്യുകയും ചെയ്തിരുന്നു. ഹദ്റത്ത് അബൂഹുറൈറ(റ) പറയുന്നു:

سَمِعْتُ النَّبِیَّ صَلَّی اللّٰہُ عَلَیْہِ وَسَلَّمَ یَقُوْلُ وَاللّٰہِ اِنِّیْ لَاَسْتَغْفِرُ اللّٰہَ وَاَتُوْبُ اِلَیْہِ فِی الْیَوْمِ اَکْثَرَ مِنْ سَبْعِیْنَ مَرَّۃً۔

ബുഖാരിയിലെ ഈ ഹദീസിന്റെ അർഥം ഇതാണ്: നബി തിരുമേനി(സ) ഇപ്രകാരം അരുളിച്ചെയ്യുന്നത് ഞാൻ കേട്ടിട്ടുണ്ട്: അല്ലാഹുവാണ! ഞാൻ ഒരു ദിവസം എഴുപതിലധികം തവണ അല്ലാഹുവിന്റെ സന്നിധിയിൽ എന്റെ ബലഹീനതകൾക്ക് മാപ്പിരക്കുകയും അവനിലേക്ക് മടങ്ങുകയും ചെയ്യുന്നു.

(سیرۃ النبی صَلَّی اللّٰہُ عَلَیْہِ وَسَلَّم از حضرت مصلح موعودؓ جلد 1 صفحہ 82)

അറബിയിൽ എഴുപത് എന്ന വാക്ക് എണ്ണമറ്റ തവണ എന്ന അർഥത്തിലും ഉപയോഗിക്കാറുണ്ട്. അതായത് അസംഖ്യം തവണ ഞാൻ ഇപ്രകാരം ചെയ്യുന്നു.

**തിരുനബി(സ)നു അല്ലാഹുവിനോട് എത്രമാത്രം സ്നേഹമായിരുന്നു വെന്നാൽ എല്ലാ സന്ദർഭങ്ങളിലും അവിടുത്തെ പവിത്രമായ നാവ് അല്ലാഹുവിന്റെ സ്മരണയാൽ ആർദ്രമായിരുന്നു.**

ഹദ്റത്ത് ആയിശ(റ) വിവരിക്കുന്നു:

**നബി തിരുമേനി(സ) എല്ലാ അവസ്ഥകളിലും അല്ലാഹുവിനെ സ്മരിച്ചിരുന്നു.**

(سنن الترمذی ابواب الدعوات باب ماجاء ان دعوۃ المسلم مستجابۃ حدیث 3384)

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) വിവരിച്ചതുപോലെയും ഹദീസുകളിൽ നിന്ന് വ്യക്തമാകുന്നതുപോലെയും എല്ലാ സമയവും നബി(സ) നാവ് ദിക്റുകളിൽ മുഴുകിയിരുന്നു. ഹദ്റത്ത് സംറ ബിൻ ജുൻദുബ്(റ) വിവരിക്കുന്നു. ഹദീസുകളിൽ നിന്നും തെളിയിക്കപ്പെട്ടതുപോലെ എല്ലാ സമയവും അവിടുത്തെ നാവ് ദിക്റുകളിൽ മുഴുകിയിരുന്നു. ഹദ്റത്ത് സംറ ബിൻ ജുൻദുബ്(റ) വിവരിക്കുന്നു, നബി തിരുമേനി(സ) അരുളിച്ചെയ്തു: നാല് കാര്യങ്ങൾ മറ്റെല്ലാ സംസാരങ്ങളെക്കാളും ശ്രേഷ്ഠമാണ്, അതിൽ ഏത് ആദ്യം തുടങ്ങിയാലും നിനക്ക് ദോഷമില്ല. ഈ കാര്യങ്ങൾ കൊണ്ട് തുടങ്ങുന്നത് ഏറ്റവും ഉത്തമവും വലിയ ബർക്കത്തുള്ളതുമാണ്. അവ ഏതെന്നാൽ: ഒന്ന് **സുബ്ഹാനല്ലാഹ്**, രണ്ട് **അൽഹംദുലില്ലാഹ്**, മൂന്ന് **ലാ ഇലാഹ ഇല്ലല്ലാഹ്**, നാല് **അല്ലാഹു അക്ബർ**. അതായത് അല്ലാഹു പരിശുദ്ധനാണ്, എല്ലാ സ്തുതിയും അല്ലാഹുവിനാണ്, അല്ലാഹു അല്ലാതെ മറ്റൊരു ദൈവമില്ല, അല്ലാഹു ഏറ്റവും വലിയവനാകുന്നു.

۔(سنن ابن ماجہ کتاب الادب باب فضل التسبیح حدیث 3811)

**അതിനാൽ ഈ കാര്യങ്ങൾ എപ്പോഴും മനുഷ്യന്റെ മനസ്സിലുണ്ടാകുകയും സംസാരിക്കുമ്പോഴും ജോലി ചെയ്യുമ്പോഴും ഇവ മുന്നിൽ വയ്ക്കുകയും ചെയ്താൽ അതിൽ ബർക്കത്ത് മാത്രമേ ഉണ്ടാവുകയുള്ളൂ.**

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ബുസ്ർ(റ) പറയുന്നു: ഒരു ഗ്രാമീണൻ നബി തിരുമേനി(സ)യുടെ സന്നിധിയിൽ വന്ന് ഇപ്രകാരം അപേക്ഷിച്ചു, ഇസ്ലാമിലെ നിയമങ്ങളും സത്കർമ്മങ്ങളും എനിക്ക് വളരെ കൂടുതലായി തോന്നിയിരിക്കുന്നു. അതായത് എന്നെപ്പോലെയുള്ള ഒരാൾക്ക് നിയമങ്ങളും നിർദേശങ്ങളും നന്മയുടെ കാര്യങ്ങളും ഒരുപാട് അധികമായിരിക്കുന്നു. ഗ്രാമീണർ ഇത്തരത്തിലുള്ള ചോദ്യങ്ങൾ ചോദിക്കാറുണ്ടായിരുന്നു. അതിനാൽ തനിക്ക് കൃത്യമായി പാലിച്ച് മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കുന്ന വല്ല കാര്യവും പറഞ്ഞുതരണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. നബി തിരുമേനി(സ) അരുളിച്ചെയ്തു: നിന്റെ നാവ് എപ്പോഴും ദൈവസ്മരണയാൽ ആർദ്രമായിരിക്കട്ടെ. അവിടുന്ന് അരുളിച്ചെയ്തു:

لَایَزَالُ لِسَانُكَ رَطْبًا مِنْ ذِكْرِ اللّٰهِ عَزَّوَجَلَّ۔

**അതായത് നിന്റെ നാവ് എപ്പോഴും ദൈവസ്മരണയിലായിരിക്കണം.**

(سنن ابن ماجہ کتاب الادب باب فضل الذکر حدیث 3793)

ഒരു നിവേദനത്തിൽ പറയുന്നു, ഹദ്റത്ത് ജാബിർ(റ)വിൽ നിന്നുള്ള നിവേദനം, റസൂലുല്ലാഹ്(സ) അരുളിച്ചെയ്തു: ഏറ്റവും ഉത്തമമായ **ദിക്ർ ലാ ഇലാഹ ഇല്ലല്ലാഹ്** എന്നതും ഏറ്റവും ഉത്തമമായ പ്രാർഥന **അൽഹംദുലില്ലാഹ്** എന്നതുമാണ്. മറ്റൊരു നിവേദനത്തിൽ ഹദ്റത്ത് അബൂ ഉമാമ വിവരിക്കുന്നു, നബി തിരുമേനി(സ) അരുളിച്ചെയ്തു: മക്കയിലെ താഴ്‌വര എനിക്ക് സ്വർണമാക്കി മാറ്റാമെന്ന് അല്ലാഹുവിന്റെ ഭാഗത്തുനിന്ന് എനിക്ക് വാഗ്ദാനം ചെയ്യപ്പെട്ടു. അപ്പോൾ ഞാൻ അപേക്ഷിച്ചു, എന്റെ രക്ഷിതാവേ, അങ്ങനെയല്ല, മറിച്ച് ഒരു ദിവസം ഞാൻ വയറുനിറയെ ഭക്ഷണം കഴിക്കുകയും മറ്റൊരു ദിവസം വിശന്നിരിക്കുകയും ചെയ്യട്ടെ. ഞാൻ വിശന്നിരിക്കുമ്പോൾ നിന്റെ സന്നിധിയിൽ കരയുകയും നിന്നെ ഓർക്കുകയും ചെയ്യും, ഞാൻ സംതൃപ്തനായി ഭക്ഷണം കഴിക്കുമ്പോൾ നിന്നെ സ്തുതിക്കുകയും നന്ദി പറയുകയും ചെയ്യും.

(مسند الامام احمد بن حنبل جلد 7 صفحہ 402 حدیث ابی امامۃ الباہلی حدیث نمبر:22543 مکتبہ عالم الکتب بیروت)

എനിക്ക് സ്വർണം വേണ്ട, എനിക്ക് എപ്പോഴും നിന്നെ സ്മരിക്കാൻ കഴിയുന്ന അവസ്ഥ മതി. സ്വർണവും സമ്പത്തും അധികമായാൽ നിന്നെ സ്മരിക്കുന്നത് എവിടെയെങ്കിലും അവസാനിച്ചുപോയേക്കാം.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: നബി തിരുമേനി(സ) ഇത്തരത്തിലുള്ള പ്രയാസങ്ങളും കഷ്ടപ്പാടുകളും സഹിച്ചത്, സാമ്പത്തികമായി അവിടുത്തെ സാഹചര്യം ദുർബലമായത് അല്ലാഹു അവിടുത്തേക്ക് ഒന്നും നല്കാത്തതുകൊണ്ടായിരുന്നില്ല. അല്ലാഹു അവിടുത്തേക്ക് എണ്ണമറ്റ അനുഗ്രഹങ്ങൾ നല്കിയിരുന്നു. എന്നാൽ അള്ളാഹുവിനോടുള്ള സ്നേഹത്തിലും സ്മരണയിലും അവിടുന്ന് ലളിതമായ ജീവിതം തിരഞ്ഞെടുക്കുകയായിരുന്നു. എങ്കിലും അവിടുന്ന് അനുഗ്രഹങ്ങളെ നിഷേധിച്ചിരുന്നില്ല. നല്ല ഭക്ഷണങ്ങളും അനുഗ്രഹങ്ങളും അവിടുന്ന് കഴിക്കാറുണ്ടായിരുന്നു, അതിന് അല്ലാഹുവിനോട് നന്ദി കാണിക്കുകയും ചെയ്തിരുന്നു.

(تفسیر حضرت مسیح موعود علیہ السلام جلد 8 صفحہ 42-43)

ഇപ്രകാരം ഹദ്റത്ത് അബൂബക്കറ(റ)വിൽ നിന്നുള്ള ഒരു നിവേദനത്തിൽ വരുന്നു,

നബി തിരുമേനി(സ)ക്ക് സന്തോഷകരമായ വല്ല കാര്യവുമുണ്ടായാലോ വല്ല സുവാർത്തയും ലഭിച്ചാലോ ഉടൻ തന്നെ അവിടുന്ന് അല്ലാഹുവിന് നന്ദി അർപ്പിക്കാനായി സാഷ്ടാംഗം(സുജൂദ്) ചെയ്യുമായിരുന്നു.

(سنن ابی داؤد کتاب الجہاد باب فی سجود الشکر حدیث نمبر 2774)

അല്ലാഹുവിന്റെ മുന്നിൽ നന്ദി കാണിക്കുന്നതും അവനോടുള്ള സ്നേഹവും സ്തുതിയും അർഹിക്കുന്നതും അവന്റെ ദാസ്യത്വം ആവശ്യപ്പെടുന്നതും ഉടൻ തന്നെ അവനു മുന്നിൽ കുനിയുകയും നന്ദി അറിയിക്കുകയും ചെയ്യുക എന്നതാണ്.

ഹദ്റത്ത് ബറാഅ് ബിൻ ആസിബ്(റ) വിവരിച്ചു, നബി തിരുമേനി(സ) അരുളിച്ചെയ്തു: നീ ഉറങ്ങാൻ കിടക്കുമ്പോൾ വുളു ചെയ്യുക, നമസ്കാരത്തിന് വുളു ചെയ്യുന്നത് പോലെ. അതായത് ഉറങ്ങുന്നതിന് മുമ്പ് വുളു ചെയ്യുന്നത് നല്ല കാര്യമാണ്.

വലതുഭാഗം ചരിഞ്ഞു കിടന്ന് പ്രാർഥനകൾ ചൊല്ലുക. ആ പ്രാർഥനകളുടെ പരിഭാഷ ഇപ്രകാരമാണ്, അതായത് ഉറങ്ങുന്നതിന് മുമ്പ് വുളു ചെയ്യുന്നത് നല്ല കാര്യമാണ്.

*അല്ലാഹുവേ, ഞാൻ എന്നെ നിനക്ക് സമർപ്പിച്ചു. ഞാൻ എന്റെ കാര്യങ്ങൾ നിന്നെ ഏൽപ്പിച്ചു. നിന്നോടുള്ള ഭയത്താലും സ്നേഹത്താലും ഞാൻ നിന്നെ എന്റെ അവലംബമാക്കി. നിന്റെ അടുത്തല്ലാതെ മറ്റൊരു അഭയസ്ഥാനമോ രക്ഷാകേന്ദ്രമോ ഇല്ല. രക്ഷ നിന്റെ പക്കൽ മാത്രമാണ്. നീ ഇറക്കിത്തന്ന നിന്റെ ഈ കിതാബിലും നീ നിയോഗിച്ച നിന്റെ ഈ നബിയിലും ഞാൻ വിശ്വസിച്ചിരിക്കുന്നു.*

നബി തിരുമേനി(സ) അരുളിച്ചെയ്തു: നിങ്ങൾ ഈ പ്രാർഥന ചൊല്ലുക, ആ രാത്രിയിൽ നിങ്ങൾ മരണപ്പെടുകയാണെങ്കിൽ ഫിത്റത്തിൽ (പരിശുദ്ധമായ പ്രകൃതത്തിൽ) മരണപ്പെട്ടവരാകും.

അതുകൊണ്ട് ഈ വചനങ്ങളെ നിങ്ങളുടെ അവസാന ഭാഷണമാക്കുക. നിവേദകൻ പറയുന്നു: ഞാൻ ഈ വചനങ്ങളെ ഹൃദിസ്ഥമാക്കുമെന്ന് അപേക്ഷിക്കുകയും

الَّذِىْٓ اَرْسَلْتَ۔

(നീ നിയോഗിച്ച നിന്റെ റസൂലിലും) എന്ന് ആവർത്തിച്ചു പറയുകയും ചെയ്തു. അതായത് നീ നിയോഗിച്ച നിന്റെ റസൂലിലും എന്ന വാക്കും ഞാൻ ഉൾപ്പെടുത്തും. അപ്പോൾ നബി തിരുമേനി(സ) അരുളിച്ചെയ്തു: വേണ്ട, നീ ഇപ്രകാരം പറയുക –

وَبِنَبِيِّكَ الَّذِىْٓ اَرْسَلْتَ۔

(നീ നിയോഗിച്ച നിന്റെ നബിയിൽ ഞാൻ വിശ്വസിക്കുന്നു).

14 صفحہ 82-83 کتاب الذکر والدعاء... باب مایقول عند النوم واخذ المضجع۔ حدیث نمبر 4870، نور فاؤنڈیشن)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) അരുളിച്ചെയ്യുന്നു:

നബി തിരുമേനി(സ) മരണത്തെക്കുറിച്ച് ഒരുകാലത്തും അശ്രദ്ധനായിരുന്നില്ല. ദൈവഭയം നബി(സ)നുമേൽ എത്രമാത്രം ആധിപത്യം പുലർത്തിയിരുന്നുവെന്നാൽ മിക്കവാറും ഇന്ന് തന്നെ മരണം സംഭവിക്കുമെന്നും ഇന്ന് തന്നെ അല്ലാഹുവിന്റെ സന്നിധിയിൽ ഹാജരാകേണ്ടി വരുമെന്നും കരുതിയാണ് അവിടുന്ന് ഓരോ ദിവസവും ഉറങ്ങാൻ കിടന്നിരുന്നത്. അതിനാൽ ട്രെയിൻ ഇപ്പോഴോ മറ്റോ പുറപ്പെടുമെന്ന് വിചാരിച്ചിരിക്കുന്ന ഒരു യാത്രക്കാരനെപ്പോലെയാണ് അവിടുന്ന് ജീവിച്ചിരുന്നത്. ഉപേക്ഷിക്കാൻ പ്രയാസമുള്ള അത്തരം കാര്യങ്ങളിൽ അവിടുന്ന് ഒരിക്കലും സ്വയം കുടുങ്ങിയിരുന്നില്ല. ട്രെയിനിൽ കയറേണ്ടവന് അത് വൈകുകയോ നഷ്ടപ്പെടുകയോ ചെയ്യരുതെന്ന ചിന്തയുള്ളതിനാൽ അവൻ ട്രെയിനിനായി കാത്തിരിക്കും. അതുപോലെ അവിടുന്ന് എപ്പോഴും തന്റെ പ്രിയതമന്റെ (അല്ലാഹുവിന്റെ) അടുക്കലേക്ക് പോകാൻ തയ്യാറായിരുന്നു. കടന്നുപോകുന്ന ഓരോ ശ്വാസവും അവിടുത്തെ ഫലമായി കരുതുകയും മരണത്തെ എപ്പോഴും ഓർക്കുകയും ചെയ്തിരുന്നു.

ഹദ്റത്ത് ഹുദൈഫ(റ) വിവരിക്കുന്നു: നബി തിരുമേനി(സ)യുടെ പതിവ് ഇപ്രകാരമായിരുന്നു, അവിടുന്ന് കിടക്കയിൽ കിടക്കുമ്പോൾ തന്റെ കൈ കവിളിന് താഴെ വയ്ക്കുകയും 'എന്റെ നാഥാ, എന്റെ മരണവും എന്റെ ജീവിതവും നിന്റെ നാമത്തിലായിരിക്കട്ടെ' എന്ന് അരുളിച്ചെയ്യുകയും ചെയ്യുമായിരുന്നു. ഉറക്കമുണരുമ്പോൾ അവിടുന്ന് പറയുമായിരുന്നു: ഞങ്ങളെ മരണത്തിന് (ഉറക്കത്തിന്) ശേഷം ജീവിപ്പിച്ച എന്റെ രക്ഷിതാവിന് സ്തുതി, നിന്റെ അടുത്തേക്കാണ് ഞങ്ങൾക്ക് മടങ്ങിപ്പോകാനുള്ളത്. ഈ സംഭവത്തിൽ നിന്ന് മനസ്സിലാക്കാൻ സാധിക്കുന്നത്, ഓരോ രാത്രിയും കിടക്കയിലേക്ക് പോകുമ്പോൾ തന്റെ ഭാഗത്തുനിന്നുള്ള എല്ലാ കണക്കുകളും തീർത്ത് അല്ലാഹുവിനോട് പ്രാർഥിക്കുമായിരുന്നു എന്നാണ്. അതായത് ഞാൻ മരണപ്പെടുകയാണെങ്കിൽ പോലും നിന്റെ നാമത്തിലായിരിക്കട്ടെ എന്റെ ജീവിതം. പിന്നീട് ഉണരുമ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്തിന് നന്ദി പറയുമായിരുന്നു – ഞാൻ എന്റെ ഭാഗത്തുനിന്ന് ദുനിയാവിൽ നിന്ന് വേർപിരിഞ്ഞതായിരുന്നു, നീ എന്നെ വീണ്ടും ജീവിപ്പിച്ചതും എന്റെ ആയുസ്സിൽ ബർക്കത്ത് നല്കിയതും നിന്റെ വലിയ കൃപ

യാണ്'. ആദ്യത്തെ പ്രാർഥനയിൽ നിന്ന് മനസ്സിലാകുന്നത് പോലെ നബി തിരുമേനി[സ] എപ്പോഴും മരണത്തെ ഓർത്തിരുന്നു എന്നതിന് ഈ പ്രാർഥനയും ഒരു സാക്ഷിയാണ്.

മറ്റൊരു പ്രാർഥനയുമുണ്ട്, അവിടുന്ന് തന്റെ ജീവിതത്തിലെ ഓരോ നിമിഷത്തെയും അവസാന നിമിഷമായി കണ്ടിരുന്നു. അവിടുന്ന് ഉറങ്ങാൻ പോകുമ്പോൾ തന്റെ കാര്യങ്ങളിൽ രക്ഷിതാവുമായി ഒരു തീരുമാനത്തിലെത്തുമായിരുന്നു. അതായത് ഏതൊരു മാറ്റത്തിനും അവിടുന്ന് തയ്യാറാകുമായിരുന്നു. ഹദ്റത്ത് ബറാഅ് ബിൻ ആസിബ്[റ] നിവേദനം ചെയ്യുന്നു, അവിടുന്ന് ഇപ്രകാരം അരുളിച്ചെയ്യുമായിരുന്നു: എന്റെ രക്ഷിതാവേ, ഞാൻ എന്റെ ആത്മാവിനെ നിനക്ക് സമർപ്പിക്കുന്നു. എന്റെ മുഴുവൻ ശ്രദ്ധയും നിന്റെ ഭാഗത്തേക്ക് തിരിക്കുന്നു. ഞാൻ എന്റെ കാര്യങ്ങൾ നിന്നെ ഏൽപ്പിക്കുകയും നിന്റെ അഭയത്തിൽ എന്നെത്തന്നെ നൽകുകയും ചെയ്യുന്നു. നിന്നിൽ നിന്നുള്ള നേട്ടത്തെ ഞാൻ പ്രതീക്ഷിക്കുന്നു, നിന്റെ മഹത്വത്തെയും പരാശ്രയമുക്തിയെയും ഞാൻ ഭയപ്പെടുന്നു. നിന്റെ കോപത്തിൽ നിന്ന് രക്ഷപ്പെടാൻ നിന്റെ പക്കലല്ലാതെ മറ്റൊരു അഭയസ്ഥാനമോ രക്ഷാകേന്ദ്രമോ ഇല്ല, നിന്നിൽ നിന്ന് തന്നെ രക്ഷയും അഭയവും തേടുക എന്നതല്ലാതെ. നീ ഇറക്കിത്തന്ന കിതാബിലും നീ നിയോഗിച്ച റസൂലിലും ഞാൻ വിശ്വസിക്കുന്നു.

ഈ പ്രാർഥന നമുക്ക് പഠിപ്പിച്ചുതരികയും അവിടുന്ന് അത് കൃത്യമായി പാലിക്കുകയും ചെയ്തിരുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് എഴുതുന്നു: ആളുകൾ തങ്ങളുടെ കടകൾ അടയ്ക്കുമ്പോൾ അതിന്റെ കണക്കുകൾ പരിശോധിക്കാറുണ്ട്, എന്നാൽ അല്ലാഹുവുമായുള്ള കണക്കുകൾ രാത്രിയിൽ ഉറങ്ങുന്നതിന് മുമ്പ് ബോധ്യപ്പെടുത്താൻ ആളുകൾ ശ്രദ്ധിക്കാറില്ല. അവർക്കതിനെക്കുറിച്ച് വലിയ ചിന്തയില്ല. എന്നാൽ പുലർച്ചെ മുതൽ വൈകുന്നേരം വരെ അല്ലാഹുവിനോടുള്ള കടമകൾ നിർവഹിക്കുന്നതിൽ മുഴുകിയിരുന്ന ആ പുണ്യപുരുഷന്റെ അവസ്ഥ എന്തായിരുന്നു! അവിടുന്ന് സ്വയം കടമകൾ നിർവഹിക്കുക മാത്രമല്ല, ആയിരക്കണക്കിന് ആളുകൾ തങ്ങളുടെ കടമകൾ കൃത്യമായി ചെയ്യുന്നുണ്ടോ എന്ന് നിരീക്ഷിക്കുകയും ചെയ്തിരുന്നു. എന്നാൽ രാത്രി ഉറങ്ങുന്നതിന് മുമ്പ് തന്റെ എല്ലാ പരിശ്രമങ്ങളെയും ആരാധനകളെയും മറന്നുകൊണ്ട്, താൻ യാതൊരു സേവനവും ചെയ്തിട്ടില്ലാത്തവനെ പ്പോലെ വിനീതനായി തന്റെ നാഥന്റെ തിരുസന്നിധിയിൽ കണക്കുകൾ ബോധിപ്പിക്കാനായി നിൽക്കുമായിരുന്നു. തന്റെ ആത്മാവിനെ പൂർണമായും ദൈവത്തിന് സമർപ്പിച്ച്, ഈ ലോകത്തുനിന്നും അതിലുള്ളവയിൽ നിന്നും വിട്ടുനിൽക്കുന്നു എന്ന് വെളിപ്പെടുത്തി അല്ലാഹുവിന്റെ കൈകളിൽ തന്റെ കൈ ഏൽപ്പിക്കുന്നത് വരെ അവിടുന്ന് ഉറങ്ങിയിരുന്നില്ല.

(سیرۃ النبی ﷺ از حضرت مصلح موعودؓ جلد 1 صفحہ 83 تا 85)

നിവേദനത്തിൽ വരുന്നു, ഹദ്റത്ത് അനസ് ബിൻ മാലിക്[റ] വിവരിക്കുന്നു: നബി തിരുമേനി[സ] അരുളിച്ചെയ്തു,

**പ്രഭാത നമസ്കാരം മുതൽ സൂര്യോദയം വരെ അല്ലാഹുവിനെ സ്മരിക്കുന്നവരോടൊപ്പം ഇരിക്കുന്നത് ഹദ്റത്ത് ഇസ്മായിലിന്റെ സന്തതികളിൽപ്പെട്ട നാല് അടിമകളെ മോചിപ്പിക്കുന്നതിനേക്കാൾ എനിക്ക് പ്രിയപ്പെട്ടതാണ്. അസർ നമസ്കാരം മുതൽ സൂര്യാസ്തമയം വരെ അല്ലാഹുവിനെ സ്മരിക്കുന്നവരോടൊപ്പം ഇരിക്കുന്നത് നാല് അടിമകളെ മോചിപ്പിക്കുന്നതിനേക്കാൾ എനിക്ക് പ്രിയപ്പെട്ടതാണ്.**

(سنن ابی داؤد کتاب العلم باب فی القصص حدیث 3667)

അല്ലാഹുവിനോടുള്ള സ്നേഹം കാരണം, ദൈവത്തെ സ്നേഹിക്കുന്നവർക്കും സ്മരിക്കുന്നവർക്കും ഹദ്റത്ത് ഇസ്മായിലിന്റെ സന്തതികളെക്കാളും തന്റെ ബന്ധുക്കളെക്കാളും അവിടുന്ന് മുൻഗണന നല്കി. അവരുടെ അടിമത്തം സഹിക്കാൻ സാധിച്ചേക്കാം, എന്നാൽ അല്ലാഹുമായുള്ള വേർപാട് അവിടുത്തേക്ക് സഹിക്കാനാവില്ല. എവിടെയെങ്കിലും അല്ലാഹുവിന്റെ സ്മരണ നടക്കുന്നുണ്ടെങ്കിൽ, അവന്റെ സ്നേഹത്തെക്കുറിച്ച് സംസാരമുണ്ടെങ്കിൽ ഞാൻ ആ സദസ്സിൽ നിന്ന് എങ്ങനെ ദൂരെയാകും?

**സുബ്ഹാനല്ലാഹ്! എന്തൊരു ദൈവാനുരാഗമാണിത്! അവിടുന്ന് ജനങ്ങളിൽ ആ സ്നേഹം വളർത്തുകയായിരുന്നു, അവിടുത്തെ ഉള്ളിൽ അത് അതിന്റെ അത്യുന്നതങ്ങളിൽ എത്തിയിരുന്നു.**

തന്റെ വിശ്വാസികളെ ഉപദേശിച്ചുകൊണ്ട്, നിങ്ങൾ എപ്പോഴും ദൈവസ്നേഹത്തിലും സ്മരണയിലും മുഴുകിയിരിക്കണമെന്ന് അവിടുന്ന് അരുളിച്ചെയ്തു.

**അല്ലാഹുവിനു ഏറ്റവും പ്രിയപ്പെട്ട പ്രവൃത്തി നിന്റെ മരണം സംഭവിക്കുമ്പോൾ നിന്റെ നാവ് അവന്റെ സ്മരണയാൽ ആർദ്രമായിരിക്കുക എന്നതാണ്.**

(الجامع الصغیر للسیوطی جزء 1 صفحہ 19 حرف الھمزۃ حدیث 198، دار الکتب العلمیۃ بیروت 2004ء)

നിവേദനത്തിൽ വരുന്നു, ഹദ്റത്ത് അബുദർദാഅ്[റ] വിവരിക്കുന്നു: നബി തിരുമേനി[സ] അരുളിച്ചെയ്തു, നിങ്ങളുടെ ഉടമസ്ഥന്റെ (അല്ലാഹുവിന്റെ) അടുക്കൽ ഏറ്റവും ഉത്തമവും ഏറ്റവും പരിശുദ്ധവും നിങ്ങളുടെ പദവികൾ ഉയർത്തുന്നതുമായ ഒരു കർമം ഞാൻ നിങ്ങൾക്ക് പറഞ്ഞുതരട്ടെയോ? അത് സ്വർണവും വെള്ളിയും ചെലവഴിക്കുന്നതിനേക്കാൾ നിങ്ങൾക്ക് ഉത്തമമാണ്. നിങ്ങൾ ശത്രുവിനെ നേരിടുകയും നിങ്ങൾ അവരുടെ കഴുത്തറുക്കുകയും അവർ നിങ്ങളുടെ കഴുത്തറുക്കുകയും ചെയ്യുന്നതിനേക്കാൾ (യുദ്ധം ചെയ്യുന്നതിനേക്കാൾ) ഉത്തമമാണത്. ഇതിനെ നിങ്ങൾക്ക് ജിഹാദ് എന്ന് പറയാം. ഇതിനേക്കാൾ ഉത്തമമായ കാര്യം ഞാൻ നിങ്ങൾക്ക് പറഞ്ഞുതരാം. സഹാബികൾ ചോദിച്ചു, അതെ, പറഞ്ഞുതന്നാലും.

ഇന്നത്തെ കാലത്ത് മുസ്‌ലിംകൾ പറയുന്നത് ജിഹാദാണ് ഏറ്റവും ശ്രേഷ്ഠമെന്നാണ്. ശത്രുക്കളുടെയല്ല മറിച്ച് സ്വന്തം ആളുകളുടെ കഴുത്തറുക്കുകയാണ് അവർ ചെയ്യുന്നത്, അതാകട്ടെ ഏറ്റവും വലിയ പാപവുമാണ്. ഏതായാലും നബി തിരുമേനി[സ] അരുളിച്ചെയ്തു, അതിനേക്കാൾ ഉത്തമമായ കാര്യം അല്ലാഹുവിനെ സ്മരിക്കുക (ദിക്ർ) എന്നതാണ്.

**അല്ലാഹുവിനെ സ്മരിക്കുക, അത് എല്ലാ ജിഹാദിനെക്കാളും വലിയ ജിഹാദാണ്.**

ഇതാണ് ഇസ്‌ലാമികാധ്യാപനം. എന്നിട്ടും മുസ്‌ലീങ്ങളുടെ മേൽ കുറ്റം ആരോപിക്കപ്പെടുന്നു.

ഹദ്റത്ത് മുആദ് ബിൻ ജബൽ[റ] വിവരിക്കുന്നു:

അല്ലാഹുവിന്റെ ശിക്ഷയിൽ നിന്ന് രക്ഷ നല്കാൻ അല്ലാഹുവിന്റെ സ്മരണയേക്കാൾ വലിയ മറ്റൊന്നില്ല.

(سنن ابن ماجہ کتاب الادب باب فضل الذکر حدیث 3790)

അല്ലാഹുവിനെ സ്മരിക്കുകയാണെങ്കിൽ അല്ലാഹു ഒരുപാട് കാര്യങ്ങളിൽ നിന്നും ശിക്ഷകളിൽ നിന്നും നിങ്ങളെ രക്ഷിക്കും.

**അല്ലാഹുവിനോടുള്ള സ്നേഹം കാരണം അവിടുത്തെ സ്മരണ നബി തിരുമേനി[സ]ക്ക് ഏറ്റവും പ്രിയപ്പെട്ടതായിരുന്നു.**

ഹദ്റത്ത് അബൂഹുറൈറ[റ] വിവരിക്കുന്നു: നബി തിരുമേനി[സ] അരുളിച്ചെയ്തു, ***സുബ്ഹാനല്ലാഹ് (അല്ലാഹു പരിശുദ്ധനാകുന്നു), അൽഹംദുലില്ലാഹ് (സർവ സ്തുതിയും അല്ലാഹുവിനാകുന്നു), ലാ ഇലാഹ ഇല്ലല്ലാഹ് (അല്ലാഹുവല്ലാതെ ആരാധനക്കർഹൻ മറ്റാരുമില്ല), അല്ലാഹു അക്ബർ (അല്ലാഹു ഏറ്റവും വലിയവനാകുന്നു)*** എന്ന് ഞാൻ പറയുന്നത് സൂര്യൻ ഉദിച്ചുനിൽക്കുന്ന ഈ ലോകത്തുള്ള എല്ലാ വസ്തുക്കളെക്കാളും എനിക്ക് പ്രിയപ്പെട്ടതാണ്.

(صحیح مسلم مترجم جلد 14 صفحہ 66 کتاب الذکر والدعاء... باب فضل التھلیل والتسبیح والدعاء۔ حدیث نمبر 4847، نور فاؤنڈیشن)

ഇതായിരുന്നു ആ ദൈവപ്രേമത്തിന്റെ വികാരം. ജീവിതത്തിന്റെ അവസാന നിമിഷത്തിലും അവിടുത്തെ പവിത്രമായ നാവിൽ ആ യഥാർഥ പ്രേമഭാജനത്തിന്റെ നാമമായിരുന്നു ഉണ്ടായിരുന്നത്.

ഇതുകാരണം ഹദ്റത്ത് ആയിശ[റ] വിവരിക്കുന്നു, നബി തിരുമേനി[സ] ആരോഗ്യവാനായിരുന്ന കാലത്ത് ഇപ്രകാരം പറയുമായിരുന്നു: ഏതൊരു നബിയും സ്വർഗത്തിലെ തന്റെ സ്ഥാനം കാണുന്നത് വരെ മരണപ്പെടുന്നില്ല. ഏതൊരു നബിയും സ്വർഗത്തിലെ തന്റെ സ്ഥാനം കാണുന്നത് വരെ മരണപ്പെടുന്നില്ല, അതിനുശേഷം അദ്ദേഹത്തിന് തിരഞ്ഞെടുക്കാനുള്ള അവസരം

നല്കപ്പെടുന്നു. പിന്നീട് അവിടുത്തെ വഫാത്തിന്റെ സമയം അടുത്തപ്പോൾ ഹദ്റത്ത് ആയിശ(റ) പറയുന്നു, അവിടുത്തെ പവിത്രമായ ശിരസ്സ് എന്റെ മടിയിലായിരുന്നു. അവിടുത്തേക്ക് ബോധക്ഷയമുണ്ടാകുകയും പിന്നീട് ബോധം തിരിച്ചുകിട്ടുകയും ചെയ്തു. അവിടുന്ന് വീടിന്റെ മേൽക്കൂരയിലേക്ക് ദൃഷ്ടി ഉയർത്തി ഇപ്രകാരം അരുളിച്ചെയ്തു: **അല്ലാഹുമ്മ റഫീഖൽ അഅ്‌ലാ.** അതായത് അല്ലാഹുവേ, അത്യുന്നതനായ സ്നേഹിതനിലേക്ക്. ഞാൻ കരുതി, ഇനി അവിടുന്ന് ഞങ്ങളെ തിരഞ്ഞെടുക്കില്ല എന്ന്. അവിടുന്ന് അല്ലാഹുവിന്റെ അടുത്തേക്ക് പോവുകയാണെന്ന് ആ വാക്കുകളിൽ നിന്ന് തോന്നി. ആരോഗ്യവാനായിരുന്നപ്പോൾ അവിടുന്ന് ഞങ്ങളോട് പറഞ്ഞിരുന്ന അതേ കാര്യമാണിതെന്ന് എനിക്ക് ബോധ്യപ്പെട്ടു, അതായത് അവിടുത്തേക്ക് ആ തിരഞ്ഞെടുപ്പിനുള്ള അവസരം ലഭിച്ചിരിക്കുന്നു, ഇപ്പോൾ അവിടുന്ന് അല്ലാഹുവിന്റെ അടുത്തേക്ക് പോകുകയാണ്. ഹദ്റത്ത് ആയിശ(റ) വിവരിക്കുന്നു:

**നബി തിരുമേനി(സ) അവസാനമായി ഉച്ചരിച്ച വാചകം 'അല്ലാഹുമ്മ റഫീഖൽ അഅ്‌ലാ' എന്നതായിരുന്നു.**

( صحیح البخاری جلد 9 صفحہ 351 کتاب المغازی باب آخر ما تکلم بہ النبی ﷺ حدیث 4463، نظارت اشاعت)

ഹദ്റത്ത് ആയിശ(റ) മറ്റൊരു സ്ഥലത്ത് വിവരിക്കുന്നു: അല്ലാഹു എനിക്ക് നൽകിയ അനുഗ്രഹങ്ങളിൽ ഒന്നാണ് റസൂലുല്ലാഹി(സ) എന്റെ വീട്ടിൽ വച്ചും എന്റെ ഊഴമുള്ള ദിവസവും എന്റെ നെഞ്ചിനും കഴുത്തിനുമിടയിൽ വച്ചും വഫാത്തായി എന്നത്. അവിടുത്തെ വഫാത്തിന്റെ സമയത്ത് എന്റെ ഉമിനീരും അവിടുത്തെ ഉമിനീരും തമ്മിൽ ഒത്തുചേരാൻ അല്ലാഹു ഇടയാക്കി. അത് ഇപ്രകാരമായിരുന്നു, അബ്ദുറഹ്മാൻ എന്റെ അടുക്കൽ വന്നു, അദ്ദേഹത്തിന്റെ കയ്യിൽ ഒരു മിസ്‌വാക്ക് ഉണ്ടായിരുന്നു. ഞാൻ നബി തിരുമേനി(സ)ക്ക് താങ്ങായി ഇരിക്കുകയായിരുന്നു. അവിടുന്ന് ആ മിസ്‌വാക്കിലേക്ക് നോക്കുന്നത് ഞാൻ കണ്ടു, അവിടുത്തേക്ക് മിസ്‌വാക്ക് ഇഷ്ടമാണെന്ന് എനിക്കറിയാമായിരുന്നു. ഞാൻ ചോദിച്ചു, ഞാൻ ഇത് അങ്ങേയ്ക്കായി മൃദുവാക്കി നല്കട്ടെയോ?. അവിടുന്ന് തലയാട്ടി അതെ എന്ന് സൂചന നൽകി. ഞാൻ അത് അവിടുത്തേക്ക് നൽകിയപ്പോൾ അത് കടുപ്പമുള്ളതായി അവിടുത്തേക്ക് തോന്നി. ഞാൻ വീണ്ടും ചോദിച്ചു, ഞാൻ ഇത് മൃദുവാക്കി നല്കട്ടെയോ?. അവിടുന്ന് അതെ എന്ന് സൂചന നല്കി. ഞാൻ അത് വായയിൽ ഇട്ട് ചവച്ച് അവിടുത്തേക്ക് വേണ്ടി മൃദുവാക്കി നല്കി. അവിടുത്തെ മുന്നിൽ ഒരു ചെറിയ പാത്രമുണ്ടായിരുന്നു (അല്ലെങ്കിൽ വലിയ പാത്രം എന്ന് നിവേദകൻ സംശയിച്ചു പറയുന്നു). ഏതായാലും അവിടുത്തെ മുന്നിൽ വെള്ളമുള്ള ഒരു പാത്രമുണ്ടായിരുന്നു. അവിടുന്ന് തന്റെ കൈകൾ വെള്ളത്തിൽ മുക്കി മുഖത്ത് തടവിക്കൊണ്ട് ഇപ്രകാരം അരുളിച്ചെയ്യുന്നുണ്ടായിരുന്നു: **ലാ ഇലാഹ ഇല്ലല്ലാഹ്, ഇന്നലിൽ മൗത്തി സകറാത്ത്.** അതായത് അല്ലാഹു അല്ലാതെ ആരാധനയ്ക്ക് അർഹനായി മറ്റാരുമില്ല, തീർച്ചയായും മരണത്തിന് കഠിനമായ വേദനകളുണ്ട്. പിന്നീട് അവിടുന്ന് തന്റെ കൈ ഉയർത്തിക്കൊണ്ട് പറഞ്ഞു: **ഫിർറഫീഖിൽ അഅ്‌ലാ.** അത്യുന്നതനായ സ്നേഹിതനിലേക്ക്. അങ്ങനെ അവിടുന്ന് വഫാത്താകുകയും അവിടുത്തെ കൈ താഴേക്ക് വീഴുകയും ചെയ്തു.

( صحیح البخاری کتاب المغازی باب مرض النبی ﷺ ووفاتہ حدیث 4449)

ഹദ്റത്ത് മസീഹ് മൗഊദ്(അ) അരുളിച്ചെയ്യുന്നു:

**നബി തിരുമേനി(സ)ക്ക് അന്ത്യസമയത്ത് അല്ലാഹു ഒരു തിരഞ്ഞെടുപ്പിനുള്ള അവകാശം നല്കിയിരുന്നു. അതായത് താങ്കൾക്ക് വേണമെങ്കിൽ ദുനിയാവിൽ തുടരാം, അല്ലെങ്കിൽ എന്റെ അടുത്തേക്ക് വരാം. അവിടുന്ന് അപേക്ഷിച്ചു, എന്റെ രക്ഷിതാവേ, ഇപ്പോൾ ഞാൻ നിന്റെ അടുത്തേക്ക് വരാനാണ് ആഗ്രഹിക്കുന്നത്. അവിടുത്തെ ആത്മാവ് വിട്ടുപിരിയുമ്പോൾ ഉച്ചരിച്ച അവസാന വാക്ക് ബിർറഫീഖിൽ അഅ്‌ലാ എന്നതായിരുന്നു. അതായത് ഇനി എനിക്ക് ഇവിടെ കഴിയേണ്ടതില്ല, എനിക്ക് എന്റെ ദൈവത്തിന്റെ അടുത്തേക്ക് പോകണം.**

(نور القرآن نمبر 2، روحانی خزائن جلد 9 صفحہ 411)

ജീവിതത്തോണ് താത്പര്യമെങ്കിൽ അപ്രകാരം ഈ ലോകത്ത് കഴിയാമെന്ന് അല്ലാഹു നബി(സ)നു വേണ്ടത് തെരഞ്ഞെടുക്കാനുള്ള അവസരം നൽകി. എന്നാൽ ഇനി ഈ ലോകത്ത് കഴിയാൻ താൽപര്യമില്ലെന്നാണ് നബി(സ) പറഞ്ഞത്. അങ്ങനെ അവിടുന്ന് അല്ലാഹുവിന്റെ സന്നിധിയിലേക്ക് യാത്രയായി.

اَللّٰهُمَّ صَلِّ عَلٰى مُحَمَّدٍ وَّعَلٰى اٰلِ مُحَمَّدٍ وَّبَارِكْ وَسَلِّمْ اِنَّكَ حَمِيْدٌ مَّجِيْدٌ۔

(വിവ: അംനാസ് പി.കെ)

പേജ് 1ൽ നിന്ന്

ആ അല്ലാഹുവിനെത്തന്നെയാണെ സത്യം! അവൻ എന്നെ മസീഹ് മൗഊദായി അയച്ചതാണ്. വിശുദ്ധ ഖുർആനിലെ വചനങ്ങളിൽ ഞാൻ വിശ്വസിക്കുന്നത് പോലെ തന്നെ, ഒരണുവിട വ്യത്യാസമില്ലാതെ എനിക്ക് ലഭിച്ച അല്ലാഹുവിന്റെ വ്യക്തമായ വഹികളിലും ഞാൻ വിശ്വസിക്കുന്നു. തുടർച്ചയായ അടയാളങ്ങളിലൂടെ അതിന്റെ സത്യസന്ധത എനിക്ക് ബോധ്യപ്പെട്ടിട്ടുണ്ട്. ബൈത്തുല്ലയിൽ നിന്നു കൊണ്ട് എനിക്ക് ലഭിക്കുന്ന ആ പരിശുദ്ധ വഹി, മൂസാ നബിക്കും ഈസാ നബിക്കും മുഹമ്മദ് മുസ്തഫ(സ)യ്ക്കും തന്റെ വചനങ്ങൾ അവതരിപ്പിച്ച അതേ അല്ലാഹുവിന്റെ വചനം (കലാം) ആണെന്ന് സത്യം ചെയ്ത് പറയാൻ എനിക്ക് സാധിക്കും.' *(ഏക് ഗൽത്തി കാ ഇസാല, പേജ് 89, 1901)*

ബറേലിയിലുള്ള ഒരാൾ ജമാഅത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ഇപ്രകാരം കത്തെഴുതി: 'അല്ലാഹുവിന്റെ റസൂൽ(സ) ഹദീസുകളിൽ പ്രവചിച്ച അതേ മസീഹ് മൗഊദ് താങ്കൾ തന്നെയാണോ? അല്ലാഹുവിന്റെ നാമത്തിൽ സത്യം ചെയ്ത് ഇതിന് മറുപടി നൽകുക.' ഇതിന് മറുപടിയായി ഹുസൂർ സത്യപ്രസ്താവന ഇപ്രകാരം എഴുതി:

'ഈ വിശദമായ കാര്യം ഇതിനുമുമ്പും എന്റെ പുസ്തകങ്ങളിൽ സത്യം ചെയ്തുകൊണ്ട് ഞാൻ ജനങ്ങളെ അറിയിച്ചിട്ടുണ്ട്. ഇപ്പോഴും എന്റെ ജീവൻ ആരുടെ കൈയിലാണോ ആ അല്ലാഹുവിനെത്തന്നെയാണെ സത്യം! സ്വഹീഹ് ബുഖാരിയിലും സ്വഹീഹ് മുസ്‌ലിമിലും മറ്റ് സ്വഹാഹുകളിലും അല്ലാഹുവിന്റെ റസൂൽ(സ) ഏത് മസീഹ് മൗഊദിനെക്കുറിച്ചാണോ പ്രവചിച്ചത്, ആ മസീഹ് മൗഊദ് ഞാൻ തന്നെയാണ്. ഇതിന് അല്ലാഹു സാക്ഷിയായി മതി.' *(റൂഹാനി ഖസാഇൻ മൽഫൂസാത്ത്, വാല്യം 1, പേജ് 326, 327)*

## 131-ാമത് ജൽസ സാലാന ഖാദിയാൻ

**2026 ഡിസംബർ 25, 26, 27 (വെള്ളി, ശനി, ഞായർ)**

സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്) 131-ാമത് ജൽസ സാലാന ഖാദിയാൻ 2026 ഡിസംബർ 25, 26, 27 (വെള്ളി, ശനി, ഞായർ) തീയതികളിൽ നടത്തുന്നതിനു അനുമതിയും അംഗീകാരവും നൽകിയിരിക്കുന്നു.

സഹോദരങ്ങൾ ദു:ആകളുമായി ഈ അനുഗൃഹീത ജൽസയിൽ പങ്കെടുക്കണമെന്ന നിയ്യത്തിൽ ഇപ്പോൾ മുതൽ തന്നെ തയ്യാറെടുപ്പുകൾ ആരംഭിക്കേണ്ടതാണ്. അല്ലാഹു പരമാവധി ജമാഅത്ത് അംഗങ്ങൾക്ക് ഈ ദൈവിക ജൽസയിൽ സംബന്ധിക്കുവാനും അതിൽ നിന്ന് ആത്മീയ നേട്ടങ്ങൾ കൈവരിക്കുവാനും തൗഫീഖ് നൽകട്ടെ. കൂടാതെ, ജൽസയിൽ പങ്കെടുക്കുന്നവർക്കായി ഹദ്റത്ത് മസീഹ് മൗഊദ്(അ) ചെയ്തിട്ടുള്ള ദു:ആകൾക്ക് നമ്മെ എല്ലാവരെയും അർഹരാക്കുമാറാകട്ടെ. ആമീൻ.

AL-ISLAM
www.alislam.org

ഖാദിയാൻ ജൽസാ സാലാനാ പ്രഭാഷണം 2024

# വാഗ്ദത്ത മസീഹിന്റെ ഉന്നതമായ സ്ഥാന മാഹാത്മ്യം

(മുനീർ അഹ്മദ് ഖാദിം, എഡിറ്റർ ബദ്ർ, ഖാദിയാൻ)

بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِیۡمِ ○ یُسَبِّحُ لِلّٰهِ مَا فِی السَّمٰوٰتِ وَمَا فِی الۡاَرۡضِ الۡمَلِكِ الۡقُدُّوۡسِ الۡعَزِیۡزِ الۡحَكِیۡمِ ○ هُوَ الَّذِیۡ بَعَثَ فِی الۡاُمِّیّٖنَ رَسُوۡلًا مِّنۡهُمۡ یَتۡلُوۡا عَلَیۡهِمۡ اٰیٰتِهٖ وَیُزَكِّیۡهِمۡ وَیُعَلِّمُهُمُ الۡكِتٰبَ وَالۡحِكۡمَةَ وَاِنۡ كَانُوۡا مِنۡ قَبۡلُ لَفِیۡ ضَلٰلٍ مُّبِیۡنٍ ○ وَّاٰخَرِیۡنَ مِنۡهُمۡ لَمَّا یَلۡحَقُوۡا بِهِمۡ ؕ وَهُوَ الۡعَزِیۡزُ الۡحَكِیۡمُ ○ ذٰلِكَ فَضۡلُ اللّٰهِ یُؤۡتِیۡهِ مَنۡ یَّشَآءُ ؕ وَاللّٰهُ ذُو الۡفَضۡلِ الۡعَظِیۡمِ ○

*(സൂറ: ജുമുഅ: 1 മുതൽ 5 വരെ ആയത്തുകൾ)*

പരമകാരുണികനും കരുണാമയനുമായ അല്ലാഹുവിന്റെ നാമത്തിൽ.

ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം അല്ലാഹിവിന്റെ തന്നെ പരിശുദ്ധിയെ പ്രകീർത്തിച്ചുകൊണ്ടിരിക്കുന്നു. അവൻ രാജാവാകുന്നു. പരിശുദ്ധനാകുന്നു. സമ്പൂർണ്ണ പ്രതാപവാനും യുക്തിജ്ഞനുമാകുന്നു.

അവൻ തന്നെയാണ് അക്ഷരജ്ഞാനമില്ലാത്ത ആ ജനതയിൽ അവരിൽ നിന്നു തന്നെയുള്ള ഒരു ദൂതനെ നിയോഗിച്ചത്. അദ്ദേഹം അവർക്ക് അവന്റെ വചനങ്ങൾ പാരായണം ചെയ്യുകയും അവരെ പരിശുദ്ധീകരിക്കുകയും അവർക്ക് ഗ്രന്ഥത്തിന്റെയും തത്ത്വജ്ഞാനത്തിന്റെയും അദ്ധ്യാപനം നൽകുക യും ചെയ്യുന്നു. ഇതിനുമുമ്പ് അവർ സ്പഷ്ടമായ വഴികേടിലായിരുന്നു താനും.

അവരിൽനിന്നുള്ള മറ്റൊരു ജനതയിലേക്കും (അദ്ദേഹത്തെ നിയോഗിച്ചിട്ടുണ്ട്) അവർ ഇതേവരെ അവരോടൊപ്പം ചേർന്നിട്ടില്ല. അവൻ സമ്പൂർണ്ണ പ്രതാപവാനും യുക്തിജ്ഞനുമാകുന്നു.

ഇത് അല്ലാഹുവിന്റെ അനുഗ്രഹമാകുന്നു. അവൻ അത് താനുദ്ദേശിക്കുന്നവ ർക്ക് നല്കുന്നു. അല്ലാഹു മഹത്തായ അനുഗ്രഹമുടയവനാകുന്നു.

ബഹുമാനപ്പെട്ട അധ്യക്ഷൻ, ആദരണീയരായ സദസ്യരേ,

ഞാൻ ഇപ്പോൾ പാരായണം ചെയ്ത വിശുദ്ധ ഖുർആൻ സൂക്തങ്ങൾ തന്നെയാണ് എന്റെ പ്രസംഗത്തിന്റെ വിഷയം. നിങ്ങൾ കേട്ടതുപോലെ, ഹദ്റത്ത് മസീഹ് മൗഊദ്[അ] പദവിയെയും സ്ഥാനത്തെയും കുറിച്ച് ചില കാര്യങ്ങൾ സമർപ്പിക്കാനാണ് എനിക്ക് നിർദ്ദേശം ലഭിച്ചിട്ടുള്ളത്.

ഈ സൂക്തങ്ങളെ വിശദീകരിക്കവേ, തിരുനബി[സ]യുടെ ഒരു ഹദീസിനെ ഉദ്ധരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്[അ] പറയുന്നു:

ഈ സൂക്തം അവതരിച്ച സമയത്ത് തിരുനബി[സ] തന്റെ കൈ ഹദ്റത്ത് സൽമാൻ ഫാരിസി[റ] യുടെ ചുമലിൽ വെച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞതായി സ്വഹീഹായ ഹദീസിലുണ്ട്: വിശ്വാസം (ഈമാൻ) സുറയ്യ നക്ഷത്രത്തോളം ഉയർന്നുപോയാലും പേർഷ്യക്കാരനായ ഒരാൾ അത് തിരികെ കൊണ്ടുവരും. (ബുഖാരി). ഇത് എന്നെ സംബന്ധിച്ചുള്ള പ്രവചനമായിരുന്നു. അല്ലാഹു ബറാഹീനെ അഹ്മദിയ്യയിൽ ഈ പ്രവചനത്തെ സത്യപ്പെടുത്തുകയും ഇതേ ഹദീസ് എനിക്ക് വഹിയായി നൽകുകയും ചെയ്തു. വഹ്‌യ് പ്രകാരം എനിക്ക് മുമ്പ് ഇതിന് മറ്റൊരു അവകാശിയുണ്ടായിരുന്നില്ല, അല്ലാഹുവിന്റെ വഹ്‌യ് എന്നെത്തന്നെയാണ് ഇതിനായി നിശ്ചയിച്ചിരിക്കുന്നത്. അൽഹംദുലില്ലാഹ്. *(ഹഖീഖത്തുൽ വഹ്‌യ്, പേജ് 391, അടിക്കുറിപ്പ്)*

തുടർന്ന് പറയുന്നു:

'റജുൽ ഫാരിസും'(പേർഷ്യക്കാരനായ വ്യക്തിയും) മസീഹ് മൗഊദും ഒരാൾ തന്നെയാണ്. വിശുദ്ധ ഖുർആനിലെ **വാ ആഖരീന മിൻഹും ലമ്മാ യൽഹഖൂ ബിഹിം** എന്ന സൂക്തം ഇതിലേക്കാണ് വിരൽ ചൂണ്ടുന്നത്. അതായത് തിരുനബി[സ]യുടെ അനുചരന്മാരിൽ ഇതുവരെ വെളിപ്പെടാത്ത ഒരു വിഭാഗം കൂടിയുണ്ടെന്നർത്ഥം. ഒരു നബിയുടെ കാലഘട്ടത്തിൽ ജീവിക്കുകയും ഈമാനുള്ള അവസ്ഥയിൽ തിരുനബി[സ]യുടെ സാമീപ്യം സിദ്ധിക്കുകയും നബി[സ]ൽ നിന്ന് വിദ്യാഭ്യാസവും സംസ്കരണവും നേടുകയും ചെയ്യുന്നവരെയാണല്ലോ സ്വഹാബികൾ എന്ന് വിളിക്കുന്നത്. അതിനാൽ, വരാനിരിക്കുന്ന ആ ജനതയിൽ ഒരു നബി ഉണ്ടാകുമെന്നും അദ്ദേഹം തിരുനബി[സ]യുടെ പ്രതിരൂപം (ബറൂസ്) ആയിരിക്കുമെന്നും ഇതിലൂടെ തെളിയുന്നു. അതുകൊണ്ടാണ് അദ്ദേഹത്തിന്റെ അനുചരന്മാരെ തിരുനബി[സ]യുടെ സ്വഹാബികൾ എന്ന് വിളിക്കുന്നത്. സ്വഹാബത്ത്[റ] തങ്ങളുടെ രീതിയിൽ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ മതസേവനങ്ങൾ അർപ്പിച്ചത് പോലെ, ഇവരും തങ്ങളുടെ രീതിയിൽ സേവനങ്ങൾ അർപ്പിക്കും. ഏതായാലും ഈ സൂക്തം ആധുനിക കാലത്ത് ഒരു നബി വെളിപ്പെടുന്നതിനെ സംബന്ധിച്ചുള്ള പ്രവചനമാണ്. അല്ലാത്തപക്ഷം, തിരുനബി[സ]ക്ക് ശേഷം ജനിക്കുകയും അവിടുത്തെ നേരിൽ കാണാതിരിക്കുകയും ചെയ്യുന്നവരെ അസ്ഹാബു റസൂലുല്ലാഹ് എന്ന് പറയാൻ മറ്റൊരു കാരണവുമില്ല. മേൽപ്പറഞ്ഞ സൂക്തത്തിൽ വാ ആഖരീന മിനൽ ഉമ്മ: എന്നല്ല, മറിച്ച് **വാ ആഖരീന മിൻഹും** എന്നാണ് അല്ലാഹു പറഞ്ഞിരിക്കുന്നത്. മിൻഹും എന്നതിലെ സർവ്വനാമം സ്വഹാബത്ത്[റ] എന്നതിലേക്കാണ് സൂചിപ്പിക്കുന്നതെന്ന് ഏവർക്കും അറിയാം. അതിനാൽ, തിരുനബി[സ]യുടെ പ്രതിരൂപമായ ഒരു റസൂൽ ഉള്ള ആ വിഭാഗത്തെ മാത്രമേ മിൻഹും എന്നതിൽ ഉൾപ്പെടുത്താൻ സാധിക്കൂ. *(അനുബന്ധം ഹഖീഖത്തുൽ വഹ്‌യ്)*

പ്രിയ സദസ്യരേ! ഹദ്റത്ത് മസീഹ് മൗഊദ്[അ] വിശുദ്ധ ഖുർആനിലെ സൂക്തത്തെ സ്വഹീഹ് ബുഖാരിയുടെ വെളിച്ചത്തിൽ വിശദീകരിച്ചതുപോലെ, അവിടുന്ന് തിരുനബി[സ]യുടെ പരിപൂർണ്ണ നിഴലും (ളില്ലി നബി) ആകുന്നു. ഹദ്റത്ത് മസീഹ് മൗഊദ്[അ] മാത്രമല്ല, ഉമ്മത്തിലെ മുൻകാല മഹത്തുക്കളും മസീഹ് മൗഊദിന്റെ പദവിയെക്കുറിച്ച് ഇത്തരം പ്രവചനങ്ങൾ നടത്തിയിട്ടുണ്ട്. ഹദ്റത്ത് ശാ വലിയുല്ലാഹ് മുഹദ്ദിസ് ദഹ്‌ലവി[റഹ്] ഇപ്രകാരം പറയുന്നു:

**ഏറ്റവും ശ്രേഷ്ഠനായ പ്രവാചകന്റെ പദവി എത്രത്തോളമെന്നാൽ, അദ്ദേഹത്തിന് മറ്റൊരു വിധത്തിലുള്ള നിയോഗം കൂടിയുണ്ട്. ഇരുട്ടിൽ നിന്ന് ജനങ്ങളെ വെളിച്ചത്തിലേക്ക് നയിക്കാനുള്ള കാരണമായി അല്ലാഹു അദ്ദേഹത്തെ നിശ്ചയിച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ ഉമ്മത്ത് ജനങ്ങൾക്കായി നിയോഗിക്കപ്പെട്ട ഉത്തമ സമുദായമായിരിക്കും. അതിനാൽ അദ്ദേഹത്തിന്റെ നിയോഗത്തിൽ രണ്ടാമതൊരു നിയോഗം കൂടി ഉൾപ്പെട്ടിരിക്കുന്നു.** *(ഹുജ്ജത്തുല്ലാഹിൽ ബാലിഗ, ഒന്നാം ഭാഗം, പേജ് 83)*

വരാനിരിക്കുന്ന ഇമാം മഹ്ദിയുടെയും ഹദ്റത്ത് മസീഹ് മൗഊദ്[അ] പദവിയെക്കുറിച്ച് വിവരിക്കവേ ഹദ്റത്ത് ഷാ വലിയുള്ളാ മുഹദ്ദിസ് ദഹ്‌ലവി[റഹ്] തന്റെ അൽഖൈറുൽ കസീർ എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം പറയുന്നു:

حَقٌّ لَهُ أَنْ يَنْعَكِسَ فِيهِ أَنْوَارُ سَيِّدِ الْمُرْسَلِينَ صَلَّى اللَّهُ عَلَيْهِ وَسَلَّمَ وَيَزْعَمُ الْعَامَّةُ أَنَّهُ إِذَا نَزَلَ إِلَى الْأَرْضِ كَانَ وَاحِدًا مِنَ الْأُمَّةِ كَلَّا بَلْ هُوَ شَرْحٌ لِلاسْمِ الْجَامِعِ الْمُحَمَّدِيِّ وَنُسْخَةٌ مُنْتَسِخَةٌ مِنْهُ فَشَتَّانَ بَيْنَهُ وَبَيْنَ أَحَدٍ مِنَ الْأُمَّةِ

സയ്യിദുൽ മുർസലീൻ തിരുനബി[സ]യുടെ പ്രകാശത്തിന്റെ പ്രതിഫലനം അദ്ദേഹത്തിൽ ഉണ്ടാകുക എന്നത് അദ്ദേഹത്തിന്റെ അവകാശമാണ്. അദ്ദേഹം ഭൂമിയിലേക്ക് ഇറങ്ങിവരുമ്പോൾ കേവലം ഒരു ഉമ്മത്തി മാത്രമായിരിക്കുമെന്ന് സാധാരണക്കാർ കരുതുന്നു. ഒരിക്കലുമല്ല! മറിച്ച് അദ്ദേഹം മുഹമ്മദീയ നാമത്തിന്റെ) പൂർണ്ണമായ വിശദീകരണവും അതിന്റെ ഒരു തനി പകർപ്പും (True copy) ആയിരിക്കും. അതിനാൽ അദ്ദേഹവും ഒരു സാധാരണ ഉമ്മത്തിയും തമ്മിൽ വലിയ അന്തരമുണ്ട്. *(അൽഖൈറുൽ കസീർ, പേജ് 72)*

ഹദ്റത്ത് ഇമാം അബ്ദുർ റസാഖ് കാശാനി[റഹ്] പറയുന്നു:

الْمَهْدِيُّ الَّذِي يَجِيءُ فِي آخِرِ الزَّمَانِ فَإِنَّهُ يَكُونَ فِي الْأَحْكَامِ الشَّرْعِيَّةِ تَابِعًا لِمُحَمَّدٍ صَلَّى اللَّهُ عَلَيْهِ وَسَلَّمَ وَفِي الْمَعَارِفِ وَالْعُلُومِ وَالْحَقِيقَةِ تَكُونُ جَمِيعُ الْأَنْبِيَاءِ وَالْأَوْلِيَاءِ تَابِعِينَ لَهُ كُلُّهُمْ أَنَّ بَاطِنَهُ بَاطِنُ مُحَمَّدٍ صَلَّى اللَّهُ عَلَيْهِ وَسَلَّمَ

അന്ത്യകാലത്ത് വരുന്ന മഹ്ദി ശരീഅത്തിന്റെ നിയമങ്ങളിൽ മുഹമ്മദ് മുസ്തഫ തിരുനബി[സ]യെ അനുഗമിക്കുന്നവനായിരിക്കും. എന്നാൽ അറിവിലും ദിവ്യജ്ഞാനങ്ങളിലും (علوم و معارف) തിരുനബി[സ] ഒഴികെയുള്ള മറ്റെല്ലാ നബിമാരും ഔലിയാക്കളും ആ മഹ്ദിയെ അനുഗമിക്കുന്നവരായിരിക്കും. കാരണം മഹ്ദിയുടെ ആന്തരികം

മുഹമ്മദ് മുസ്തഫ തിരുനബി(സ)യുടെ ആന്തരികം തന്നെയാണ്. *(ശറഹ് ഫുസൂസുൽ ഹികം)*

ചുരുക്കത്തിൽ, വരാനിരിക്കുന്ന ഇമാം മഹ്ദിയുടെയും ഹദ്റത്ത് മസീഹ് മൗഊദ്(അ) യഥാർത്ഥ പദവി എന്തെന്നാൽ അദ്ദേഹം തിരുനബി(സ)യുടെ പൂർണ്ണമായ പ്രതിരൂപം (ബറൂസ്) ആകുന്നു. മുൻകാല പ്രവാചകന്മാരുടെയും ലോക നായകനുമായ മുഹമ്മദ് മുസ്തഫ തിരുനബി(സ)യുടെയും പ്രവചനങ്ങൾക്കനുസൃതമായി, ഈ പൂർണ്ണ പ്രതിരൂപം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്തയിൽ വെളിപ്പെട്ടിരിക്കുന്നു.

പരിശുദ്ധനായ അല്ലാഹുവിൽ നിന്നുള്ള വെളിപാടുകൾ ഉദ്ധരിച്ചുകൊണ്ട് ആ മഹാത്മാവ് ഇപ്രകാരം പ്രഖ്യാപിച്ചു:

അവൻ (അല്ലാഹു) എന്നെ അയച്ചിരിക്കുന്നു. ഈസാ നബി(അ) വഫാത്തായിക്കഴിഞ്ഞു എന്ന് തന്റെ പ്രത്യേക ഇൽഹാമിലൂടെ എനിക്ക് വെളിപ്പെടുത്തിത്തന്നു. ആ ഇൽഹാം ഇപ്രകാരമാണ്: 'അല്ലാഹുവിന്റെ റസൂലായ മർയമിന്റെ മകൻ മസീഹ് വഫാത്തായിക്കഴിഞ്ഞു. വാഗ്ദാനപ്രകാരം അദ്ദേഹത്തിന്റെ സ്വഭാവ വിശേഷങ്ങളോടെ നീ വന്നിരിക്കുന്നു.'

وَكَانَ وَعْدُ اللّٰهِ مَفْعُولًا أَنْتَ مَعِي وَأَنْتَ عَلَى الْحَقِّ الْمُبِينِ وَأَنْتَ مُعِينٌ وَمُصِيبٌ لِلْحَقِّ

(അല്ലാഹുവിന്റെ വാഗ്ദാനം നിറവേറപ്പെട്ടിരിക്കുന്നു. നീ എന്നോടൊപ്പമാണ്, നീ വ്യക്തമായ സത്യത്തിലുമാണ്. നീ സഹായിയും ശരിയായ പാതയിലുമാണ്). *(ഇസാലെ ഔഹാം, പേജ് 302)*

അദ്ദേഹം വീണ്ടും പറയുന്നു:

ഈ ഉമ്മത്തിന് വേണ്ടി തുടക്കം മുതൽ വാഗ്ദാനം ചെയ്യപ്പെട്ടിരുന്ന മസീഹും, ഇസ്‌ലാമിന്റെ തളർച്ചയുടെയും മാർഗ ഭ്രംശത്തിന്റെയും കാലത്ത് നേരിട്ട് അല്ലാഹുവിൽ നിന്ന് മാർഗ്ഗദർശനം ലഭിക്കുന്നവനും, ഈ ആകാശീയ വിഭവം (ആത്മീയ ജ്ഞാനം) പുതുതായി മനുഷ്യർക്ക് മുന്നിൽ സമർപ്പിക്കുന്നവനുമായി ദൈവിക വിധിയിൽ നിശ്ചയിക്കപ്പെട്ട ആ അവസാനത്തെ മഹ്ദിയും ഞാൻ തന്നെയാണെന്ന് ദൈവിക വഹിയിലൂടെ എനിക്ക് വ്യക്തമായി വെളിപ്പെടുത്തിത്തന്നിരിക്കുന്നു. ആയിരത്തി മുന്നൂറ് വർഷങ്ങൾക്ക് മുമ്പ് തിരുനബി(സ) സന്തോഷവാർത്ത അറിയിച്ച ആ വ്യക്തി ഞാൻ തന്നെയാണ്. സംശയത്തിന് ഇടയില്ലാത്ത വിധം അത്രത്തോളം വ്യക്തമായും തുടർച്ചയായുമാണ് ഇക്കാര്യത്തിൽ അല്ലാഹുവുമായുള്ള സംഭാഷണങ്ങൾ (മുകാലമ മുഖാത്വബ) ഉണ്ടായത്. ലഭിക്കുന്ന ഓരോ വഹ്‌യും ഒരു ഇരുമ്പാണി പോലെ എന്റെ ഹൃദയത്തിൽ പതിക്കുമായിരുന്നു. ഈ ദൈവിക സംഭാഷണങ്ങളെല്ലാം മഹത്തായ പ്രവചനങ്ങളാൽ നിറഞ്ഞതായിരുന്നു. അവ സൂര്യപ്രകാശം പോലെ സത്യമായി പുലരുകയും ചെയ്തു. അവയുടെ ആവർത്തനവും ബാഹുല്യവും അത്ഭുതകരമായ ശക്തികളുടെ പ്രകടനങ്ങളും, ഇത് വിശുദ്ധ ഖുർആൻ ആരുടെ വചനമാണോ ആ ഏകനായ അല്ലാഹുവിന്റെ തന്നെ വചനമാണെന്ന് ഏറ്റുപറയാൻ എന്നെ നിർബന്ധിതനാക്കി. (തദ്കിറത്തുശ്ശഹാദത്തൈൻ, പേജ് 1, 2, 22)

പ്രിയ ശ്രോതാക്കളേ! ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ, **വ ആഖരീന മിൻഹും ലമ്മാ യൽഹഖൂ ബിഹിം** എന്ന സൂക്തമനുസരിച്ച് അവിടുന്ന് തിരുനബി(സ)യുടെ പൂർണ്ണ പ്രതിരൂപം ആയതിനാൽ, അവിടുത്തെ കാലഘട്ടത്തിൽ തിരുനബി(സ)യുടെ മുഅ്ജിസത്തുകൾ (അത്ഭുതങ്ങൾ) മഴ പോലെ വർഷിക്കുന്നതാണ്. അപ്രകാരം അവിടുത്തെ കാലത്ത് തിരുനബി(സ)യുടെ അനുഗൃഹീത മുഅ്ജിസത്തുകൾ മഴ പോലെ വർഷിച്ചു എന്നതും ഒരു യാഥാർത്ഥ്യമാണ്. ഇത് അദ്ദേഹത്തിന്റെ സത്യസന്ധതയ്ക്കുള്ള മഹത്തായ തെളിവുമാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

ഈ സൂക്തത്തിന്റെ അർത്ഥം, പൂർണ്ണമായ മാർഗ്ഗഭ്രംശത്തിന് ശേഷം ഹിദായത്തും (മാർഗ്ഗദർശനം) ഹിക്മത്തും (ജ്ഞാനം) ലഭിക്കുന്നവരും തിരുനബി(സ)യുടെ മുഅ്ജിസത്തുകൾക്കും ബറക്കത്തുകൾക്കും സാക്ഷ്യം വഹിക്കുന്നവരും രണ്ട് വിഭാഗങ്ങൾ മാത്രമാണെന്നാണ്. ഒന്നാമത്തേത് തിരുനബി(സ)യുടെ സ്വഹാബികളാണ്; തിരുനബി(സ)യുടെ നിയോഗത്തിന് മുമ്പ് അവർ കഠിനമായ അന്ധകാരത്തിലായിരുന്നു, പിന്നീട് അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവർ പ്രവാചകത്വം ലഭിച്ച കാലഘട്ടം കണ്ടെത്തുകയും മുഅ്ജിസത്തുകൾ സ്വന്തം കണ്ണുകൊണ്ട് കാണുകയും പ്രവചനങ്ങൾക്ക് സാക്ഷ്യം വഹിക്കുകയും ചെയ്തു. ആ ദൃഢവിശ്വാസം അവരിൽ ഒരു മാറ്റം ഉണ്ടാക്കി, അവർ ഒരു ആത്മാവായി മാറി.

രണ്ടാമത്തെ വിഭാഗം, മേൽപ്പറഞ്ഞ സൂക്തമനുസരിച്ച് സ്വഹാബികളെപ്പോലെയുള്ള മസീഹ് മൗഊദിന്റെ ജമാഅത്താണ്. കാരണം ഈ വിഭാഗവും സ്വഹാബികളെപ്പോലെ തിരുനബി(സ)യുടെ മുഅ്ജിസത്തുകൾ കാണുന്നവരും അന്ധകാരത്തിനും വഴികേടിനും ശേഷം ഹിദായത്ത് ലഭിക്കുന്നവരുമാണ്. **വ ആഖരീന മിൻഹും** എന്ന സൂക്തത്തിൽ ഈ വിഭാഗത്തിന് മിൻഹും എന്ന സമ്പത്ത് നൽകപ്പെട്ടത്, അതായത് സ്വഹാബികളോട് സാദൃശ്യമുള്ളവരാകാനുള്ള അനുഗ്രഹം ലഭിച്ചത് ഒരു സൂചനയാണ്. അതായത്, സ്വഹാബത്ത് തിരുനബി(സ)യുടെ മുഅ്ജിസത്തുകൾ കാണുകയും പ്രവചനങ്ങൾ ദർശിക്കുകയും ചെയ്തതുപോലെ ഇവരും ദർശിക്കും. എന്നാൽ മധ്യകാലഘട്ടത്തിലുള്ളവർക്ക് ഈ അനുഗ്രഹം പൂർണ്ണമായ തോതിൽ ലഭിക്കുകയില്ല.

അപ്രകാരം തന്നെ ഇന്ന് സംഭവിച്ചു; 1300 വർഷങ്ങൾക്ക് ശേഷം തിരുനബി(സ)യുടെ മുഅ്ജിസത്തുകളുടെ വാതിൽ വീണ്ടും തുറക്കപ്പെട്ടു. ദാറഖുത്നിയിലെ ഹദീസിനും ഇബ്നു ഹജറിന്റെ ഫത്‌വയ്ക്കും അനുസൃതമായി റമദാൻ മാസത്തിൽ ചന്ദ്രഗ്രഹണവും സൂര്യഗ്രഹണവും നടന്നത് ജനങ്ങൾ തങ്ങളുടെ കണ്ണുകൾ കൊണ്ട് കണ്ടു. ഹദീസിലെ പരാമർശമനുസരിച്ച് ചന്ദ്രഗ്രഹണം അതിന്റെ രാത്രികളിൽ ആദ്യത്തെ രാത്രിയിലും, സൂര്യഗ്രഹണം അതിന്റെ ദിവസങ്ങളിൽ മധ്യത്തെ ദിവസത്തിലും സംഭവിച്ചു. മഹ്ദിയാണെന്ന് വാദിക്കുന്ന ആൾ നിലവിലുള്ള സമയത്താണ് ഇത് നടന്നത്. ഭൂമിയും ആകാശവും സൃഷ്ടിക്കപ്പെട്ടത് മുതൽ ഇന്നുവരെ ഇത്തരമൊരു സംഭവം ഉണ്ടായിട്ടില്ല, ചരിത്രത്തിന്റെ താളുകളിൽ ഇതിനൊരു ഉദാഹരണം ആർക്കും ചൂണ്ടിക്കാണിക്കാൻ കഴിയില്ല. അതിനാൽ ഇത് തിരുനബി(സ)യുടെ ഒരു മുഅ്ജിസത്തായിരുന്നു, ജനങ്ങൾ അത് നേരിൽ കണ്ടു.

പിന്നീട് മസീഹ് മൗഊദിന്റെയും മഹ്ദിയുടെയും കാലത്ത് ഉദിക്കുമെന്ന് പറഞ്ഞിരുന്ന **ദുസ്സനീൻ** നക്ഷത്രം (വാൽ നക്ഷത്രം) ഉദിക്കുന്നത് ആയിരക്കണക്കിന് ആളുകൾ കണ്ടു. അതുപോലെ ജാവയിലെ അഗ്നിപർവ്വത സ്ഫോടനം ലക്ഷക്കണക്കിന് ആളുകൾ ദർശിച്ചു. പ്ലേഗ് രോഗം പടരുന്നതും ഹജ്ജ് തടസ്സപ്പെടുന്നതും എല്ലാവരും നേരിട്ട് കണ്ടു. രാജ്യത്ത് റെയിൽവേ തയ്യാറായതും ഒട്ടകങ്ങൾ ഉപയോഗശൂന്യമായതും എല്ലാം തിരുനബി(സ)യുടെ മുഅ്ജിസത്തുകളായിരുന്നു, സ്വഹാബത്ത്(റ) മുഅ്ജിസത്തുകൾ കണ്ടതുപോലെ ഈ കാലഘട്ടത്തിലും അവ ദർശിക്കപ്പെട്ടു.

അതുകൊണ്ടാണ് അല്ലാഹു ഈ അവസാന വിഭാഗത്തെ 'മിൻഹും' എന്ന വാക്ക് കൊണ്ട് വിശേഷിപ്പിച്ചത്, മുഅ്ജിസത്തുകൾ ദർശിക്കുന്ന കാര്യത്തിൽ അവരും സ്വഹാബികളുടെ നിറത്തിലാണെന്ന് സൂചിപ്പിക്കാനാണത്. ആലോചിച്ചു നോക്കൂ, ഈ 1300 വർഷത്തിനിടയിൽ പ്രവാചകത്വത്തിന്റെ മാതൃകയിലുള്ള (മിൻഹാജുന്നിബുവ്വ) ഇത്തരമൊരു കാലഘട്ടം മറ്റാർക്കാണ് ലഭിച്ചത്?

ഞങ്ങളുടെ ഈ ജമാഅത്ത് സൃഷ്ടിക്കപ്പെട്ട കാലഘട്ടത്തിൽ പല കാരണങ്ങളാൽ ഈ ജമാഅത്തിന് സ്വഹാബത്ത്(റ)വിനോട് സാദൃശ്യമുണ്ട്. സ്വഹാബികൾ കണ്ടതുപോലെ ഇവരും മുഅ്ജിസത്തുകളും അടയാളങ്ങളും കാണുന്നു. സ്വഹാബികൾക്ക് ലഭിച്ചതുപോലെ അല്ലാഹുവിന്റെ അടയാളങ്ങളിൽ നിന്നും പുതിയ പുത്തൻ സഹായങ്ങളിൽ നിന്നും ഇവർ പ്രകാശവും ദൃഢവിശ്വാസവും നേടുന്നു. സ്വഹാബികൾ അനുഭവിച്ചതുപോലെ ഇവരും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ജനങ്ങളുടെ പരിഹാസവും ആക്ഷേപങ്ങളും പലവിധത്തിലുള്ള മനോവിഷമങ്ങളും ചീത്തവിളികളും കുടുംബബന്ധം വിച്ഛേദിക്കുന്നതും സഹിക്കുന്നു. സ്വഹാബികൾ നേടിയതുപോലെ ഇവർ അല്ലാഹുവിന്റെ വ്യക്തമായ അടയാളങ്ങളിലൂടെയും ആകാശീയ സഹായങ്ങളിലൂടെയും ജ്ഞാനപരമായ പ്രബോധനങ്ങളിലൂടെയും പരിശുദ്ധമായ ജീവിതം നേടിയെടുക്കുന്നു. അവരിൽ പലരും സ്വഹാബത്ത്(റ) കരഞ്ഞിരുന്നതുപോലെ നമസ്കാരത്തിൽ കരയുകയും തങ്ങളുടെ സുജൂദ് ചെയ്യുന്ന ഇടം കണ്ണുനീർ കൊണ്ട് നനയ്ക്കുകയും ചെയ്യുന്നു,. അവരിൽ പലർക്കും സ്വഹാബത്ത്(റ) ആദരിക്കപ്പെട്ടതുപോലെ സത്യസന്ധമായ സ്വപ്നങ്ങൾ വരികയും ദൈവിക വെളിപാടുകളാൽ (ഇൽഹാം) ആദരിക്കപ്പെടുകയും ചെയ്യുന്നു. അവരിൽ പലരും സ്വഹാബത്ത്(റ) ചെലവ് ചെയ്തതുപോലെ തങ്ങൾ കഷ്ടപ്പെട്ട് സമ്പാദിച്ച ധനം അല്ലാഹുവിന്റെ പ്രീതിക്കായി മാത്രം ഞങ്ങളുടെ ഈ പ്രസ്ഥാനത്തിനു വേണ്ടി ചെലവ് ചെയ്യുന്നു. മരണത്തെ എപ്പോഴും ഓർക്കുന്നവരും ഹൃദയത്തിൽ അലിവുള്ളവരും സത്യസന്ധമാ

യ തഖ്‌വയിൽ (ദൈവഭക്തി) നിലകൊള്ളുന്നവരുമായ അനേകം പേരെ അവരിൽ കാണാം, സ്വഹാബത്ത്(റ) വിന്റെ സ്വഭാവം അതായിരുന്നു.

സ്വഹാബികളെ ആകർഷിച്ചതുപോലെ അല്ലാഹു നേരിട്ട് സംരക്ഷിക്കുകയും നാൾക്കുനാൾ അവരുടെ ഹൃദയങ്ങളെ ശുദ്ധീകരിക്കുകയും അവരുടെ നെഞ്ചകങ്ങളെ ഈമാനിക ജ്ഞാനത്താൽ നിറയ്ക്കുകയും ആകാശീയ അടയാളങ്ങളിലൂടെ അവരെ തന്നിലേക്ക് ആകർഷിക്കുകയും ചെയ്യുന്ന അല്ലാഹുവിന്റെ ഒരു വിഭാഗമാണത്. ചുരുക്കത്തിൽ, ആഖരീന മിൻഹും എന്ന വാക്ക് കൊണ്ട് അർത്ഥമാക്കുന്ന എല്ലാ അടയാളങ്ങളും ഈ ജമാഅത്തിൽ കാണപ്പെടുന്നു. അല്ലാഹുവിന്റെ വചനം ഒരു ദിവസം പൂർത്തിയാകുക എന്നതും അനിവാര്യമായിരുന്നു. *(അയ്യാമുസ്സുൽഹ്/തഫ്സീർ ഹദ്റത്ത് മസീഹ് മൗഊദ്(അ), തഫ്സീർ സുറത്തുൽ ജുമുഅ, പേജ് 128,129)*

തിരുനബി(സ)യുടെ ബറൂസ് കാമിൽ (പൂർണ്ണ പ്രതിബിംബം) എന്നതിന്റെ അർത്ഥം വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: **അഖരീന മിൻഹും ലമ്മാ യൽഹഖൂ ബിഹിം** എന്ന ആയത്തിന്റെ താത്പര്യം എന്തെന്നാൽ സ്വഹാബികളെക്കൂടാതെ വേറയും നമ്മുടെ നിഷ്കളങ്കരും പരിപൂർണ്ണരുമായ ദാസന്മാർ ഉണ്ട്. അവരുടെ ഒരു വലിയ വിഭാഗം അവസാന കാലഘട്ടത്തിൽ പ്രത്യക്ഷപ്പെടും. തിരുനബി(സ) എങ്ങനെയാണോ സ്വഹാബികളെ(റ) വളർത്തിയെടുത്തത്, അതുപോലെതന്നെ തിരുനബി(സ) ഈ വിഭാഗത്തെയും ആത്മീയമായി വളർത്തും. അതായത്, ബാഹ്യമായ ഉപദേശ നിർദ്ദേശങ്ങളുടെയും പഠനങ്ങളുടെയും ശൃംഖല മുറിഞ്ഞുപോവുകയും, ഇസ്ലാം മതം അനേകം തെറ്റായ വിശ്വാസങ്ങളാലും ബിദ്അത്തുകളാലും നിറയുകയും, പണ്ഡിതന്മാരുടെ ഹൃദയങ്ങളിൽ നിന്ന് പോലും ആത്മീയ പ്രകാശം നഷ്ടപ്പെടുകയും ചെയ്യുന്ന ഒരു കാലത്തായിരിക്കും അവർ വരുന്നത്. അപ്പോൾ അല്ലാഹു തആല ഒരു പുണ്യാത്മാവിനെ ബാഹ്യമായ മാർഗ്ഗങ്ങളുടെയോ രീതികളുടെയോ സഹായമില്ലാതെ, കേവലം തിരുനബി(സ)യുടെ ആത്മീയ ശിക്ഷണത്തിലൂടെ ആത്മീയ ഔന്നത്യത്തിലേക്ക് എത്തിക്കുകയും അവരിലൂടെ ഒരു വലിയ വിഭാഗത്തെ ഉണ്ടാക്കിയെടുക്കുകയും ചെയ്യും. ആ വിഭാഗം സ്വഹാബികളോട് വളരെയധികം സാദൃശ്യമുള്ളവരായിരിക്കും. കാരണം അവർ പൂർണ്ണമായും തിരുനബി(സ)യുടെ തന്നെ( ذراعت ) കൃഷിയായിരിക്കും, തിരുനബി(സ)യുടെ അനുഗ്രഹങ്ങൾ അവരിൽ സദാ പ്രവഹിച്ചുകൊണ്ടിരിക്കും.' *(ആയീനയെ കമാലാത്തെ ഇസ്‌ലാം, തഫ്സീർ ഹദ്റത്ത് മസീഹ് മൗഊദ്(അ), സൂറത്തുൽ ജുമുഅ).*

മാന്യ ശ്രോതാക്കളെ! ഇമാം മഹ്ദിയുടെയും മസീഹ് മൗഊദിന്റെയും ഉന്നതമായ പദവി എന്തെന്നാൽ, കഠിനമായ പ്രതിസന്ധികൾക്കും എതിർപ്പുകൾക്കും ഇടയിലും തിരുനബി(സ) ഇമാം മഹ്ദിയെ കുറിച്ച് പറഞ്ഞിട്ടുള്ളത്. അദ്ദേഹത്തിന് തന്റെ സലാം എത്തിക്കണമെന്നും അദ്ദേഹത്തിന്റെ ബൈഅത്ത് സ്വീകരിക്കണമെന്നുമാണ്.

തിരുനബി(സ) പറയുന്നു:

اَلَا اِنَّ عِیسَی بْنَ مَرْیَمَ لَیْسَ بَیْنِی وَبَیْنَهُ نَبِیٌّ وَلَا رَسُولٌ اَنَّهُ خَلِیفَتِی فِی اُمَّتِی مِنْ بَعْدِی، اَلَا اِنَّهُ یَقْتُلُ الدَّجَّالَ وَیَکْسِرُ الصلیب وَیَضَعُ الْجِزْیَةَ، وَتَضَعُ الْحَرْبُ اَوْزَارَهَا اَلَا مَنْ اَدْرَکَهُ فَلْیَقْرَأْ علیه السلام

(طبرانی الاوسط والصغیر بحوالہ حدیقۃ الصالحین حدیث نمبر 954)

*(ശ്രദ്ധിച്ചു കേൾക്കുവിൻ! മസീഹ് മൗഊദിനും എനിക്കുമിടയിൽ മറ്റൊരു നബിയോ റസൂലോ ഉണ്ടാവില്ല. അദ്ദേഹം എനിക്ക് ശേഷം എന്റെ ഉമ്മത്തിൽ എന്റെ ഖലീഫയായിരിക്കും. ആത്മീയമായ അർത്ഥത്തിൽ അദ്ദേഹം ദജ്ജാലിനെ വധിക്കുകയും കുരിശ് എന്ന സങ്കൽപ്പത്തെ തകർക്കുകയും ചെയ്യും. ജിസിയ ഒഴിവാക്കും, അതായത് മതയുദ്ധങ്ങൾ അവസാനിക്കും. ശ്രദ്ധിക്കുക, അദ്ദേഹത്തെ കണ്ടുമുട്ടുന്നവർ അദ്ദേഹത്തിന് എന്റെ സലാം എത്തിക്കുക.)*

അതുപോലെതന്നെ സാഹചര്യങ്ങൾ എത്ര കഠിനമായാലും ഇമാം മഹ്ദിയുടെ അടുത്ത് ചെല്ലണമെന്നും അദ്ദേഹത്തിന് ബൈഅത്ത് ചെയ്യണമെന്നും തിരുനബി(സ) മുസ്‌ലീങ്ങളോട് കൽപ്പിച്ചിട്ടുണ്ട്.

فَاِذَا رَاَیْتُمُوْهُ فَبَایِعُوْهُ وَلَوْ حَبْوًا عَلَى الثَّلْجِ فَاِنَّهُ خَلِیْفَةُ اللّٰهِ الْمَهْدِیُّ

*അതുകൊണ്ട് നിങ്ങൾ അദ്ദേഹത്തെ കാണുമ്പോൾ, മഞ്ഞിലൂടെ മുട്ടുകുത്തി ഇഴഞ്ഞാണെങ്കിലും ശരി അദ്ദേഹത്തിന് ബൈഅത്ത് (അനുസരണ പ്രതിജ്ഞ) ചെയ്യുക. നിശ്ചയമായും അദ്ദേഹം അല്ലാഹുവിന്റെ ഖലീഫയായ മഹ്ദിയാകുന്നു. (അബു ദാവൂദ്)*

അതായത് അല്ലയോ ജനങ്ങളേ, നിങ്ങൾക്ക് അദ്ദേഹത്തെക്കുറിച്ച് അറിവ് ലഭിച്ചാൽ, മഞ്ഞിലൂടെ മുട്ടുകുത്തി ഇഴഞ്ഞിട്ടായാലും ശരി അദ്ദേഹത്തിന് ബൈഅത്ത് ചെയ്യുക. എത്രതന്നെ പ്രയാസകരവും എതിർപ്പുകൾ നിറഞ്ഞതുമായ സാഹചര്യമാണെങ്കിലും അദ്ദേഹത്തെ അനുസരിക്കുക. കാരണം ആ മഹ്ദി അല്ലാഹുവിന്റെ ഖലീഫയാണ്.

തിരുനബി(സ)യുടെ മേൽപറഞ്ഞ വചനങ്ങളിൽ നിന്ന് ഇമാം മഹ്ദിയുടെ ഉന്നതമായ സ്ഥാനത്തെക്കുറിച്ച് നമുക്ക് മനസ്സിലാക്കാം. അദ്ദേഹം അസത്യത്തിന്റെ ശക്തികളെ വേരോടെ പിഴുതെറിയുകയും, ക്രൈസ്തവ വിശ്വാസങ്ങളുടെ പൊള്ളത്തരങ്ങൾ വെളിപ്പെടുത്തുകയും, ലോകത്ത് മതപരമായ യുദ്ധങ്ങൾ അവസാനിപ്പിച്ച് സമാധാനം സ്ഥാപിക്കുകയും ചെയ്യും. അദ്ദേഹത്തിന് ബൈഅത്ത് ചെയ്യേണ്ടതും തിരുനബി(സ)യുടെ സലാം അദ്ദേഹത്തിന് എത്തിച്ചു കൊടുക്കേണ്ടതും അനിവാര്യമാണ്. അദ്ദേഹത്തിനും എനിക്കും ഇടയിൽ മറ്റൊരു നബിയോ റസൂലോ ഉണ്ടാവില്ലെന്നും തിരുനബി(സ) പറഞ്ഞിട്ടുണ്ട്, കാരണം അദ്ദേഹം അല്ലാഹുവിന്റെ ഖലീഫയാണ്.

മാന്യ ശ്രോതാക്കളേ! ഹദ്റത്ത് മസീഹ് മൗഊദും മഹ്ദിയുമായ ഹദ്റത്ത് മിർസ ഗുലാം അഹ്മദ്(അ) തന്റെ ആദ്യത്തെ ബൈഅത്ത് സ്വീകരിച്ചത് 1889 മാർച്ച് 23നാണ്. തുടർന്ന് വളർന്നു പന്തലിച്ച ഈ ബൈഅത്ത് ഇന്ന് 125ലധികം വർഷങ്ങൾ കൊണ്ട് ലോകത്തെ ഇരുന്നൂറിലധികം രാജ്യങ്ങളിലേക്ക് വ്യാപിച്ചിരിക്കുന്നു. മുൻപ് അഹ്മദിയ്യ ഖലീഫമാരിലൂടെയും മിഷനറിമാരിലൂടെയും വിവിധ രാജ്യങ്ങളിലും നഗരങ്ങളിലും ഗ്രാമങ്ങളിലും ബൈഅത്ത് നടന്നിരുന്നുവെങ്കിൽ, ഇന്ന് സാറ്റലൈറ്റ് വഴി ലോകമെമ്പാടും ഒരേ സമയം കാലത്തിന്റെ ഖലീഫയുടെ അനുഗൃഹീത കരങ്ങളിൽ ബൈഅത്ത് നടക്കുന്നു. ഇതിനെക്കുറിച്ച് പൂർവ സൂരികളുടെ പ്രവചനങ്ങളും ഉണ്ടായിരുന്നു.

ഹദ്റത്ത് ശാ റഫിഉദ്ദീൻ സാഹിബ് ദഹ്‌ലവി തന്റെ 'ഖിയാമത്ത് നാമ' എന്ന പുസ്തകത്തിന്റെ നാലാം പേജിൽ ഇപ്രകാരം എഴുതുന്നു:

وعلامت ایں قصہ آنست کی پیش ازیں ماہ رمضان کہ گزشتہ باشد در دی دو کسوف شمس و قمر شدہ باشد و در وقت بیعت آوازی از آسمان شود بایں عبارت ھذا خلیفۃ المھدی فاسمعوا لہ واطیعوا ایں آواز خاص و عام آنمکاں بہمہ بشنود

ഈ സംഭവത്തിന്റെ അടയാളം എന്തെന്നാൽ ഇമാം മഹ്ദിയുടെ കാലത്ത് റമദാൻ മാസത്തിൽ സൂര്യഗ്രഹണവും ചന്ദ്രഗ്രഹണവും നടന്നു കഴിഞ്ഞിട്ടുണ്ടാകും. ബൈഅത്ത് സമയത്ത് ആകാശത്തുനിന്ന്

هٰذَا خَلِیْفَةُ اللّٰهِ الْمَهْدِیُّ فَاسْمَعُوْا لَهٗ وَاَطِیْعُوْا

*(ഇതാകുന്നു അല്ലാഹുവിന്റെ ഖലീഫയായ മഹ്ദി, അതുകൊണ്ട് അദ്ദേഹത്തെ നിങ്ങൾ ശ്രവിക്കുകയും അനുസരിക്കുകയും ചെയ്യുക.)* എന്ന വാക്കുകളിൽ ഒരു ശബ്ദം മുഴങ്ങുന്നതാണ്.

അൽഹംദുലില്ലാഹ്, എല്ലാ വർഷവും യുകെ ജൽസ സാലാനയുടെ അവസരത്തിൽ ഈ ആഗോള ബൈഅത്ത് നടക്കുന്നു. 1993ൽ ആരംഭിച്ച ഈ സംഗമം ഇപ്പോൾ 30 വർഷം പിന്നിട്ടിരിക്കുന്നു. ഓരോ വർഷവും പതിനായിരക്കണക്കിന് ആളുകൾ അഹ്മദിയ്യ പ്രസ്ഥാനത്തിൽ ചേർന്നുകൊണ്ടിരിക്കുന്നു. **ഇതാകുന്നു അല്ലാഹുവിന്റെ ഖലീഫയായ മഹ്ദി, അദ്ദേഹത്തെ നിങ്ങൾ ശ്രവിക്കുകയും അനുസരിക്കുകയും ചെയ്യുക** എന്ന വിളംബരം ഓരോ വർഷവും മുഴങ്ങിക്കൊണ്ടിരിക്കുന്നു. ഈ കാലഘട്ടത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) നു ലഭിച്ച മഹത്തായ പദവിയാണിത്. ആ മഹാത്മാവ് പറയുന്നു:

**സത്യാന്വേഷികൾക്ക് യഥാർത്ഥ ഈമാനും ആത്മീയ പരിശുദ്ധിയും അല്ലാഹുവിനോടുള്ള സ്നേഹത്തിന്റെ മാർഗ്ഗവും പഠിപ്പിച്ചു കൊടുക്കുന്നതിനും, മലിനമായ ജീവിതരീതികളും അലസതയും വഞ്ചനയും നിറഞ്ഞ ജീവിതവും വെടിയുന്നതിനുമായി അവർ എന്നോട് ബൈഅത്ത് ചെയ്യാൻ എനിക്ക് കൽപ്പന ലഭിച്ചിരിക്കുന്നു.** *(ഇശ്തിഹാർ 1 ഡിസംബർ 1888, മജ്മൂഅ ഇശ്തിഹാറാത്ത് വാല്യം 1, പേജ് 188).*

മാന്യ ശ്രോതാക്കളെ! വാഗ്ദത്ത ഇമാം മഹ്ദിയെയും മസീഹിദിനെയും കുറിച്ച് തിരുനബി(സ) മുഖേന വിശുദ്ധ ഖുർആനിൽ നൽകിയ മറ്റൊരു പ്രവചനം, അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ ഇസ്ലാമിന് ആഗോളതലത്തിൽ ആത്മീയ വിജയം കൈവരും എന്നതാണ്.

അല്ലാഹു പറയുന്നു:

هُوَ الَّذِیْٓ اَرْسَلَ رَسُوْلَهٗ بِالْهُدٰى وَدِیْنِ الْحَقِّ

لِيُظْهِرَهٗ عَلَى الدِّيْنِ كُلِّهٖ وَلَوْ كَرِهَ الْمُشْرِكُوْنَ

അവൻ തന്നെയാണ് സന്മാർഗ്ഗവും സത്യമതവുമായി തന്റെ ദൂതനെ നിയോഗിച്ചത്. അതിനെ മറ്റെല്ലാ മതങ്ങൾക്കും മീതെ വിജയിപ്പിക്കുന്നതിനു വേണ്ടി. മുശ്‌രിക്കീംകൾ എത്ര വെറുത്താലും ശരി. (അസ്സ്വഫ്: 10)

ഈ ആയത്തിന്റെ വിശദീകരണത്തിൽ മുൻഗാമികളായ പണ്ഡിതന്മാർ പറയുന്നത്, ഇസ്‌ലാമിന് മറ്റ് മതങ്ങൾക്കുമേൽ ലഭിക്കുന്ന ഈ വിജയം മസീഹ് മൗഊദിന്റെയും ഇമാം മഹ്ദിയുടെയും കാലത്തായിരിക്കും എന്നാണ്.

തഫ്സീർ ഇബ്നു ജരീറിൽ രേഖപ്പെടുത്തിയിരിക്കുന്നു: **ഹാദാ ഇന്ദ ഖുറൂജിൽ മഹ്ദി** അതായത് ഈ സൂക്തത്തിൽ പറയുന്ന ഇസ്‌ലാമിന്റെ വിജയം ഇമാം മഹ്ദിയുടെ ആഗമന സമയത്തായിരിക്കും ഉണ്ടാകുക.

തഫ്സീർ ജാമിഉൽ ബയാനിൽ ഇപ്രകാരം കാണാം: **വ ദാലിക ഇന്ദ നുസൂലി ഈസാബ്നു മർയം** അതായത് ഈ വിജയം മസീഹ് മൗഊദിന്റെ കാലത്തായിരിക്കും സംഭവിക്കുക.

ശിയാ വിഭാഗത്തിന്റെ പ്രശസ്ത ഗ്രന്ഥമായ ബിഹാറുൽ അൻവാറിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: **നസലത്ത് ഫിൽ ഖാഇമി മിൻ ആലി മുഹമ്മദ്** *(വാല്യം 13, പേജ് 13)* അതായത് ഈ ആയത്ത് ഖാഇം അഥവാ ഇമാം മഹ്ദിയെ കുറിച്ച് അവതരിച്ചതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

ഏകദേശം 20 വർഷങ്ങൾക്ക് മുൻപ്

هُوَ الَّذِيْ أَرْسَلَ رَسُوْلَهٗ بِالْهُدٰى وَدِيْنِ الْحَقِّ لِيُظْهِرَهٗ عَلَى الدِّيْنِ كُلِّهٖ

എന്ന ഈ ഖുർആനിക സൂക്തം എനിക്ക് ഇൽഹാമായി ലഭിച്ചു. അല്ലാഹു എന്നെ നിയോഗിച്ചിരിക്കുന്നത് എന്റെ കൈകളിലൂടെ ഇസ്‌ലാമിനെ മറ്റെല്ലാ മതങ്ങൾക്കും മീതെ വിജയിപ്പിക്കാനാണെന്ന് ഈ ഇൽഹാമിലൂടെ എനിക്ക് മനസ്സിലാക്കിത്തന്നു. ഇത് വിശുദ്ധ ഖുർആനിലെ മഹത്തായ ഒരു പ്രവചനമാണ്, ഇത് മസീഹ് മൗഊദിന്റെ കരങ്ങളിലൂടെ പൂർത്തിയാകുമെന്ന് ഗവേഷകരായ പണ്ഡിതന്മാർ ഏകോപിച്ച കാര്യമാണ്. എനിക്ക് മുൻപ് കടന്നുപോയ ഔലിയാക്കളോ പുണ്യാത്മാക്കളോ ആരും തന്നെ ഈ പ്രവചനം തങ്ങളെക്കുറിച്ചാണെന്ന് അവകാശപ്പെടുകയോ ഈ ആയത്ത് തങ്ങൾക്ക് ഇൽഹാമായി ലഭിച്ചുവെന്ന് പറയുകയോ ചെയ്തിട്ടില്ല. എന്നാൽ എന്റെ സമയം വന്നപ്പോൾ എനിക്ക് ഈ ഇൽഹാം ലഭിക്കുകയും, ഈ ആയത്തിന്റെ ലക്ഷ്യം നീയാണെന്നും നിന്റെ കാലഘട്ടത്തിൽ ഇസ്‌ലാമിന് മറ്റ് മതങ്ങൾക്കുമേൽ ശ്രേഷ്ഠത ലഭിക്കുമെന്നും എനിക്ക് വെളിപ്പെടുത്തിത്തന്നു. (തിരിയാഖുൽ ഖുലൂബ്, പേജ് 47).

മാന്യ ശ്രോതാക്കളെ! ഹദ്റത്ത് മസീഹ് മൗഊദ്(അ) അവരുടെ മഹത്തായ പദവി എന്തെന്നാൽ, അദ്ദേഹം അല്ലാഹുവിന്റെ ഖലീഫയാണ്. അല്ലാഹുവിന്റെ ഖലീഫ എന്ന നിലയിൽ അദ്ദേഹം അല്ലാഹുവിന്റെ നബിയുമാണ്. തിരുനബി(സ) ഇപ്രകാരം പറയുന്നു:

لَيْسَ بَيْنِيْ وَبَيْنَهٗ نَبِيٌّ

എനിക്കും അദ്ദേഹത്തിനും (മസീഹ് മൗഊദിനും) ഇടയിൽ മറ്റൊരു നബിയുമില്ല.

മറ്റൊരിടത്ത് തിരുനബി(സ) പറയുന്നു:

أَبُوْبَكْرٍ خَيْرُ النَّاسِ بَعْدِيْ إِلَّا أَنْ يَكُوْنَ نَبِيٌّ

എനിക്ക് ശേഷം ജനങ്ങളിൽ ഏറ്റവും ഉത്തമൻ അബൂബക്കർ(റ) ആണ്, ഒരു നബി വരുന്നുണ്ടെങ്കിലല്ലാതെ. (കൻസുൽ ഉമ്മാൽ 62, പേജ് 137138).

തിരുനബി(സ)ക്ക് ശേഷം അന്ത്യനാൾ വരെ നിലനിൽക്കുന്ന ഖിലാഫത്തിനെക്കുറിച്ച് സന്തോഷവാർത്ത അറിയിച്ചിട്ടുണ്ട്. ഹദ്റത്ത് ഹുദൈഫ(റ) നിവേദനം ചെയ്യുന്നു, തിരുനബി(സ) പറയുന്നു:

تَكُوْنُ النُّبُوَّةُ فِيْكُمْ مَا شَاءَ اللّٰهُ أَنْ تَكُوْنَ ثُمَّ يَرْفَعُهَا إِذَا شَاءَ أَنْ يَرْفَعَهَا ثُمَّ تَكُوْنُ خِلَافَةٌ عَلَى مِنْهَاجِ النُّبُوَّةِ فَتَكُوْنُ مَا شَاءَ اللّٰهُ أَنْ تَكُوْنَ ثُمَّ يَرْفَعُهَا إِذَا شَاءَ اللّٰهُ أَنْ يَرْفَعَهَا ثُمَّ تَكُوْنُ مُلْكًا عَاضًّا فَيَكُوْنُ مَا شَاءَ اللّٰهُ أَنْ يَكُوْنَ ثُمَّ يَرْفَعُهَا إِذَا شَاءَ أَنْ يَرْفَعَهَا ثُمَّ تَكُوْنُ مُلْكًا جَبْرِيَّةً فَتَكُوْنُ مَا شَاءَ اللّٰهُ أَنْ تَكُوْنَ ثُمَّ يَرْفَعُهَا إِذَا شَاءَ أَنْ يَرْفَعَهَا ثُمَّ تَكُوْنُ خِلَافَةٌ عَلَى مِنْهَاجِ النُّبُوَّةِ

*അല്ലാഹു ഇച്ഛിക്കുന്ന കാലത്തോളം നിങ്ങളിൽ പ്രവാചകത്വം (നുബുവ്വത്ത്) നിലനിൽക്കും. പിന്നീട് അല്ലാഹു അത് ഉയർത്തും. അതിനുശേഷം പ്രവാചകത്വത്തിന്റെ മാതൃകയിലുള്ള ഖിലാഫത്ത് (ഖിലാഫത്ത് അലാ മിൻഹാജിന്നുബുവ്വത്ത്) നിലവിൽ വരും. അല്ലാഹു ഇച്ഛിക്കുന്ന കാലത്തോളം അത് നിലനിൽക്കും, പിന്നീട് അല്ലാഹു അതിനെയും ഉയർത്തും. ശേഷം കഠിനമായ രാജഭരണം വരും. അല്ലാഹു ഇച്ഛിക്കുന്ന കാലത്തോളം അത് തുടരും. പിന്നീട് അല്ലാഹു അത് നീക്കം ചെയ്യും. അതിനുശേഷം വീണ്ടും പ്രവാചകത്വത്തിന്റെ മാതൃകയിലുള്ള ഖിലാഫത്ത് സ്ഥാപിതമാകും. തുടർന്ന് തിരുനബി(സ) മൗനം പാലിച്ചു.*

കൂടാതെ തിരുനബി(സ) ഇപ്രകാരം പറയുന്നു:

فَإِنْ رَأَيْتَ خَلِيْفَةَ اللّٰهِ فِي الْأَرْضِ فَالْزَمْهُ وَإِنْ نُهِكَ جِسْمُكَ وَأُخِذَ مَالُكَ

നീ ഭൂമിയിൽ അല്ലാഹുവിന്റെ ഖലീഫയെ കാണുകയാണെങ്കിൽ നിന്റെ ശരീരം പിച്ചിച്ചീന്തപ്പെട്ടാലും നിന്റെ സമ്പത്ത് പിടിച്ചെടുക്കപ്പെട്ടാലും നീ അദ്ദേഹത്തെ മുറുകെ പിടിക്കുക. *(മുസ്നദ് അഹമ്മദ് ബിൻ ഹൻബൽ, ഹദീസ് നമ്പർ: 22916).*

ശ്രോതാക്കളെ! ഈ പ്രസംഗത്തിൽ പ്രതിപാദിച്ച അല്ലാഹുവിന്റെ ഖലീഫ ഇന്ന് പ്രത്യക്ഷപ്പെട്ടിരിക്കുകയാണ്. ഇന്ന് ഈ ഖലീഫയുടെ പിൻഗാമികളിലൂടെ ഇസ്‌ലാമിന്റെ പ്രകാശം ലോകത്തെ 220 രാജ്യങ്ങളിൽ എത്തിക്കഴിഞ്ഞു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അത് ദിനംപ്രതി വ്യാപിച്ചുകൊണ്ടിരിക്കുന്നു.

ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹു തആലാ ബി നസ്‌രിഹിൽ അസീസ്) ജമാഅത്തിനെ അഭിസംബോധന ചെയ്തുകൊണ്ട് പറയുന്നു:

നിങ്ങൾക്ക് പുരോഗതി കൈവരിക്കണമെന്നും ലോകത്ത് വിജയിക്കണമെന്നുമുണ്ടെങ്കിൽ, ഖിലാഫത്തുമായി പ്രതിബദ്ധത പുലർത്തുക എന്നതാണ് എന്റെ ഉപദേശവും സന്ദേശവും. അല്ലാഹുവിന്റെ ഈ പാശത്തെ മുറുകെ പിടിക്കുക. നമ്മുടെ എല്ലാ പുരോഗതികളുടെയും അടിസ്ഥാനം ഖിലാഫത്തുമായുള്ള ബന്ധത്തിൽ അന്തർലീനമാണ്. *(ബദർ, 18/25 ഡിസംബർ 2008, ഖിലാഫത്ത് ജൂബിലി പതിപ്പ്).*

അദ്ദേഹം വീണ്ടും പറയുന്നു: ഇന്ന് ലോകം കഠിനമായ അശാന്തിയിലൂടെ കടന്നുപോവുകയാണ്. മുസ്‌ലീങ്ങൾ പരസ്പരം അകന്നിരിക്കുന്നു. വിവിധ വിഭാഗങ്ങളായി പിരിഞ്ഞ് പരസ്പരം വിദ്വേഷത്തിലാണ്. ഒരേ കലിമ ചൊല്ലുന്നവരും ഒരേ നബിയുടെ അനുയായികളായി അവകാശപ്പെടുന്നവരും പരസ്പരം പോരാടുന്നു. ഖുർആനും ഹദീസും മുന്നിലുണ്ടായിട്ടും, മുസ്‌ലീങ്ങളെ ഒരൊറ്റ കൈക്ക് കീഴിൽ അണിനിരത്താൻ അല്ലാഹു നിയോഗിച്ച നേതൃത്വത്തെ തിരിച്ചറിയാൻ ഇന്ന് മുസ്‌ലീങ്ങൾക്ക് സാധിക്കുന്നില്ല. എന്നാൽ ഇമാമുസ്സമാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിൽ ഉൾപ്പെടാനും, അല്ലാഹുവിന്റെ അനുഗ്രഹത്താൽ ശാശ്വതമായ ഖിലാഫത്ത് വ്യവസ്ഥയുമായി ബന്ധപ്പെടാനും തൗഫീഖ് ലഭിച്ച നിങ്ങൾ ഭാഗ്യവാന്മാരാണ്. ഖലീഫയുമായി നിങ്ങൾക്ക് എത്രത്തോളം വ്യക്തിപരമായ ബന്ധമുണ്ടോ, അത്രത്തോളം നിങ്ങൾ ദീനിലും ദുനിയാവിലുമുള്ള നന്മകളിൽ പങ്കാളികളാകും. നിങ്ങളുടെ പരസ്പര ബന്ധങ്ങൾ മെച്ചപ്പെടുകയും സമൂഹത്തിൽ സമാധാന അന്തരീക്ഷം നിലവിൽ വരികയും ചെയ്യും. അതിനാൽ ഈ സുരക്ഷാ വലയത്തിൽ നിന്ന് അനുഗ്രഹങ്ങൾ പ്രാപി

## • അല്ലാഹുവിന്റെ കലാം •

**"തീർച്ചയായും ഖുർആനിനെ(മനസ്സിലാക്കാനും) ഓർമിക്കാനും നാം എളുപ്പമുളളതാക്കിയിരിക്കുന്നു. എന്നാൽ, ഓർമവെക്കുന്ന വല്ലവനുമുണ്ടോ?"**

**(വിശുദ്ധ ഖുർആൻ 54:18)**

ത്വാലിബെ ദുആ
**E.H.NAJEEB AND FAMILY**
KAKKANAD, ERNAKULAM

## • ഹദീഥുന്നബ്വി ﷺ •

**'ശുദ്ധി വിശ്വാസത്തിന്റെ നേർ പകുതിയാകുന്നു.'**

**(മുസ്‌ലിം. മിശ്ക്കത്ത് 3)**

ത്വാലിബെ ദുആ
**P. SAFFAR AHMAD &FAMILY**
JAMA'ATH KARULAI, MALAPPURAM,KERALA.

ക്കുന്നതിനായി നിങ്ങൾ ഖിലാഫത്തുമായുള്ള ബന്ധം ശക്തമാക്കുക. ഇസ്‌ലാമിന്റെ വിജയത്തിനും ലോക സമാധാനത്തിനുമായി പ്രാർത്ഥിക്കുക. നിങ്ങളുടെ നിലവാരം ഉയർത്തുകയും ഖിലാഫത്തിന്റെ കൈകളും കരുത്തുമായി മാറുകയും ചെയ്യുക.

*(ബദർ, 18/25 ഡിസംബർ 2008, ഖിലാഫത്ത് ജൂബിലി പതിപ്പ്).*

**ക്യൂആർ കോഡ് സ്കാൻ ചെയ്യൂ... ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കൂ...**

(www.akhbarbadr.in)

**The Weekly BADR Qadian (Malayalam)**

## ജമാഅത്തുകളുടെ ശ്രദ്ധക്ക്!

ജമാഅത്തുകളിൽ നടക്കുന്ന പരിപാടികളുടെ സംക്ഷിപ്ത റിപ്പോർട്ടും നല്ല ക്ലാരിറ്റിയുള്ള ഫോട്ടോയും ബദ്ർ ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുതിനായി താഴെ ചേർക്കുന്ന ഇ മെയിൽ അഡ്രസ്സിൽ അയക്കുക. ഒന്നിലേറെ ഫോട്ടോകൾ ചേർത്തുവെച്ച് പിഡിഎഫ് ആക്കി അയച്ചാൽ പ്രസിദ്ധീകരിക്കുന്നതല്ല. നല്ല ക്ലാരിറ്റിയുള്ള ഒന്നോ രണ്ടോ ഫോട്ടോകൾ മാത്രം അയക്കുക. ക്ലാരിറ്റി കുറഞ്ഞ ഫോട്ടോകളും പ്രസിദ്ധീകരിക്കാൻ സാധിക്കുന്നതല്ല.

badrqadian@gmail.com

(പത്രാധിപർ)

# കഴിഞ്ഞ ലക്കത്തിലെ ഖുത്വ്ബ ജുമുഅയുടെ തുടർഭാഗം

അതുകൊണ്ട്, അല്ലാഹുവിന്റെ മഹത്വത്തിൽ എപ്പോഴെങ്കിലും സ്വന്തം നഫ്സിനെയോ സൃഷ്ടികളെയോ ഭൗതിക കാരണങ്ങളെയോ പങ്കുചേർക്കുന്ന ഒരാൾ അല്ലാഹുവിന്റെ സത്യസന്ധനായ ആരാധകനാവുകയില്ല. മറിച്ച്, സകല മഹത്വങ്ങളും ഔന്നത്യങ്ങളും അധികാരങ്ങളും അല്ലാഹുവിനു മാത്രം നൽകുന്നവനാണ് സത്യസന്ധനായ ആരാധകൻ. ആരാധന തൗഹീദിന്റെ (ഏകദൈവവിശ്വാസം) ഈ പദവിയിൽ എത്തുമ്പോൾ മാത്രമേ ഒരാൾക്ക് യഥാർത്ഥത്തിൽ അല്ലാഹുവിന്റെ ആരാധകൻ എന്ന് വിളിക്കപ്പെടാൻ അർഹതയുള്ളൂ. അങ്ങനെയുള്ള ഒരാൾ നാവുകൊണ്ട് ലാ ഇലാഹ ഇല്ലല്ലാഹ് എന്ന് പറയുന്നതുപോലെ തന്നെ, തന്റെ പ്രവൃത്തിയിലൂടെയും ആരാധനയിലൂടെയും അല്ലാഹുവിന്റെ തൗഹീദിന് സാക്ഷ്യം നൽകുന്നു.

മേല്പറഞ്ഞ ആയത്തിലൂടെ തിരുനബി(സ)യോട് കൽപ്പിക്കപ്പെട്ട ആ പരിപൂർണ്ണ പദവിയെക്കുറിച്ചാണ് സൂചിപ്പിക്കുന്നത്. അതായത്, എന്റെ സകല ആരാധനകളും അല്ലാഹുവിനുള്ളതാണ്; എന്റെ ആരാധനയിൽ നഫ്സിനോ സൃഷ്ടികൾക്കോ ഭൗതിക കാരണങ്ങൾക്കോ യാതൊരു പങ്കുമില്ല എന്ന് ജനങ്ങളോട് പറയുക. തുടർന്ന് ഇപ്രകാരം പറയുന്നു: എന്റെ ബലിയും അല്ലാഹുവിനു മാത്രമാണ്, എന്റെ ജീവിതവും അല്ലാഹുവിനു വേണ്ടിയാണ്, എന്റെ മരണവും അല്ലാഹുവിനു വേണ്ടിയാണ്.

അറബി ഭാഷയിൽ **നസീക** എന്നാൽ ബലി എന്നാണ് അർത്ഥം, ആയത്തിലുള്ള നുസുക് എന്നത് അതിന്റെ ബഹുവചനമാണ്. കൂടാതെ ഇതിന് ആരാധന എന്നും അർത്ഥമുണ്ട്. അതിനാൽ ആരാധന, ബലി എന്നീ രണ്ട് അർത്ഥങ്ങളും ഉൾക്കൊള്ളുന്ന പദമാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. നഫ്സിനും സൃഷ്ടികൾക്കും ഭൗതിക കാരണങ്ങൾക്കും പങ്കില്ലാത്ത പരിപൂർണ്ണമായ ആരാധന എന്നത് യഥാർത്ഥത്തിൽ ഒരു ബലിയാണെന്നും, പരിപൂർണ്ണമായ ബലി എന്നത് യഥാർത്ഥത്തിൽ പരിപൂർണ്ണമായ ആരാധനയാണെന്നുമാണ് ഇതിലൂടെ സൂചിപ്പിക്കുന്നത്.

തുടർന്ന് എന്റെ ജീവിതവും മരണവും അല്ലാഹുവിനു വേണ്ടിയാണ് എന്ന് പറഞ്ഞത് ഖുർബാനി എന്ന വാക്കിന്റെ വിശദീകരണമാണ്. ഖുർബാനി എന്നത് ആടിനെയോ പശുവിനെയോ ഒട്ടകത്തെയോ അറുക്കുന്നതാണെന്ന തെറ്റിദ്ധാരണ ആർക്കും ഉണ്ടാകാതിരിക്കാനാണത്. 'എന്റെ ജീവിതവും മരണവും അല്ലാഹുവിനു വേണ്ടിയാണ്' എന്ന പ്രയോഗത്തിലൂടെ ഈ ബലി കൊണ്ട് ഉദ്ദേശിക്കുന്നത് ആത്മാവിന്റെ ബലിയാണെന്ന് വ്യക്തമാകുന്നു. ഖുർബാനി എന്ന പദം '**ഖുർബ്**' (സാമീപ്യം) എന്നതിൽ നിന്നാണ് ഉണ്ടായത്. സ്വേച്ഛപരമായ സകല ശക്തികൾക്കും ചലനങ്ങൾക്കും മേൽ മരണം സംഭവിക്കുമ്പോൾ മാത്രമാണ് അല്ലാഹുവിന്റെ സാമീപ്യം ലഭിക്കുക എന്നതിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്.

ഈ ആയത്ത് തിരുനബി(സ)യുടെ പരിപൂർണ്ണമായ ദൈവസാമീപ്യത്തിനുള്ള വലിയ തെളിവാണ്. തിരുനബി(സ) അല്ലാഹുവിൽ എത്രത്തോളം ലയിച്ചിരുന്നുവെന്നാൽ അവിടുത്തെ ഓരോ ശ്വാസവും ജീവിതവും മരണവും അല്ലാഹുവിന് വേണ്ടി മാത്രമായിരുന്നു. അവിടെ മനസ്സിനോ സൃഷ്ടികൾക്കോ ഭൗതികമായ കാരണങ്ങൾക്കോ യാതൊരു സ്ഥാനവുമുണ്ടായിരുന്നില്ല. തിരുനബി(സ)യുടെ ആത്മാവ് അങ്ങേയറ്റത്തെ ആത്മാർത്ഥതയോടെ അല്ലാഹുവിന്റെ പടിക്കൽ വീണിരിക്കുകയായിരുന്നു. (ഇസ്‌മതെ അൻബിയാ, റൂഹാനി ഖസാഇൻ, വാല്യം 18, പേജ് 664...666).

ഹദ്റത്ത് അഖ്ദസ് മസിഹ് മൗഊദ്(അ) മറ്റൊരിടത്ത് പറയുന്നു:

അല്ലാഹു ചില കാര്യങ്ങൾ അനുവദനീയമാക്കിയിട്ടുണ്ടെങ്കിലും ആയുസ്സ് മുഴുവൻ അതിൽ തന്നെ ചെലവഴിക്കണം എന്ന് അതിനർത്ഥമില്ല. അല്ലാഹു തന്റെ ദാസന്മാരുടെ മേന്മയെക്കുറിച്ച് പറയുന്നു:

يَبِيْتُوْنَ لِرَبِّهِمْ سُجَّدًا وَّقِيَامًا ○ (الفرقان:65)

'**തങ്ങളുടെ റബ്ബിന് വേണ്ടി സുജൂദിലും ഖിയാമിലുമായി രാത്രി ചെലവഴിക്കുന്നവരാണവർ**' (ഫുർഖാൻ: 65). അതായത് അവർ രാത്രി മുഴുവൻ സുജൂദിലും നിന്നുമാണ് അല്ലാഹുവിനെ ആരാധിക്കുന്നത്. ഇനി നോക്കുക, രാപ്പകൽ ഭാര്യമാരിൽ മുഴുകിക്കഴിയുന്ന ഒരാൾക്ക് അല്ലാഹുവിന്റെ ഇഷ്ടാനുസരണം എങ്ങനെ രാത്രി ആരാധനയിൽ ചെലവഴിക്കാൻ സാധിക്കും? അയാൾ യഥാർത്ഥത്തിൽ അല്ലാഹുവിന് പങ്കുകാരെ ഉണ്ടാക്കുകയാണ് ചെയ്യുന്നത്.

തിരുനബി(സ)ക്ക് ഒൻപത് ഭാര്യമാരുണ്ടായിരുന്നു, എന്നിട്ടും തിരുനബി(സ) രാത്രി മുഴുവൻ അല്ലാഹുവിനെ ആരാധിക്കുന്നതിൽ ചെലവഴിച്ചിരുന്നു.

ഒരിക്കൽ തിരുനബി(സ)യുടെ ഊഴം ഹദ്റത്ത് ആഇശ(റ)യുടെ അടുത്തായിരുന്നു. രാത്രിയുടെ ഒരു ഭാഗം കഴിഞ്ഞപ്പോൾ ഹദ്റത്ത് ആഇശ(റ) ഉണർന്നു. നോക്കുമ്പോൾ തിരുനബി(സ) അവിടെയില്ല. തിരുനബി(സ) മറ്റേതെങ്കിലും ഭാര്യയുടെ അടുത്ത് പോയതായിരിക്കുമെന്ന് അവർ സംശയിച്ചു. അവർ ഓരോ വീട്ടിലും തിരഞ്ഞെങ്കിലും കണ്ടില്ല. ഒടുവിൽ നോക്കുമ്പോൾ തിരുനബി(സ) ഖബർസ്ഥാനിൽ സുജൂദിൽ വീണു കരയുകയായിരുന്നു. പ്രിയപ്പെട്ടവളും ജീവിച്ചിരിക്കുന്നവളുമായ ഭാര്യയെ വിട്ട് തിരുനബി(സ) മരണപ്പെട്ടവരുടെ ഇടമായ ഖബർസ്ഥാനിൽ പോയി കരയുകയായിരുന്നുവെങ്കിൽ, തിരുനബി(സ) യുടെ വിവാഹങ്ങൾ ശാരീരികേച്ഛകൾക്ക് വേണ്ടിയായിരുന്നു എന്ന് പറയാൻ സാധിക്കുമോ?

വിമർശകർ തിരുനബി(സ)ക്കെതിരെ ഉന്നയിക്കുന്ന ആരോപണങ്ങൾക്കുള്ള മറുപടിയാണിത്. 'ചുരുക്കത്തിൽ, നിങ്ങളിൽ ശാരീരിക ഇച്ഛകൾ പ്രബലമാകാതിരിക്കുക എന്നതാണ് അല്ലാഹുവിന്റെ യഥാർത്ഥ ലക്ഷ്യം. ചുരുക്കത്തിൽ തഖ്‌വ പൂർണ്ണമാക്കാൻ അനിവാര്യമായ സാഹചര്യം വന്നാൽ മാത്രം മറ്റൊരു വിവാഹം

## • ഹദീഥുന്നബ്‌വി ﷺ •




**മരിച്ചവരെ ചീത്ത പറയരുത്, എന്തുകൊണ്ടെന്നാൽ അവർ മുമ്പേ അയച്ചിട്ടുള്ളതിലേക്കാണ് പോയിരിക്കുന്നത്.**

**(ബുഖാരി 23:77)**

ത്വാലിബെ ദുആ

**SERA SPORTS,** P.I.GROUND FLOOR ARAFAH ARCADE 4/45A, 4/45 A1, IRINGALOOR, OPP GOVT.H.S.S, OLAVANN, MOB-8845680091

## • അല്ലാഹുവിന്റെ കലാം •

**"എന്നെ ആരാധിക്കാൻ വേണ്ടിയല്ലാതെ ജിന്നിനേയും ഇൻസിനേയും ഞാൻ സൃഷ്ടിച്ചിട്ടില്ല."**


**(വിശുദ്ധ ഖുർആൻ 51:57)**

ത്വാലിബെ ദുആ

**Late DILSAD ABDULLATHEEF AND FAMILY KALLIKOTE**
PATHAPPIRIYAM, MALAPURAM

## • അല്ലാഹുവിന്റെ കലാം •

**എനിക്ക് ആഹാരവും പാനീയവും നല്കുന്നവനാണ് അവൻ (അല്ലാഹു). ഞാൻ രോഗിയായാൽ എനിക്കവൻ ശമനം നല്കുന്നു (26:80–81)**




ത്വാലിബെ ദുആ

**DR.C.G. KAMALUDDEEN, DR. C.G. NAZIM AHMAD**
VAYANASHALA, PATHAPPIRIYAM, KERALA

ചെയ്യുക എന്നതാണ് കരണീയം.' *(മൽഫൂസാത്ത്, വാല്യം 2, പേജ് 66).*

ഇത് ജമാഅത്തിലെ അംഗങ്ങൾക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ) നൽകിയ പൊതുവായ ഒരു ഉപദേശമാണിത്. തഖ്‌വയെ മുൻനിർത്തി വിവാഹം ചെയ്യേണ്ടി വന്നാൽ ചെയ്യാം, അല്ലാതെ സ്വന്തം ആഗ്രഹങ്ങൾക്കും ഇച്ഛകൾക്കും വേണ്ടിയാകരുത് വിവാഹങ്ങൾ. ഇന്ന് ഇത്തരത്തിലുള്ള പരാതികൾ വരാറുണ്ട്. ഇസ്‌ലാം ഇതിന് അനുവാദം നൽകുന്നില്ല. ഇസ്‌ലാമിൽ അനാവശ്യമായി വിവാഹം ചെയ്യുന്നവർ കാരണമാണ് ഇത്തരം വിമർശനങ്ങൾ ഉണ്ടാകുന്നത്. മുസ്‌ലിംങ്ങളും വിമർശകരും ഓർത്തിരിക്കേണ്ട കാര്യം ഇതിന് നിശ്ചിത നിബന്ധനകളുണ്ടെന്നും അവ പാലിക്കൽ നിർബന്ധമാണെന്നുമാണ്.

ഹദ്റത്ത് അനസ്(റ) നിവേദനം ചെയ്ത ഒരു ഹദീസിൽ തിരുനബി(സ) പറയുന്നു:

ഭൗതിക വസ്തുക്കളിൽ എനിക്ക് ഭാര്യമാരെയും സുഗന്ധദ്രവ്യങ്ങളെയും ഇഷ്ടമാണ്, എന്നാൽ എല്ലാറ്റിലും ഉപരി എനിക്ക് ഏറ്റവും പ്രിയപ്പെട്ടതും എന്റെ കണ്ണിന് കുളിർമ നൽകുന്നതും നമസ്കാരമാണ്. *(സുനനുൻ നസാഈ).*

ഇതിനെക്കുറിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) നൽകിയ വിശദീകരണം ഇപ്രകാരമാണ്:

നമസ്കാരത്തിൽ എന്റെ കണ്ണിനു കുളിർമ നിശ്ചയിക്കപ്പെട്ടിരിക്കുന്നു എന്നത് ഇതര മതങ്ങളെ അപേക്ഷിച്ച് ഇസ്‌ലാമിനുള്ള സവിശേഷമായ ഒരു പ്രത്യേകതയാണ്.

നമസ്കാരത്തെപ്പോലെ ഇത്രയും കൃത്യമായ ഒരു ആരാധനാക്രമം ലോകത്ത് മറ്റൊരു ജനതയിലുമില്ല. മുൻകാല മതങ്ങളെല്ലാം ബാഹ്യമായ ചലനങ്ങൾക്ക് മുൻഗണന നൽകുകയോ അല്ലെങ്കിൽ അവരുടെ ആരാധനാ സമയങ്ങൾ തമ്മിൽ വലിയ ഇടവേളകൾ ഉണ്ടാവുകയോ ചെയ്തിരുന്നു. ഇത് ആത്മീയതയെ ദുർബലപ്പെടുത്തുന്നു. എന്നാൽ ഒരു ദിവസം അഞ്ച് നേരം ആരാധനയ്ക്കായി വിശ്വാസികളെ വിളിക്കുന്ന ഏക മതം ഇസ്‌ലാം മാത്രമാണ്; മറ്റൊരു മതവും ഇങ്ങനെയല്ല.

അഞ്ച് നേരത്തെ നമസ്കാരം നിർബന്ധമാക്കിയ സാഹചര്യത്തിൽ, ആത്മീയത നിലനിൽക്കുന്നതിനായി അത് കൃത്യമായി നിർവ്വഹിക്കേണ്ടത് അത്യാവശ്യമാണെന്ന് ആളുകൾ മനസ്സിലാക്കേണ്ടതാണ്. കേവലം ദുനിയാവിന്റെ കാര്യങ്ങളിൽ മാത്രം മുഴുകിയിരിക്കരുത്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) തുടരുന്നു:

ക്രിസ്ത്യാനികളും ഹിന്ദുക്കളും ആഴ്ചയിലൊരിക്കലാണ് ആരാധനയ്ക്കായി പോകുന്നത്. അവരിൽ ചിലർ ഒരു പക്ഷേ രാപകൽ ആരാധന നടത്തുന്നവർ ഉണ്ടായേക്കാം, എങ്കിലും ഇത് സാമൂഹിക ആരാധനയെക്കുറിച്ചുള്ള പരാമർശമാണ്. ഒരു ദിവസം തന്നെ പലതവണ ആരാധന നടത്താൻ കൽപിച്ചത് തിരുനബി(സ) മാത്രമാണ്. കൂടാതെ സ്വലാത്ത് എന്ന വാക്കിന് ദു:ആ (പ്രാർത്ഥന) എന്നും അർത്ഥമുണ്ട്. ഇത്തരത്തിൽ തിരുനബി(സ) പ്രാർത്ഥനയ്ക്ക് വലിയ പ്രാധാന്യം നൽകി. മറ്റ് മതങ്ങളിലെ ആരാധനകളിൽ ബാഹ്യമായ കാര്യങ്ങൾക്കാണ് ഊന്നൽ നൽകിയിട്ടുള്ളത്. അതിലൂടെ ആരാധനയിൽ ആനന്ദം കണ്ടെത്താനാണ് അവർ ശ്രമിക്കുന്നത്. ഉദാഹരണത്തിന് ആര്യസമാജക്കാരിലും ക്രിസ്ത്യാനികളിലും പാട്ടും സംഗീതവും കാണാം. എന്നാൽ തിരുനബി(സ) പറയുന്നു:

എനിക്ക് നൽകപ്പെട്ടിരിക്കുന്ന ആരാധനയിൽ തന്നെ മാധുര്യമുണ്ട്; ആ ആനന്ദത്തോട് മത്സരിക്കാൻ മറ്റൊരു മതത്തിനും സാധ്യമല്ല. *(സീറത്തുന്നബി(സ), ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ), വാല്യം 2, പേജ് 263)*

അതുകൊണ്ട് പാട്ടും സംഗീതവുമല്ല, മറിച്ച് നിശബ്ദമായി അല്ലാഹുവിനെ ആരാധിക്കുന്നതും അവനെ സ്തുതിക്കുന്നതും കരഞ്ഞു പ്രാർത്ഥിക്കുന്നതുമായ ആരാധനയിലൂടെ മാത്രമേ അല്ലാഹുവോടുള്ള സ്നേഹം വർദ്ധിക്കുകയുള്ളൂ. തിരുനബി(സ)യുടെ മാതൃക പിന്തുടർന്ന് നമസ്കാരത്തിലും ആരാധനയിലും ഈ നിലവാരം കൈവരിക്കാൻ നാം പരിശ്രമിക്കണം.

ഹദ്റത്ത് മസിഹ് മൗഊദ്(അ) ഹദ്റത്ത് മീർ നാസിർ നവാബ് സാഹിബ്(റ)വിന് അയച്ച ഒരു കത്തിൽ ഇപ്രകാരം എഴുതി:

താങ്കളുടെ പ്രായോഗിക ജീവിതത്തിനായി താങ്കൾ ചോദിച്ച കാര്യത്തിനുള്ള മറുപടി ഇതാണ്; അല്ലാഹുവിന്റെ തിരുനബി(സ)യെ യഥാർത്ഥമായി പിന്തുടരുന്നതിലേക്ക് (ഇത്തിബാഅ്) താല്പര്യം കാണിക്കുക.

തിരുനബി(സ)യെ യഥാർത്ഥമായി പിന്തുടരുന്നതിലേക്ക് പ്രത്യേകം ശ്രദ്ധ ചെലുത്തുക എന്ന് ഊന്നിപ്പറഞ്ഞുകൊണ്ട് അവിടുന്ന് എഴുതുന്നു:

തിരുനബി(സ) ഏത് കർമ്മങ്ങളിലാണോ തന്റെ അത്യധികമായ സ്നേഹം വെളിപ്പെടുത്തിയത്, അവ രണ്ടെണ്ണമാണ്. ഒന്ന് നമസ്കാരം, മറ്റൊന്ന് ജിഹാദ്. നമസ്കാരത്തെക്കുറിച്ച് തിരുനബി(സ) ഇപ്രകാരം പറഞ്ഞു: قُرَّةُ عَيْنِي فِي الصَّلٰوةِ അതായത്, എന്റെ കണ്ണിന്റെ കുളിർമ നമസ്കാരത്തിലാണ് വെച്ചിട്ടുള്ളത്.

ജിഹാദിനെക്കുറിച്ച് അവിടുന്ന് പറയുന്നു: 'അല്ലാഹുവിന്റെ മാർഗ്ഗത്തിൽ കൊല്ലപ്പെടണമെന്നും, വീണ്ടും ജീവിപ്പിക്കപ്പെടണമെന്നും, വീണ്ടും കൊല്ലപ്പെടണമെന്നും വീണ്ടും ജീവിപ്പിക്കപ്പെടണമെ ന്നും വീണ്ടും കൊല്ലപ്പെടണമെന്നും ഞാൻ ആഗ്രഹിക്കുന്നു.

ഇത് വിവരിച്ചുകൊണ്ട് ആ മഹാത്മാവ് പറയുന്നു:

ചുരുക്കത്തിൽ ഈ കാലഘട്ടത്തിൽ ജിഹാദ് ആത്മീയമായ രൂപം പ്രാപിച്ചിരിക്കുന്നു. ഇസ്‌ലാമിന്റെ കലിമയെ ഉന്നതമാക്കാൻ പരിശ്രമിക്കുക എന്നതാണ് ഈ കാലത്തെ ജിഹാദ്. ശത്രുക്കളുടെ ആരോപണങ്ങൾക്ക് മറുപടി നൽകുക, ഇസ്‌ലാം ദീനിന്റെ ഗുണങ്ങൾ ലോകത്ത് പ്രചരിപ്പിക്കുക, തിരുനബി(സ)യുടെ സത്യസാക്ഷ്യം ലോകത്തിന് വെളിപ്പെടുത്തിക്കൊടുക്കുക; ഇതാണ് ജിഹാദ്. അല്ലാഹു ലോകത്ത് മറ്റൊരു സാഹചര്യം വെളിപ്പെടുത്തുന്നത് വരെ ഇതാണ് രീതി.

*(ഹദ്റത്ത് മിർ നാസിർ നവാബ് സാഹിബിനുള്ള കത്ത്, മക്തൂബാത്തെ അഹ്മദ്, വാല്യം 3, പേജ് 9, എഡിഷൻ 2022)*

തിരുനബി(സ)യെ യഥാർത്ഥത്തിൽ അനുഗമിക്കാൻ ശ്രദ്ധ തിരിക്കുക. തിരുനബി(സ) ഏറ്റവും കൂടുതൽ സ്നേഹം പ്രകടിപ്പിച്ച രണ്ട് കാര്യങ്ങളുണ്ട്: ഒന്ന് നമസ്കാരം, രണ്ട് ജിഹാദ്. നമസ്കാരത്തെക്കുറിച്ച് തിരുനബി(സ) പറഞ്ഞു: 'എന്റെ കണ്ണിന്റെ കുളിർമ നമസ്കാരത്തിലാണ്'. ജിഹാദിനെക്കുറിച്ച് തിരുനബി(സ) പറയുന്നു: 'അല്ലാഹുവിന്റെ മാർഗ്ഗത്തിൽ കൊല്ലപ്പെടുകയും പിന്നീട് വീണ്ടും ജീവിക്കാനിടയാകുകയും വീണ്ടും കൊല്ലപ്പെടുകയും ചെയ്യണമെന്ന് ഞാൻ ആഗ്രഹിക്കുന്നു.'

മസിഹ് മൗഊദ്(അ) തുടർന്ന് പറയുന്നു: 'ഈ കാലഘട്ടത്തിൽ ജിഹാദ് ആത്മീയമായ രൂപം കൈക്കൊണ്ടിരിക്കുന്നു. ഇസ്‌ലാമിന്റെ സന്ദേശം പ്രചരിപ്പിക്കാനും വിമർശകരുടെ ആരോപണങ്ങൾക്ക് മറുപടി നൽകാനും ഇസ്‌ലാമിന്റെ ഗുണങ്ങൾ ലോകത്ത് വ്യാപിപ്പിക്കാനും തിരുനബി(സ)യുടെ സത്യാവസ്ഥ ലോകത്തെ അറിയിക്കാനുമുള്ള പരിശ്രമമാണ് ഈ കാലത്തെ ജിഹാദ്. അല്ലാഹു മറ്റൊരു സാഹചര്യം വെളിപ്പെടുത്തുന്നത് വരെ ഇതാണ് ജിഹാദ്.' *(മക്തൂബാത്തെ അഹ്മദ്, വാല്യം സാലിസ്, പേജ് 9).*

അതുകൊണ്ട് ആരാധനയുടെ നിലവാരവും അല്ലാഹുവിനോടുള്ള സ്നേഹവും വർദ്ധിപ്പിക്കുമ്പോൾ മാത്രമേ നമ്മുടെ തൂലികാപരമായ ജിഹാദിലും തബ്‌ലീഗിലും അനുഗ്രഹം ഉണ്ടാവുകയുള്ളൂ. ഈ ജിഹാദിൽ പങ്കുചേരാൻ നമ്മൾ ആഗ്രഹിക്കുന്നുണ്ടെങ്കിൽ അല്ലാഹുവിനോടുള്ള സ്നേഹത്തിലേക്കും പ്രാർത്ഥനകളിലേക്കും നമ്മൾ ശ്രദ്ധ തിരിക്കണം. തിരുനബി(സ) യുടെ മാതൃക പിന്തുടർന്ന് നമ്മുടെ ആരാധനകളിൽ ശ്രദ്ധ കേന്ദ്രീകരിച്ചാൽ മാത്രമേ നമ്മുടെ പ്രവൃത്തികളിൽ അനുഗ്രഹം ഉണ്ടാവുകയുള്ളൂ. അല്ലാഹു നമുക്ക് അതിന് തൗഫീഖ് നൽകട്ടെ.

ഇന്ന് ബംഗ്ലാദേശിലെ ജമാഅത്തിന്റെ ജൽസ നടക്കുകയാണ്. അവിടെ വലിയ എതിർപ്പുകളും ഉണ്ട്. അവർക്കുവേണ്ടി പ്രാർത്ഥിക്കുക. അല്ലാഹു അവരെയെല്ലാം തന്റെ സംരക്ഷണയിൽ നിലനിർത്തട്ടെ, അവരുടെ ജൽസ സമംഗളം നടക്കുമാറാകട്ടെ.

പേജ് 9 ൽ നിന്ന്

ചെയ്കയെന്ന അത്ഭുത പ്രതിഭാസം അറേബ്യൻ മരുഭൂമിയിൽ സംഭവിച്ചു. കുരുടന്മാർ കാണുവാൻ തുടങ്ങുകയും ഊമകളുടെ നാവുകളിൽ ദിവ്യജ്ഞാനം പ്രവഹിക്കുകയും ചെയ്തു. മുമ്പൊരിക്കലും ഒരു കണ്ണും കണ്ടിട്ടില്ലാത്തതും ഒരു ചെവിയും കേട്ടിട്ടില്ലാത്തതുമായ വിപ്ലവമാണ് സംഭവിച്ചത്. അതെന്തായിരുന്നുവെന്നു നിങ്ങൾക്ക് അറിയാമോ? ഇതെല്ലാം അന്ധകാര നിബിഢമായ രാത്രികളിൽ, അല്ലാഹുവിൽ

• ഹദീസുന്നബവി(സ) •

"എനിക്കുമുമ്പേ ആർക്കും അനുവദിക്കപ്പെടാത്ത 5 കാര്യങ്ങൾ എനിക്ക് അനുവദിച്ചിരിക്കുന്നു.....എനിക്കുവേണ്ടി ഭൂമി ഒരു മസ്ജിദായിട്ടും ശുദ്ധീകരണത്തിനുള്ള ഒരു മാർഗമായിട്ടും ആക്കിയിരിക്കുന്നു(ബു.7:1)."

TIMBELLA
BEAUTY FROM TIMBER
—NILAMBUR—

SCAN(BAR-CODE) FOR OUR NILAMBUR TEAK FURNITURES


ത്വാലിബെ ദുആ

BEAUTY FROM TIMBER NILAMBUR
FURNITURES FOR ENQUIRY CALL.: 9744366004, 8086399638

• അല്ലാഹുവിന്റെ കലാം •

"എന്നെ ആരാധിക്കാൻ വേണ്ടിയല്ലാതെ ജിന്നിനേയും ഇൻസിനേയും ഞാൻ സൃഷ്ടിച്ചിട്ടില്ല."
(വിശുദ്ധ ഖുർആൻ 51:57)

tectona
feel more confidence



tectona
feels more confidence
All Types Of Quality Furniture

ത്വാലിബെ ദുആ

Prop.M.SHAFIQ - 80752 12141 , M.MUSTAFA - 91887 68150
M.MUNEER - 99468 71947, KARULAI, MALAPURAM

EDITOR
H.Shamsuddin
Mobile : +91 99460 21252
Sub Editor : Mohammad Ismail
e-mail : badarmalayalam@gmail.com
Layout: HA Creative Graphics

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ — Weekly **BADAR** Qadian
Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2026-28 Vol-11 Thursday 5-12 March 2026 Issue: 10-11

ACT. MANAGER
ATHAR AHMAD SHAMIM
Mobile: +91 9815639670
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

പൂർണമായും ലയിച്ച ഒരാളുയർത്തിയ ഉള്ളുരുകിയ പ്രാർഥനകളുടെ ഫലമായിരുന്നു. അത് ലോകത്തെ ശബ്ദദായമാനമാക്കി. അങ്ങനെ ആ നിരക്ഷരനും നിസ്സഹായനുമായ വ്യക്തിയുടെ കയ്യാൽ തികച്ചും അസാധ്യമായിത്തോന്നിയ ഈ മഹാത്ഭുതം വെളിപ്പെടുമാറായി.

اَللّٰهُمَّ صَلِّ وَسَلِّمْ وَبَارِكْ عَلَيْهِ وَاٰلِهٖ بِعَدَدِ هَمِّهٖ
وَغَمِّهٖ وَحُزْنِهٖ لِهٰذِهِ الْاُمَّةِ وَاَنْزِلْ عَلَيْهِ اَنْوَارَ
رَحْمَتِكَ اِلَى الْاَبَدِ

അല്ലാഹുവേ, ഈ സമുദായത്തിനുവേണ്ടി അവിടന്നു പ്രകടിപ്പിച്ച ഉത്കണ്ഠയ്ക്കും അനുഭവിച്ച കഷ്ടപ്പാടുകൾക്കും അനുസരിച്ചവിധം അദ്ദേഹത്തിൽ നീ അനുഗ്രഹ ങ്ങളും സലാമും ഇറക്കുകയും അദ്ദേഹത്തിന്റെ മേൽ നിന്റെ കാരുണ്യത്തിന്റെ ദീപ്തിപ്രകർഷം എന്നുമെന്നും ചൊരിയുകയും ചെയ്യേണമേ!

അവിടുന്ന് പറയുന്നു: പ്രാർഥനകളുടെ സ്വാധീനം വെള്ളത്തിന്റെയും തീയുടെയും സ്വാധീനത്തേക്കാൾ വലുതാണെന്ന് എന്റെ വ്യക്തിപരമായ അനുഭവത്തിലൂടെ ഞാൻ കാണുന്നു. സ്വാഭാവികമായ കാരണങ്ങളിൽ പ്രാർഥനയോളം വലിയ സ്വാധീനമുള്ള മറ്റൊരു കാര്യവുമില്ല. (برکات الدعاء، روحانی خزائن جلد 6 صفحہ 10-11)

അല്ലാഹു നമുക്ക് ഈ പാതയിലൂടെ സഞ്ചരിക്കാനും പ്രാർഥനകൾക്ക് തൗഫീഖ് നൽകാനും ഉത്തരം ലഭിക്കുന്ന പ്രാർഥനകൾക്കും യഥാർഥ രീതിയിൽ പ്രാർഥിക്കാ നും തൗഫീഖ് നൽകട്ടെ. പ്രാർഥനകളുടെ അവകാശം നിറവേറ്റുന്നവരും നബി തിരുമേനി(സ)യുടെ മാതൃക പിന്തുടരാൻ ശ്രമിക്കുന്നവരുമായ യഥാർഥ വിശ്വാസി കളായി അവൻ നമ്മെ മാറ്റട്ടെ.

വിവ: അംനാസ് പി കെ

പേജ് 2ൽ നിന്ന്

മസീഹ് മൗഊദ്(അ) അവർകളിൽ വിശ്വസിച്ചുകഴിഞ്ഞു. വലിയ അറബ് പണ്ഡിതന്മാർക്ക് പോലും തങ്ങളുടെ തെറ്റുകൾ ബോധ്യപ്പെടുകയും അവർ തിരുനബി(സ)യുടെയും അവിടുത്തെ ഈ സത്യസന്ധനായ ദാസൻ വാഗ്ദത്ത മഹ്ദീ മസീഹ്(അ)നും മേൽ സ്വലാത്ത് ചൊല്ലിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.

(3) വാളുകൊണ്ടുള്ള ജിഹാദ് ഇപ്പോഴും നിലനിൽക്കുന്നുണ്ടെന്നും, വരാനിരിക്കുന്ന ഇമാം മഹ്ദി വാളെടുത്ത് പോരാടി ഇസ്‌ലാം മതം പ്രചരിപ്പിക്കുമെന്നുമുള്ള ഖുർആനും ഹദീസിനും വിരുദ്ധമായ അപകടകരമായ ഒരു തെറ്റായ വിശ്വാസം മുസ്‌ലീങ്ങൾക്കിടയിൽ പടർന്നിരുന്നു. എന്നാൽ ഇമാം മഹ്ദിയുടെയും മസീഹ് മൗഊദിന്റെയും കാലഘട്ടത്തിൽ വാളുകൊണ്ടുള്ള ജിഹാദ് ദുർബലപ്പെടുമെന്ന് (മൻസൂഖ് ആകുമെന്ന്) തിരുനബി(സ) വ്യക്തമായി പറഞ്ഞിട്ടുണ്ടെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) വ്യക്തമാക്കി.

ബുഖാരിയിലെ ഹദീസിൽ ഇപ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്: മസീഹ് മൗഊദ് വരുമ്പോൾ **‘യള ഉൽ ഹർബ്‘** (യുദ്ധം അവസാനിപ്പിക്കും). മറ്റൊരു ഹദീസിൽ **‘വ ലളഅന്നൽ ജിസ്‌യ’**(യുദ്ധക്കരം നിർത്തലാക്കും) എന്നും കാണാം.

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ) പറയുന്നു: ‘അല്ലാഹു ഈ കാലഘട്ടത്തിൽ എന്നെ ഇമാം മഹ്ദിയും മസീഹ് മൗഊദുമായി നിയോഗിച്ചിരിക്കുന്നു. എന്റെ കാലത്ത് വാളുകൊണ്ടുള്ള ജിഹാദ് മാറ്റിവെക്കപ്പെട്ടിരിക്കുന്നു.’

അദ്ദേഹം പറയുന്നു:

‘ഇസ്‌ലാമിലെ പണ്ഡിതന്മാരേ, മൗലവിമാരേ! എന്റെ വാക്ക് കേൾക്കുക. ഞാൻ സത്യം സത്യമായി പറയുന്നു, ഇത് ജിഹാദിന്റെ സമയമല്ല. അല്ലാഹുവിന്റെ പരിശുദ്ധ പ്രവാചകനെ അനുസരിക്കാത്തവരാകരുത്. വരാനിരുന്ന മസീഹ് മൗഊദ് വന്നുകഴിഞ്ഞു. വാളും രക്തച്ചൊരിച്ചിലും ഉപയോഗിച്ചുള്ള മതപരമായ യുദ്ധങ്ങളിൽ നിന്ന് ഇനിമുതൽ വിട്ടുനിൽക്കാൻ അദ്ദേഹം കൽപ്പിക്കുകയും ചെയ്തിരിക്കുന്നു. എന്നിട്ടും രക്തച്ചൊരിച്ചിലിൽ നിന്ന് പിന്മാറാതിരിക്കുന്നതും ഇത്തരം പ്രസംഗങ്ങൾ അവസാനിപ്പിക്കാതിരിക്കുന്നതും ഇസ്‌ലാമിക രീതിയല്ല. എന്നെ സ്വീകരിച്ചവർ അത്തരം പ്രസംഗങ്ങളിൽ നിന്ന് വിട്ടുനിൽക്കുക മാത്രമല്ല, ആ രീതിയെ അങ്ങേയറ്റം മോശമായും ദൈവിക കോപത്തിന് കാരണമായും കണക്കാക്കും.’ *(ഗവൺമെന്റ് ഇംഗ്ലീഷ് ഓർ ജിഹാദ്)*

അദ്ദേഹം മറ്റൊരിടത്ത് പറയുന്നു:

‘ഇപ്പോൾ മസീഹ് മൗഊദ് വന്നു കഴിഞ്ഞ സ്ഥിതിക്ക് ജിഹാദിൽ നിന്ന് പിന്മാറുക എന്നത് ഓരോ മുസ്‌ലിമിന്റെയും കടമയാണ്. ഞാൻ വന്നിട്ടില്ലായിരുന്നുവെങ്കിൽ ഈ തെറ്റിദ്ധാരണയ്ക്ക് ഒരുപക്ഷേ എന്തെങ്കിലും ന്യായീകരണം ഉണ്ടാകുമായിരുന്നു. എന്നാൽ ഇപ്പോൾ ഞാൻ വരികയും വാഗ്ദാനം ചെയ്യപ്പെട്ട ആ ദിനം നിങ്ങൾ കാണുകയും ചെയ്തിരിക്കുന്നു. അതിനാൽ മതപരമായ കാര്യങ്ങൾക്കായി വാളെടുക്കുന്നവർക്ക് അല്ലാഹുവിന്റെ സന്നിധിയിൽ ഇനി യാതൊരു ന്യായീകരണവുമില്ല. കാഴ്ചയുള്ളവരും ഹദീസുകൾ വായിക്കുന്നവരും ഖുർആൻ നോക്കുന്നവരും ആയ ഏതൊരാൾക്കും ഈ കാലഘട്ടത്തിലെ മിക്കവാറും അപരിഷ്കൃതർ പിന്തുടരുന്ന ഈ ജിഹാദ് രീതി ഇസ്‌ലാമികമല്ലെന്ന് നന്നായി മനസ്സിലാക്കാൻ സാധിക്കും. മറിച്ച്, ഇത് മനുഷ്യന്റെ ഉള്ളിലെ ദോഷപ്രവണമായ ആത്മാവിന്റെ ആവേശം കൊണ്ടോ അല്ലെങ്കിൽ സ്വർക്ഷത്തോടുള്ള അമിതമായ മോഹം കൊണ്ടോ മുസ്‌ലീങ്ങൾക്കിടയിൽ പടർന്നുപിടിച്ച അന്യായമായ പ്രവൃത്തികൾ മാത്രമാണ്.’

ആ മഹാത്മാവ് പറയുന്നു:

‘നോക്കൂ, ഞാൻ ഒരു കൽപ്പനയുമായാണ് നിങ്ങളുടെ അടുക്കൽ വന്നിരിക്കുന്നത്. അതായത് ഇനി മുതൽ വാളുകൊണ്ടുള്ള ജിഹാദ് അവസാനിച്ചിരിക്കുന്നു, എന്നാൽ സ്വന്തം മനസ്സിനെ (നഫ്സിനെ) ശുദ്ധീകരിക്കുന്നതിനുള്ള ജിഹാദ് അവശേഷിക്കുന്നു. ഈ കാര്യം ഞാൻ എന്റെ ഭാഗത്തുനിന്ന് പറയുന്നതല്ല, മറിച്ച് അല്ലാഹുവിന്റെ ഉദ്ദേശ്യം ഇപ്രകാരമാണ്.’ *(ഗവൺമെന്റ് ഇംഗ്ലീഷ് ഓർ ജിഹാദ്)*

തന്റെ ഒരു കവിതയിൽ ആ മഹാത്മാവ് പറയുന്നു:

‘സുഹൃത്തുക്കളേ, ഇനി ജിഹാദിനെക്കുറിച്ചുള്ള ചിന്ത ഉപേക്ഷിക്കുവിൻ;

മതത്തിന് വേണ്ടി യുദ്ധവും കൊലപാതകവും ഇനി നിഷിദ്ധമാണ്.

ഇരുലോക നേതാവായ മുസ്തഫ തിരുനബി(സ) പറയുന്നു:

ഈസാ മസീഹ് യുദ്ധങ്ങൾ മാറ്റിവെക്കുന്നതാണ്.

ഈ കൽപ്പന കേട്ടിട്ടും ആരെങ്കിലും യുദ്ധത്തിന് പോയാൽ

സത്യനിഷേധികളിൽ നിന്ന് അവർ കനത്ത പരാജയം ഏറ്റുവാങ്ങുന്നതാണ്.

*(തുഹ്ഫ ഗോൾഡവിയ്യ, പേജ് 40)*

ഇനി വായനക്കാർ തന്നെ തീരുമാനിക്കട്ടെ, 1900ന് ശേഷം സത്യവാനായ ഇമാം മഹ്ദിയും മസീഹ് മൗഊദുമായ ഹദ്റത്ത് മസീഹ് മൗഊദ്(അ) വാളുകൊണ്ടുള്ള ജിഹാദ് അവസാനിച്ചുവെന്ന ഫത്വ പുറപ്പെടുവിച്ചതിന് ശേഷം, ജിഹാദിന്റെ പേരിൽ നടന്ന ഏതെങ്കിലും ഒരു യുദ്ധത്തിൽ സത്യനിഷേധികൾക്കെതിരെ മുസ്‌ലീങ്ങൾക്ക് വിജയം ലഭിച്ചിട്ടുണ്ടോ? അതോ ജിഹാദിന്റെ പേരിൽ മുസ്‌ലീങ്ങൾ മുസ്‌ലീങ്ങൾക്കെതിരെ തന്നെ പോരാടി പരസ്പരം കഴുത്തറുക്കുകയും ഇസ്‌ലാമിനെ ലോകത്തിന് മുന്നിൽ അപമാനിക്കുകയും മുസ്‌ലീങ്ങളെ ദുർബലപ്പെടുത്തുകയുമാണോ ചെയ്തത്?

അല്ലാഹുവിൽ നിന്നുള്ള ഈ സത്യവാനായ മസീഹ് മൗഊദിന്റെ ഹൃദയസ്പർശിയായ ശബ്ദം മുസ്‌ലീങ്ങൾ കേട്ടിരുന്നെങ്കിൽ എന്ന് ആശിച്ചുപോകുന്നു! എങ്കിൽ ഇന്ന് ലോകത്ത് ഒരു മുസ്‌ലിം മറ്റൊരു മുസ്‌ലിമിന്റെ രക്തം ചിന്തുകയില്ലായിരുന്നു, അവരുടെ കരുത്ത് നന്മയുടെ കാര്യങ്ങൾക്കായി ഉപയോഗിക്കപ്പെടുമായിരുന്നു.

അതുകൊണ്ട് വരൂ, ഹകമും അദ്‌ലുമായ മധ്യസ്ഥന്റെ തീരുമാനങ്ങളിലേക്ക് നമുക്ക് മടങ്ങാം. ഹകമും അദ്‌ലുമായ വാഗ്ദത്ത മസീഹ്(അ)ന്റെ മറ്റ് ചില തീരുമാനങ്ങളെക്കുറിച്ച് അടുത്ത ലക്കത്തിൽ ചർച്ച ചെയ്യുന്നതാണ്.

വബില്ലാഹിത്തൗഫീഖ്.

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin